# വിജയിച്ച കക്ഷി

തയ്യാറാക്കിയത്:
കേരളത്തിലെ ഒരു പറ്റം പണ്ഡിതന്മാർ

പരിശോധന:
സമീർ മുണ്ടേരി

# اعتقاد الفرقة الناجية

الجمع والترتيب:
مجموعة من علماء الهند

المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل
Jubail Dawah & Guidance Center

(ح) المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل, ١٤٣٩ هـ

فهرس مكتبة الملك فهد الوطنية أثناء النشر

مجموعة من علماء الهند بكيرلا

**اعتقاد الفرقة الناجية / مجموعة من علماء الهند بكيرلا**

الجبيل: ١٤٣٩ هـ

ص: سم ١٤/٢١,٥

ردمك ٢-٧٤-٨٠٤٤-٦٠٣-٩٧٨

١ العقيدة الاسلامية العنوان

ديوي ٢٤٠ ١٤٣٩/١٣٠٤

رقم الإيداع: ١٤٣٩/١٣٠٤

ردمك ٢-٧٤-٨٠٤٤-٦٠٣-٩٧٨

# മുഖമൊഴി

الحمد لله والصلاة والسلام على رسول الله ، وعلى آله وصحبه ومن والاه .. أما بعد؛

അവർണനീയ അനുഭവങ്ങളുടെ അനശ്വരഗേഹമായ സ്വർഗമാണ് നമ്മുടെ ജീവിത ലക്ഷ്യം. പ്രവാചക നിയോഗങ്ങളിലൂടെ പഠിപ്പിക്കപ്പെട്ട പ്രസ്തുത ലക്ഷ്യം സാർത്ഥകമാക്കാൻ നാം വിശ്വാസ-അനുഷ്ഠാന-ആചാര രംഗങ്ങളിൽ പ്രമാണങ്ങൾക്കനുസൃതമായ ജീവിതം നയിക്കുന്നവരാകണം.

ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുക വഴി മുസ്‌ലിം സഹോദരങ്ങൾക്കിടയിൽ മതത്തിന്റെ അടിസ്ഥാനങ്ങളെപ്പോലും ബാധിക്കുന്ന വിവിധ വ്യതിയാനങ്ങൾ നുഴഞ്ഞു കയറിയിട്ടുണ്ട്. കാലാകാലങ്ങളായി ചൂടുള്ള ചർച്ചകൾക്ക് വിധേയമായ ഇത്തരം വിഷയങ്ങൾ മാത്രം അപഗ്രഥിക്കാനുള്ള ഒരു തുടർ പഠന സംവിധാനത്തെ കുറിച്ച് നാം ആലോചിക്കുകയും വിസ്ഡം സ്കൂൾ സംവിധാനത്തിന്റെ സിലബസായി അത് നിശ്ചയിക്കയും ചെയ്തു. ഇതിന്റെ ഭാഗമായാണ് ദഅ്‌വ ഗൈഡ് എന്ന ആശയം നാം രൂപപ്പെടുത്തിയിരിക്കുന്നത്.

ദഅവ ഗൈഡ് സീരിയസിലെ ഒന്നാം ഭാഗമാണ് താങ്കളുടെ കൈകളിലെത്തിയിരിക്കുന്നത്. വിജയിച്ച കക്ഷി എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പാണിത്. ആദ്യ പതിപ്പ് 2014ൽ ആണ് പ്രസിദ്ധീകരിച്ചത്. തിരക്കിട്ട് പ്രസിദ്ധീകരിക്കേണ്ടി വന്നതിനാലും വേണ്ടത്ര പരിശോധനകൾ നിർവ്വഹിക്കാൻ സാധിക്കാത്തതിനാലും ആദർശപരവും ഭാഷാപരവുമായ ഒട്ടനവധി തെറ്റുകൾ അതിൽ സംഭവിച്ചു. ദീനീ സ്നേഹികളായ പലരും ഗുണകാംക്ഷാപൂർവ്വം പല തെറ്റുകളും ശ്രദ്ധയിൽ പെടുത്തിയതിന്റെയടിസ്ഥാനത്തിൽ

പുനഃപരിശോധനക്ക് വിധേയമാക്കി. ഗൗരവകരമായ തെറ്റുകൾ അതിൽ കടന്നു കൂടിയിട്ടുണ്ട് എന്ന് ബോധ്യമായ മാത്രയിൽ തന്നെ ആദ്യ പതിപ്പ് പിൻവലിക്കുകയും ആയത് സമൂഹത്തെ അറിയിക്കുകയും ചെയ്തു. കഴിവിന്റെ പരമാവധി പരിശോധന നിർവ്വഹിച്ച് പരിഷ്കരിച്ചരിച്ച പതിപ്പാണ് ഇപ്പോൾ നിങ്ങളുടെ കൈകളിലുള്ളത്. അബദ്ധമുക്തമാണെന്ന് അവകാശപെടുന്നില്ല. എന്നാൽ പരമാവധി സൂക്ഷമതപാലിച്ചിട്ടുണ്ട്. വല്ല സ്ഖലിതങ്ങളും ശ്രദ്ധയിൽ പെടുന്നവർ ഗുണകാംക്ഷാപൂർവ്വം ഉണർത്തണമെന്നറിയിക്കുന്നു. അല്ലഹു സ്വീകരിക്കുമാറാകട്ടെ.

പ്രബോധകർക്കും പ്രബോധിതർക്കും ഉപയോഗിക്കാൻ കഴിയുന്ന ശൈലിയാണ് അവലംബിക്കാൻ ഇതിൽ അവലംബിക്കാൻ ശ്രമിച്ചിട്ടുള്ളത്.

ഈ കൊച്ചു കൃതി കൂട്ടായ ഒരു പരിശ്രമത്തിന്റെ ഭാഗമാണ്. വിവിധ പുസ്തകങ്ങളും രചനകളുമെല്ലാം ഇതിനായി അവലംബിച്ചിട്ടുണ്ട്. ബുഖാരിയിലും മുസ്‌ലിമിലുമില്ലാത്ത ഹദീസുകൾക്ക് ശൈഖ് നാസറുദ്ദീൻ അൽബാനി ﵀ നൽകിയ തഹ്ഖീഖും നൽകിയിട്ടുണ്ട്. എല്ലാവർക്കും ഉപകരിക്കുന്ന സ്വാലിഹായ കർമ്മമായി അല്ലാഹു ഇത് നമ്മിൽ നിന്നും സ്വീകരിക്കുമാറാവട്ടെ -ആമീൻ.

# ഉള്ളടക്കം


1. പ്രമാണങ്ങൾ ..... 12
- ⦿ ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങൾ ഏതെല്ലാമാണ്? ..... 12
- ⦿ പ്രവാചകൻ ﷺ യിലേക്ക് പ്രശ്നങ്ങൾ മടക്കണമെന്ന് പറയുമ്പോൾ ഇന്ന് അത് എങ്ങനെ സാധ്യമാകും? ..... 13
- ⦿ ഇപ്രകാരം പ്രമാണങ്ങൾ സ്വീകരിക്കുന്നതിന്റെ ഗുണമെന്ത്? ..... 13
- ⦿ എന്താണ് പൂർവികരുടെ പാത? ..... 14
- ⦿ ഇപ്രകാരം വ്യതിയാനം സംഭവിച്ചതിന് എന്തെങ്കിലും ഉദാഹരണങ്ങൾ പറയാമോ? ..... 14
- ⦿ 'സലഫി മൻഹജ് എന്നത് ഒരു പുതിയ മദ്ഹബാണോ? ..... 15

2. തൗഹീദ് ..... 16
- ⦿ തൗഹീദിന്റെ വിവക്ഷ എന്താണ്? ..... 16
- ⦿ തൗഹീദ് എന്ന വാക്ക് ഉൾകൊള്ളുന്ന ആശയതലങ്ങൾ വിശദീകരിക്കാമോ? ..... 16
- ⦿ 1) രക്ഷാധികർതൃത്വത്തിൽ അല്ലാഹുവിനെ ഏകനാക്കൽ (توحيد الرّبوبيّة) ..... 17
- ⦿ 2) തൗഹീദുൽ ഉലൂഹിയ്യത്ത് (توحيد الالوهيّة) ..... 17
- ⦿ 3) നാമ-ഗുണ-വിശേഷണങ്ങളിലുള്ള ഏകത്വം. (توحيد الأسماء والصّفات) ..... 18
- ⦿ അല്ലാഹുവിനുള്ള ചില വിശേഷണങ്ങളിൽ വന്ന ചില പദങ്ങൾ അവന്റെ സൃഷ്ടികൾക്കും ഖുർആൻ പ്രയോഗിച്ചിട്ടുണ്ടല്ലോ? ..... 18
- ⦿ യദ്, വജ്ഹ് പോലെയുള്ള അല്ലാഹുവിന്റെ വിശേഷണങ്ങളെ നാം എങ്ങിനെ മനസ്സിലാക്കണം? ..... 19

3. പ്രാർത്ഥന ..... 20
- ⦿ എന്താണ് പ്രാർത്ഥന? ..... 20
- ⦿ പ്രാർത്ഥന റബ്ബിനോട് മാത്രം എന്ന് പറയുന്നതിന്റെ കാരണം എന്താണ്? ..... 20
- ⦿ ഒന്ന്: പ്രവാചകൻമാർ അല്ലാഹുവോട് മാത്രം പ്രാർത്ഥിച്ചു ..... 21
- ⦿ ആദം നബി ﷺ യുടെ പ്രാർത്ഥന: ..... 21
- ⦿ രോഗ ബാധിതനായ അയ്യൂബ് നബി ﷺ യുടെ പ്രാർത്ഥന ..... 21
- ⦿ അപകടത്തിൽ അകപ്പെട്ട യൂനുസ് ﷺ: ..... 22
- ⦿ രണ്ട്: അല്ലാഹു അല്ലാതെ പ്രാർത്ഥിക്കപ്പെടുന്നവർ കേവലം അടിമകൾ മാത്രമാണ്. ..... 23
- ⦿ മൂന്ന്: അല്ലാഹുവിന്ന് പുറമെ പ്രാർത്ഥിക്കപ്പടുന്നവർ അശക്തരാണ്. ..... 23
- ⦿ നാല്: അല്ലാഹുവിന് പുറമെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ ആ പ്രാർത്ഥന കേൾക്കുകയോ ഉത്തരം നൽകുകയോ ഇല്ല ..... 24
- ⦿ അല്ലാഹു അല്ലാത്തവർ പ്രാർത്ഥന കേൾക്കുകയില്ല എന്നു പറയുന്നു. അതിന്റെ വിവക്ഷ വിഗ്രഹങ്ങൾ മാത്രമല്ലേ? ഇതിൽ ഔലിയാക്കളും അമ്പിയാക്കളും ഉൾപ്പെടുകയില്ലല്ലോ? ..... 27
- ⦿ ഇത് പൂർവീകരെ ഉദ്ധരിച്ച് സമർത്ഥിക്കാൻ സാധിക്കുമോ? ..... 27
- ⦿ അഞ്ച്: സൃഷ്ടിക്കാൻ കഴിയാത്തവരും തികച്ചും ദുർബലരുമാണ് മനുഷ്യരുടെ പങ്കുകാർ. ..... 28
- ⦿ ആറ്: അദൃശ്യജ്ഞാനം അല്ലാഹുവിന്റെ പക്കൽ മാത്രമാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ..... 28
- ⦿ പ്രവാചകൻമാർക്കും ഔലിയാക്കൾക്കും ഗൈബ് (അദൃശ്യം) അറിയാൻ കഴിയുമെന്ന വിശ്വാസം ശരിയാണോ? ..... 31

4. ശിർക്ക് ..... 33
- ⦿ എന്താണ് ശിർക്ക്? ..... 33
- ⦿ ശിർക്കിന്റെ പരിണിത ഫലങ്ങൾ എന്തെല്ലാമാണ്? ..... 33
- ⦿ 1. ശിർക്ക് പശ്ചാതാപമില്ലാതെ പൊറുക്കപ്പെടാത്ത തിന്മ. ..... 33
- ⦿ 2. ശിർക്ക് ചെയ്തവന്റെ കർമങ്ങൾ നിഷ്ഫലമാകും. ..... 34
- ⦿ 3. ശിർക്ക് ചെയ്യുന്നവർക്ക് മനഃശാന്തി നഷ്ടപ്പെടും. ..... 34
- ⦿ 4. ശിർക്ക് ചെയ്തവന് സ്വർഗം നിഷിദ്ധമാണ്. ..... 35

⊙ മക്കാ മുശ്രിക്കുകൾ അല്ലാഹുവിനെ അറിഞ്ഞവരായിരുന്നു എന്നതിന് ഇസ്‌ലാമിക പ്രമാണങ്ങളിൽ രേഖയുണ്ടോ? ........ 35
⊙ അല്ലാഹുവിൽ വിശ്വസിച്ച മക്കയിലെ അവിശ്വാസികൾ അവർക്ക് വിശ്വാസമുള്ള റബ്ബിനെ അവഗണിക്കുകയും അവനോട് പ്രാർത്ഥിക്കാതിരിക്കുകയും എന്നാൽ, വിഗ്രഹങ്ങളോട് പ്രാർത്ഥിച്ചതുമല്ലേ അവർക്ക് സംഭവിച്ച അബദ്ധം? ........ 39
⊙ അല്ലാഹുവിനെ അറിഞ്ഞവരായിട്ടും പ്രതിസന്ധിയിൽ അവനോട് പ്രാർത്ഥിച്ചിട്ടും എന്ത് കൊണ്ട് ഖുർആൻ അവരെ വിമർശിച്ചു? ........ 40
⊙ ഇപ്രകാരം അവർ വിശ്വസിച്ചിരുന്നു എന്നത് ഏതെങ്കിലും തഫ്സീറുകൾ കൊണ്ട് സ്ഥാപിക്കാമോ? ........ 41
⊙ മഹാൻമാർക്ക് സ്വയം കഴിവില്ലെന്ന വിശ്വാസത്തിൽ അവരെ വിളിച്ച് തേടിയാൽ ശിർക്കാവില്ലെന്ന് പറയപ്പെടുന്നതിന്റെ യാഥാർത്ഥ്യമെന്ത്? ........ 42

5. മുഅ്ജിസത്തും കറാമത്തും ........ 44
⊙ എന്താണ് മുഅ്ജിസത്ത്? അതിന് പിന്നിലെ യുക്തി എന്ത്? ........ 44
⊙ എന്താണ് കറാമത്ത്? ഒരാൾ എപ്പോഴാണ് വലിയ്യാവുക? ........ 45
⊙ തങ്ങൾക്ക് കറാമത്തുണ്ടെന്ന് പറഞ്ഞ് ചിലർ വലിയ്യുകളായി രംഗ പ്രവേശനം ചെയ്യുന്നു. എന്നാൽ കറാമത്തുള്ളവർ എങ്ങനെ ജീവിക്കണം? ........ 45
⊙ വലിയ്യ് കറാമത്ത് കൊണ്ട് തന്നെ സഹായിക്കും എന്ന വിശ്വാസത്തിൽ സഹായം തേടാമോ? ........ 46

6. തവസ്സുൽ ........ 47
⊙ തവസ്സുൽ അനുവദിക്കപ്പെട്ടതും വിരോധിക്കപ്പെട്ടതുമായ മേഖലകൾ ഏതെല്ലാം? ........ 47
⊙ തവസ്സുൽ എന്നവാക്കിനെ മുഫസ്സിറുകൾ നിർവചിച്ചത് എങ്ങനെയാണ്? ........ 47
⊙ മഹാത്മാക്കൾ നമുക്ക് ശുപാർശകരാകും എന്ന വിശ്വാസത്തോടെ അവരോട് വിളിച്ചു തേടൽ ഒരു ജാഹിലിയ്യാ സമ്പ്രദായമാണ് എന്നത് വഹാബി പ്രസ്ഥാനം പടച്ചുണ്ടാക്കിയ നൂതനവാദമല്ലേ? ........ 49

7. നേർച്ചയും ബലികർമവും ........ 51
⊙ നേർച്ചയുടെ ഇസ്‌ലാമിക മാനം എന്താണ്? ........ 51
⊙ അപ്പോൾ സലഫികൾ എതിർക്കുന്ന നേർച്ച എന്താണ്? ........ 52
⊙ ഈ വാദം പ്രാമാണികമായി തെളിയിക്കാമോ? ........ 52
⊙ ഖബറാളിയുടെ പൊരുത്തം നേടാൻ വേണ്ടി നേർച്ച നേരാമോ? ........ 53
⊙ ബലികർമ്മത്തെക്കുറിച്ച് ഖുർആൻ എന്ത് പറയുന്നു? ........ 54
⊙ അല്ലാഹുവല്ലാത്തവരുടെ പേരിലുള്ള ബലികർമ്മത്തിന്റെ സ്ഥിതിയെന്താണ്? ........ 54
⊙ മുസ്‌ലിംകൾ ബിസ്മി ചൊല്ലിയാണല്ലോ അറുക്കുന്നത്. അപ്പോൾ പ്രസ്തുത ബിസ്മി വഴി അറവ് അല്ലാഹുവിന്റെ പേരിൽ ആയിത്തീരുന്നില്ലേ? ........ 55
⊙ ഇത് കേരളത്തിലെ മുജാഹിദുകൾ ഉണ്ടാക്കിയ നൂതന വാദമല്ലേ? ........ 56

8. മന്ത്രങ്ങളും ഏലസ്സുകളും ........ 57
⊙ മന്ത്രത്തിൽ വിമർശിക്കപ്പെട്ട മേഖലകൾ ഏതെല്ലാം? ........ 57
⊙ ഇതിനുള്ള പ്രമാണമെന്താണ്? ........ 57
⊙ എങ്കിൽ കണി നോക്കലും ലക്ഷണം നോക്കലും ഇതേ ഗണത്തിൽ ഉൾപ്പെടില്ലേ? ........ 58

9. സത്യം ചെയ്യൽ ........ 59
⊙ സത്യം ചെയ്യുന്നതിൽ പിഴവ് വരുന്ന മേഖല എന്താണ്? ........ 59
⊙ അല്ലാഹുവിന്റെ ചിഹ്നങ്ങൾ കൊണ്ടും അവൻ ആദരവ് നൽകിയ മഹാത്മാക്കളെക്കൊണ്ടും സത്യം ചെയ്യുന്നതും മുകളിൽ പറഞ്ഞ തെളിവുകൾ പ്രകാരം തെറ്റാണോ? ........ 59

10. സുന്നത്തും ബിദ്അത്തും ........ 61
⊙ എന്താണ് സുന്നത്ത്? ........ 61
⊙ നബി ﷺ യുടെ അംഗീകാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്താണ്? ........ 61
⊙ നബി ﷺ ചെയ്യാൻ ഉദ്ദേശിച്ച കാര്യവും സുന്നത്തിൽ ഉൾപ്പെടും എന്നത് കൊണ്ട് എന്താണുദ്ദേശിക്കുന്നത്? ........ 62

⊙ എന്താണ് ബിദ്അത്ത്? ..... 62
⊙ ബിദ്അത്തിന്റെ പരിണിത ഫലങ്ങൾ എന്തെല്ലാം? ..... 63
⊙ 1. ബിദ്അത്ത്കാരനിൽ നിന്ന് അത് സ്വീകരിക്കില്ല തള്ളപ്പെടും. ..... 63
⊙ 2. ബിദ്അത്ത് വഴികേടാണ്. ..... 64
⊙ 3. ബിദ്അത്ത് അതിന്റെ വക്താവിനെ നരകത്തിലെത്തിക്കും. ..... 64
⊙ 4. പ്രവാചകൻ ﷺയുടെ കയ്യിൽ നിന്നും വിശ്വാസികൾക്ക് ലഭിക്കുന്ന ഹൗളുൽ കൗസർ നഷ്ടമാകും. ..... 64
⊙ ബിദ്അത്തിന്റെ ഇനങ്ങളിൽ നല്ല ബിദ്അത്ത് എന്ന ഒരു ഇനമുണ്ടോ? ..... 65
⊙ ഉമർ رضي الله عنه ജനങ്ങൾ തറാവീഹ് ജമാഅത്തായി നമസ്കരിക്കുന്നത് കണ്ടപ്പോൾ 'ഇത് എത്ര നല്ല ബിദ്അത്താണ്' എന്ന് പറഞ്ഞിട്ടുണ്ടല്ലോ? അപ്പോൾ ബിദ്അത്തിൽ നല്ലത് എന്ന ഒന്നുണ്ട് എന്നല്ലേ ഇതിന്റെ അർത്ഥം? ..... 66
⊙ എങ്കിൽ ഉമർ رضي الله عنه ഈ പറഞ്ഞതിന്റെ അർത്ഥം എന്താണ്? ..... 66
⊙ ഇത് കേരളത്തിലെ സലഫികളുടെ ദുർവ്യാഖ്യാനമാണ് എന്നതിനെ കുറിച്ച് എങ്ങനെ പ്രതികരിക്കുന്നു? ..... 66
⊙ റസൂൽ ﷺ ഖുർആനിന്റെ ക്രോഡീകരണം നിർവഹിച്ചിട്ടില്ല. ഖുർആൻ ക്രോഡീകരണം നടന്നത് നബി ﷺയുടെ കാലശേഷമാണ്. അപ്പോൾ പ്രവാചകൻ ﷺ മാതൃക കാണിക്കാത്ത പ്രസ്തുത കാര്യം നല്ല ബിദ്അത്ത് എന്ന ഗണത്തിലല്ലേ പരിഗണിക്കപ്പെടുന്നത്? ..... 68
11. നമസ്കാരത്തിൽ കൈകെട്ടൽ ..... 70
⊙ നമസ്കാരത്തിൽ എവിടെ കൈക്കെട്ടണമെന്നാണ് പ്രവാചകൻ ﷺയുടെ ഹദീസിൽ വന്നിട്ടുള്ളത്? ..... 70
⊙ പൊക്കിളിന് താഴെ കൈകെട്ടുന്നവരാണല്ലോ ലോകത്തിലെ പല മുസ്‌ലിംകളും? ..... 70
⊙ ഇത് കൂടുതൽ തെളിവുദ്ധരിച്ച് വ്യക്തമാക്കാമോ? ..... 72
12. നമസ്കാര ശേഷമുള്ള കൂട്ടു പ്രാർത്ഥന ..... 74
⊙ നമസ്കാര ശേഷമുള്ള സമയം പ്രാർത്ഥനകൾ കൂടുതൽ സ്വീകരിക്കപ്പെടുന്ന സന്ദർഭമല്ലേ. എന്നിട്ടും എന്തുകൊണ്ടാണ് നമസ്കാര ശേഷമുള്ളകൂട്ടു പ്രാർത്ഥന വിമർശന വിധേയമാകുന്നത്? ..... 74
⊙ ലക്ഷക്കണക്കിന് ഹദീസ് പഠിച്ച ഇമാം ശാഫി رحمه الله ഈ ഹദീസുകളെല്ലാം ഉണ്ടായിട്ടും കൂട്ടപ്രാർത്ഥന നിർവഹിച്ചത് എന്തുകൊണ്ട്? ..... 75
13. സുബ്ഹി നമസ്കാരത്തിലെ ഖുനൂത്ത് ..... 77
⊙ നമ്മുടെ നാട്ടിൽ സുബ്ഹി നമസ്കാരത്തിൽ മാത്രം നിർവഹിക്കപ്പെടുന്ന ഖുനൂത്തിന്റെ വസ്തുത എന്താണ്? ..... 77
⊙ സുബഹിയിലെ ഖുനൂത്ത് ബിദ്അത്താണെന്ന് പറയാനുള്ള കാരണമെന്ത്? അപ്രകാരം മുൻഗാമികൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ..... 77
⊙ നബി ﷺ സുബ്ഹിയിൽ ഖുനൂത്ത് ഓതിയിരുന്നു എന്ന് ഹദീസിൽ വന്നിട്ടില്ലേ? ..... 78
14. ജുമുഅ ഖുതുബ ..... 80
⊙ ജുമുഅ ഖുതുബയെ കുറിച്ച് ഖുർആനിൽ സൂചനകളുണ്ടോ? ..... 80
⊙ നബി ﷺ ഖുത്തുബ നിർവഹിച്ചത് എങ്ങനെയായിരുന്നു? ..... 81
⊙ ഖുതുബ പഠനാർഹവും ഉദ്ബോധനം ലഭ്യമാകുന്നതും ആയിരിക്കണമെന്ന് ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ മുൻഗാമികൾ പഠിപ്പിച്ചിട്ടുണ്ടോ? ..... 81
⊙ സദസ്സിനെയും സാഹചര്യങ്ങളെയും ശ്രോതാവിനെയും പരിഗണിച്ചാണോ നബി ﷺ ഖുതുബ നിർവഹിച്ചത്? 82
⊙ ഖുതുബ അറബി ഭാഷയിൽ മാത്രമേ നിർവഹിക്കാവൂ എന്നാണോ ശാഫീ മദ്ഹബിന്റെ അഭിപ്രായം? ..... 83
⊙ ഖുതുബ അറബിയിലാവണമെന്ന് ചില ശാഫീ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടല്ലോ? ..... 84
15. മരണാനന്തര ചടങ്ങുകളിലെ അനാചാരങ്ങൾ ..... 86
⊙ ഖുർആൻ ഓതി; മരിച്ചവർക്ക് ഹദ്‌യ ചെയ്യുന്നതിനെ സംബന്ധിച്ച് അഹ്ലുസ്സുന്നയുടെ പണ്ഡിതൻമാർ എന്ത് പറയുന്നു? ..... 86
⊙ മയ്യിത്ത് ചുമന്നുകൊണ്ടുപോകുമ്പോൾ ദിക്റ് ചൊല്ലുന്നത് ഇസ്‌ലാമികമാണോ? ..... 87
⊙ ഖബറുകൾ കെട്ടിപ്പൊക്കുന്നതിന്റെ ഇസ്‌ലാമിക വിധിയെന്ത്? ..... 88

⊙ ഖബറുകൾ കെട്ടിപ്പൊക്കുന്ന വിഷയത്തിൽ സ്വഹാബത്തിന്റെ വീക്ഷണം എന്തായിരുന്നു? ........................ 88
⊙ പ്രവാചകൻ ﷺ യുടെ ഖബർ ഉയർത്തി കെട്ടിയിട്ടുണ്ടല്ലോ? ........................ 90
⊙ പ്രവാചകൻ ﷺ യുടെ പച്ചക്കുബ്ബ ആർക്കും കാണാവുന്ന രൂപത്തിൽ ഇന്നും നിലവിലുണ്ടല്ലോ?................ 90
⊙ 'എന്റെ റൗള സ്വർഗപ്പൂങ്കാവനങ്ങളിൽ ഒന്നാണ്.' എന്ന് പ്രവാചകൻ ﷺ പറഞ്ഞിട്ടില്ലേ?
ഇത് വ്യക്തമാക്കുന്നത് റൗള നേരത്തെ തന്നെ ഉണ്ട് എന്നല്ലേ? ........................ 91
⊙ ഖബറിൻമേൽ എടുപ്പുണ്ടാക്കുന്നതിൽ ശാഫിഈ മദ്ഹബ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? ............... 92
⊙ ഖബർ സിയാറത്ത് സുന്നത്താണോ? അത് കൊണ്ട് ലക്ഷ്യമാക്കുന്നതെന്ത്? ........................ 93
⊙ ഇസ്‌ലാം എതിർക്കുന്നതും വിരോധിക്കുന്നതുമായ ഖബർ സിയാറത്ത് ഏതാണ്? ........................ 93
⊙ മയ്യിത്തിന് തൽഖീൻ ചൊല്ലി കൊടുക്കൽ പ്രമാണത്തിൽ സ്ഥിരപ്പെട്ടതാണോ? ........................ 94
16. സ്ത്രീകളുടെ ജമാഅത്ത് -ജുമുഅ ........................ 96
⊙ സ്ത്രീകൾക്ക് ജമാഅത്ത്- ജുമുഅകൾക്ക് പങ്കെടുക്കാൻ അനുവാദമുണ്ടോ? ........................ 96
⊙ ഇതെല്ലാം ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിന്റെ മുമ്പല്ലേ? ........................ 97
⊙ ഹിജാബിന്റെ ആയത്തിന് ശേഷം സ്വഹാബീ വനിതകൾ പള്ളിയിൽ പോയതിന് തെളിവുണ്ടോ? ................... 97
17. മാല-മൗലീദുകൾ ........................ 99
⊙ മാല-മൗലീദുകൾ പ്രവാചക ചര്യയിൽ പെട്ടതല്ലെന്നും അതിൽ വിശ്വാസ വ്യതിയാനങ്ങൾ
വരെ കടന്ന് കൂടിയിട്ടുണ്ട് എന്നും പറയുന്നതിന്റെ നിജസ്ഥിതി എന്ത്? ........................ 99
⊙ ഒന്ന്: മൂഹ്‌യിദ്ദീൻ മാലയിൽ പറയുന്നു. ........................ 99
⊙ രണ്ട്) ഖുതുബിയ്യത്തിൽ പറയുന്നത് കാണുക: ........................ 100
⊙ മൂന്ന്) മങ്കൂസ് മൗലീദിലെ ഒരു വരി നോക്കൂ: ........................ 100
⊙ നാല്) ശർറഫൽ അനാം മൗലിദിൽ പറയുന്നത് കാണുക: ........................ 100
⊙ റജബ് മാസത്തിലെ ആദ്യ വെള്ളിയാഴ്ച്ച രാവിന് പ്രത്യേകമായി വല്ല പ്രാധാന്യവും ഹദീസുകളിൽ
സ്ഥിരപ്പെട്ടിട്ടുണ്ടോ? ........................ 102
⊙ റഗാഇബ് നമസ്കാരത്തിന് പ്രമാണികമായി വല്ല പിൻബലവുമുണ്ടോ? ഇമാമുകളുടെ അഭിപ്രായമെന്ത്? .... 103
⊙ മിഅ്റാജ് ആഘോഷം പ്രവാചക ചര്യയിൽ സ്ഥിരപ്പെട്ടിട്ടുണ്ടോ? ........................ 103
⊙ ശഅ്ബാൻ 15ാം രാവിന് പ്രത്യേകത കൽപിച്ച് കർമങ്ങൾ നിർവഹിക്കുന്നത് പ്രവാചക
ചര്യയിൽ സ്ഥിരപ്പെട്ടതാണോ? ........................ 104
⊙ പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലൽ സുന്നത്തല്ലേ? ........................ 106
⊙ പിന്നെ എന്ത് കൊണ്ടാണ് സ്വലാത്ത് മജ്‌ലിസും വാർഷികവും വിമർശിക്കപ്പെടുന്നത്? ........................ 106
⊙ ഇസ്‌ലാം ദിക്റിന് പ്രാധാന്യം കൽപിക്കുന്നില്ലേ? ........................ 109
⊙ ദിക്റു ഹൽഖകൾ എതിർക്കപ്പെടാനുള്ള കാരണമെന്ത്? ........................ 109
⊙ വുദ്വൂഇൽ നബി ﷺ തലയും ചെവിയും തടവിയതിന്റെ രൂപം എപ്രകാരമാണ് ഹദീസിൽ വന്നിട്ടുള്ളത്? ..... 109
⊙ നിയ്യത്ത് ചൊല്ലിപ്പറയൽ സുന്നത്താണോ? ........................ 111
⊙ നമസ്കാരത്തിൽ ബിസ്മി ചൊല്ലുന്നതിന്റെ രൂപം ഹദീസിൽ വന്നത് എപ്രകാരമാണ്? ........................ 111
⊙ അൽഫാത്തിഹ വിളിക്കുന്നതിന്റെ വിധിയെന്ത്? ........................ 112
⊙ മൂന്ന് ത്വലാഖ് ഒന്നിച്ച് ചൊല്ലിയാൽ ത്വലാഖ് സംഭവിക്കുമോ? ........................ 113
18. മദ്ഹബ്, തഖ്‌ലീദ് ........................ 116
⊙ മദ്ഹബീ പക്ഷപാതിത്തം കടന്ന് വന്നത് എങ്ങിനെ? ........................ 116
⊙ മദ്ഹബിന്റെ ഇമാമുകൾ തങ്ങളെ തഖ്‌ലീദ് ചെയ്യണമെന്ന പറഞ്ഞിട്ടുണ്ടോ? ........................ 117

# വിജയിച്ച കക്ഷി

"ജൂതൻമാർ എഴുപത്തിയൊന്നും ക്രൈസ്തവർ എഴുപത്തിരണ്ടും കക്ഷികളായി പിളർന്നു. എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയും.' നബിﷺയുടെ പ്രവചനമാണിത്. എഴുപത്തി മൂന്ന് കക്ഷികളിൽ വിജയിക്കുന്ന കക്ഷി ഒന്ന് മാത്രമാണ്. അവരുടെ സ്വഭാവ ഗുണങ്ങളും പ്രത്യേകതകളും പ്രവാചകൻﷺ പഠിപ്പിച്ചു. 'ഞാനും എന്റെ അനുചരൻമാരും സഞ്ചരിക്കുന്ന പാതയിലൂടെയാണ് അവരും സഞ്ചരിക്കുക.' വിശ്വാസിക്ക് സത്യപാതയിൽ നിലനിൽക്കുവാൻ തിരുനബിﷺ കാണിച്ച വഴിയടയാളമാണ് ഈ വരികൾ.

ഈ കക്ഷിയെ സംബന്ധിച്ച് ഇസ്‌ലാമിലെ സാങ്കേതിക നാമമായി ഉപയോഗിക്കപ്പെടുന്ന പദ പ്രയോഗങ്ങൾ അഹ്‌ലു സ്സുന്ന വൽ ജമാഅഃ, അത്ത്വാഇഫത്തുൽ മൻസൂറഃ, അൽ ഫിർഖത്തുന്നാജിയഃ, അൽഗുറബാഅ് തുടങ്ങിയവയാണ്. ഈ കക്ഷിയുടെ വഴിയിൽ അണി ചേരുന്നവർ അടിസ്ഥാന പ്രമാണങ്ങളെ പിൻപറ്റുന്നവരും വിശ്വാസ-കർമ്മ രംഗങ്ങളിൽ വിമലീകരണം സിദ്ധിച്ചവരുമായിരിക്കും.

# പ്രമാണങ്ങൾ

## ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങൾ ഏതെല്ലാമാണ്?

വിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണ് വിശ്വാസിയുടെ അടിസ്ഥാന പ്രമാണങ്ങൾ. കൂടാതെ അവ രണ്ടും അടിസ്ഥാനപ്പെടുത്തി രൂപീകരിക്കപ്പെടുന്ന ഇജ്മാഉം ഖിയാസും വിശ്വാസികൾക്ക് പ്രമാണമാണ്. വിശ്വാസിയുടെ പ്രവർത്തനവും വിശ്വാസവും ചിന്തയുമെല്ലാം ക്രമീകരിക്കേണ്ടത് പ്രസ്തുത പ്രമാണങ്ങളുടെ വെളിച്ചത്തിലാണ്. മതരംഗത്തെ തർക്കങ്ങൾക്ക് പരിഹാരം കാണേണ്ടത് സ്വന്തം നിലപാടുകളെ മൂലപ്രമാണങ്ങളുമായി മാറ്റുരച്ചു കൊണ്ടാണ്. ഖുർആൻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّـهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ ۖ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّـهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّـهِ وَالْيَوْمِ الْآخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾ ﴿النساء: ٥٩﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും." (4:59)

ഇവിടെ അല്ലാഹുവിലേക്കു മടക്കുക എന്നതിന്റെ ഉദ്ദേശം ഖുർആനിലേക്ക് മടക്കുക എന്നതാണ്. പ്രവാചകനിലേക്ക്

മടക്കുക എന്നതിന്റെ ലക്ഷ്യം നബിﷺയുടെ ചര്യ(സുന്നത്തു) യുമാണ്.

## പ്രവാചകൻﷺയിലേക്ക് പ്രശ്നങ്ങൾ മടക്കണമെന്ന് പറയുമ്പോൾ ഇന്ന് അത് എങ്ങനെ സാധ്യമാകും?

പ്രവാചകൻﷺ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സദസ്സിൽ പോയി സംശയങ്ങൾ ദൂരീകരിക്കാൻ സ്വഹാബികൾക്ക് കഴിയുമായിരുന്നു. എന്നാൽ പ്രവാചകൻﷺ ഈ ലോകത്തോട് യാത്ര പറഞ്ഞു. നബിﷺക്കു ശേഷം വിശ്വാസികളുടെ മതപരമായ പ്രശ്നങ്ങളിൽ ആര് വിധി പറയും? തന്റെ അന്തിമ പ്രസംഗത്തിൽ തിരുദൂതർ അതിനുത്തരം പറഞ്ഞു:

تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا كِتَابَ اللهِ وَسُنَّةَ نَبِيِّهِ (الموطأ)

"ഞാൻ നിങ്ങൾക്ക് രണ്ട് കാര്യങ്ങളെ വിട്ടേച്ചു പോകുന്നു. അത് നിങ്ങൾ മുറുകെപ്പിടിക്കുന്നിടത്തോളം കാലം നിങ്ങളാരും വഴി തെറ്റുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ പ്രവാചകന്റെ ചര്യയുമാണവ" (മുവത്വഅ്-ഹസൻ)

## ഇപ്രകാരം പ്രമാണങ്ങൾ സ്വീകരിക്കുന്നതിന്റെ ഗുണമെന്ത്?

ഇങ്ങനെ പ്രമാണങ്ങളെ ജീവിത മാർഗ്ഗ രേഖയാക്കുന്ന വിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്യുന്നത് ഉന്നതമായ സ്വർഗ്ഗീയ സുഖങ്ങളാണ്.

وَمَن يُطِعِ اللَّـهَ وَالرَّسُولَ فَأُولَـٰئِكَ مَعَ الَّذِينَ أَنْعَمَ اللَّـهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ أُولَـٰئِكَ رَفِيقًا ﴿النساء: ٦٩﴾

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നി

വരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാരാണ്" (4:69)

അപ്പോൾ പ്രമാണങ്ങൾക്കനുസൃതമായി ജീവിതം ക്രമീകരിക്കുന്നവർക്ക് ലഭിക്കുന്ന സമ്മാനം അല്ലാഹുവിന്റെ ഇഷ്ടദാസന്മാരോടൊപ്പമുള്ള സ്വർഗീയ വാസമാണ്. അതിനാൽ പ്രമാണങ്ങളെ ജീവിത ചര്യയാക്കുന്ന മുൻഗാമികളുടെ പാത അവലംബിച്ച് നാം മുന്നേറുക.

## എന്താണ് പൂർവികരുടെ പാത?

പൂർവികരുടെ പാത എന്നതിന് അറബിയിൽ പറയുക മൻഹജുസ്സലഫ് എന്നാണ്. മൻഹജ് എന്നാൽ മാർഗ്ഗം, പാത എന്നും സലഫ് എന്നാൽ മുൻഗാമികൾ എന്നുമാണ്. സ്വഹാബികളും താബിഉകളും അടങ്ങുന്ന ഉത്തമ തലമുറകളാണ് നമ്മുടെ സലഫ്. അല്ലാഹുവിന്റെ കൽപനകളെ സ്വന്തം വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹിക സാഹചര്യങ്ങളിലും ജീവിതത്തിന്റെ സകലമാന മേഖലകളിലും നടപ്പിൽ വരുത്തിയവരാണ് നമ്മുടെ മുൻഗാമികൾ.

വിശുദ്ധ ഖുർആനും നബി ചര്യയും ഏറ്റവും ആദ്യം ഗ്രഹിക്കുകയും പഠിക്കുകയും ചെയ്തത് അവരായിരുന്നു. അതുകൊണ്ട് തന്നെ ഖുർആനിനെ സംബന്ധിച്ചും നബിചര്യയെക്കുറിച്ചും അവയുടെ യഥാർത്ഥ വിശദാംശങ്ങളെ സംബന്ധിച്ചും ഏറ്റവും നന്നായി അറിയുന്നവർ അവരാണ്. അതുകൊണ്ട് ഖുർആനും നബിചര്യയും വ്യാഖ്യാനിക്കുമ്പോൾ അവരുടെ സമീപനങ്ങൾ ശ്രദ്ധിക്കുകയും അവർ മനസ്സിലാക്കിയതു പോലെ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും വേണം. ഇല്ലെങ്കിൽ വലിയ വ്യതിയാനത്തിലായിരിക്കും നാം എത്തിപ്പെടുക.

## ഇപ്രകാരം വ്യതിയാനം സംഭവിച്ചതിന് എന്തെങ്കിലും ഉദാഹരണങ്ങൾ പറയാമോ?

നിരവധി ഉദാഹരണങ്ങൾ പറയാൻ സാധിക്കും. സ്വഹാബത്തിന്റെ കാലഘട്ടത്തിൽ തന്നെ ഇപ്രകാരം സംഭവിച്ചിട്ടുണ്ട്. രണ്ടാം ഖലീഫ ഉമർ ﵁ യുടെ കാലത്ത് ചില വ്യക്തികൾ

മദ്യപിച്ചു. ഇസ്്ലാമിക നിയമപ്രകാരം അവരെ ശിക്ഷക്ക് വിധേയമാക്കാൻ നിർദ്ദേശിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: 'ഞങ്ങൾ ഒരു ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്.' പ്രസ്തുത വചനം ഏതാണ് എന്ന് ചോദിക്കപ്പെട്ടപ്പോൾ "നിങ്ങൾ വിരമിക്കുന്നില്ലേ." എന്ന ചോദ്യത്തോടെ അവസാനിക്കുന്ന മദ്യ നിരോധനത്തിന്റെ അന്തിമ വചനമാണ് അവർ ഉദ്ധരിച്ചത്. ഇവരുടെ ദുർവ്യാഖ്യാനം ഇപ്രകാരമായിരുന്നു: 'നിങ്ങൾ വിരമിക്കുന്നില്ലേ എന്ന് അല്ലാഹു ചോദിച്ചതിൽ നിന്ന് മദ്യപാനം അവസാനിപ്പിക്കുന്നവർക്ക് അവസാനിപ്പിക്കാനും തുടരുന്നവർക്ക് തുടരാനും അനുവാദമുണ്ട്.' ഈ ദുർവ്യാഖ്യാനം കേട്ട ഉമർ ﷺ പ്രസ്തുത വാദത്തിൽ നിന്നും അവർ പിന്മാറുന്നില്ലെങ്കിൽ അവരുടെ ശിരസ്സ് വെട്ടാനും, പിന്മാറുകയാണെങ്കിൽ മദ്യപാനത്തിനുള്ള ഇസ്്ലാമിക ശിക്ഷാ നിയമം നടപ്പിലാക്കാനും നിർദ്ദേശിച്ചു. ഇവിടെ ഒരു ഖുർആനിക വചനം സ്വബുദ്ധിയനുസരിച്ച് വ്യാഖ്യാനിച്ചപ്പോഴാണ് ഈ അബദ്ധം അവർക്ക് സംഭവിച്ചത്. ഇതുപോലെ അലി ﷺ വിനെയും മുആവിയ്യ ﷺ വിനെയും കാഫിറാക്കിയവരും ഉസ്മാൻ ﷺ വിനെ വധിച്ചവരും ഓതിയത് ഖുർആനായിരുന്നു. പക്ഷെ, അവർ അടിസ്ഥാനമാക്കിയത് അവരുടെ സ്വബുദ്ധിയെ ആയിരുന്നു എന്നു മാത്രം.

## 'സലഫി മൻഹജ് എന്നത് ഒരു പുതിയ മദ്ഹബാണോ?

ഒരിക്കലുമല്ല, മൻഹജുസ്സലഫ് ഒരു പ്രമാണമാണെന്നോ അതൊരു മദ്ഹബാണെന്നോ ആർക്കും വാദമില്ല. മറിച്ച് പ്രമാണങ്ങളെ നോക്കിക്കാണാനുള്ള രീതി ശാസ്ത്രമാണത്. വ്യതിയാനങ്ങളിൽ അകപ്പെടാതിരിക്കാനുള്ള സുരക്ഷിത കവചമാണത്. പൂർവീകരുടെ പാത അഥവാ അവരുടെ രീതി ശാസ്ത്രം അവലംബിക്കാത്തതാണ് മുസ്്ലിംകൾക്കിടയിലെ തർക്ക വിതർക്കങ്ങൾ അവസാനിക്കാത്തതിന്റെ യഥാർത്ഥ കാരണം.

# തൗഹീദ്

## തൗഹീദിന്റെ വിവക്ഷ എന്താണ്?

- يُوَحِّـدُ ,وَحَّـدَ എന്നതിന്റെ ക്രിയാധാതുവാണ് (مَصْدَر) توحيد . ഏകനാക്കൽ എന്നാണ് ഈ വാക്കിന്റെ ഭാഷാർത്ഥം.

  നമ്മെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ ഏകനായ അല്ലാഹു മാത്രമാണ്. അവനെ മാത്രമെ നാം ആരാധിക്കാൻ പാടുള്ളൂ. അവന് ഉന്നതമായ നിരവധി നാമ-ഗുണ-വിശേഷണങ്ങളുണ്ട്. അവയെ അർഹിക്കുന്ന വിധത്തിൽ നാം മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുക. അങ്ങനെ ഇക്കാര്യങ്ങളിലെല്ലാം അല്ലാഹു ഏകനാണ് എന്ന് വിശ്വസിക്കലാണ് ഇസ്‌ലാമിലെ തൗഹീദുകൊണ്ടുള്ള വിവക്ഷ. ഈ വിധം വിശ്വസിക്കുകയും അതനുസരിച്ച് ആരാധനകൾ അവനു മാത്രം അർപ്പിക്കുകയും ചെയ്യൽ ഓരോ മനുഷ്യരുടെയും നിർബന്ധ ബാധ്യതയാണ്.

  സൃഷ്ടികളിൽ ഒരാളെയും അല്ലാഹുവിൽ പങ്കു ചേർക്കാൻ പാടില്ല. ഇക്കാര്യത്തിൽ വല്ല വീഴ്ചയും വന്നാൽ അത് നമ്മുടെ വിശ്വാസത്തെയും അതുവഴി പരലോകത്തെയും ഗൗരവമായി ബാധിക്കുന്നതാണ്.

## തൗഹീദ് എന്ന വാക്ക് ഉൾകൊള്ളുന്ന ആശയതലങ്ങൾ വിശദീകരിക്കാമോ?

- തൗഹീദ് അഥവാ അല്ലാഹുവിനെ ഏകനാക്കൽ പ്രധാനമായും മൂന്ന് രൂപത്തിൽ പണ്ഡിതന്മാർ വിഭജിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

**1) രക്ഷാധികർത്തൃത്വത്തിൽ അല്ലാഹുവിനെ ഏകനാക്കൽ** (توحيد الرّبوبيّة)

സൃഷ്ടിക്കുകയും ആധിപത്യം വഹിക്കുകയും നിയന്ത്രിക്കുകയും ഉപജീവനം നൽകുകയുമെല്ലാം ചെയ്യുന്നത് അല്ലാഹുവാണ്. അതിൽ അവന് യാതൊരു പങ്കുകാരുമില്ല. അഥവാ സൃഷ്ടികളിൽ ആർക്കും അതിന് കഴിവില്ല എന്ന് ദൃഢമായി വിശ്വസിക്കലാണ് തൗഹീദിന്റെ ഈ ഭാഗം. ഇക്കാര്യം മനുഷ്യസമൂഹത്തിലെ ഒരു ന്യൂനാൽ ന്യൂനപക്ഷമൊഴികെ എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. മക്കാമുശ്‌രിക്കുകൾ പോലും ഇതംഗീകരിച്ചിരുന്നു (ഉദാ:സൂറഃ യൂനസ്: 31, സൂറഃ അൽഅൻകബൂത്ത്:61 കാണുക)

അതുകൊണ്ട് നമ്മെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അല്ലാഹുവിനോട് മാത്രമേ നാം പ്രാർത്ഥിക്കാനും മറ്റു ആരാധനകൾ നിർവ്വഹിക്കാനും പാടുള്ളൂ. അതാണ് അവനോട് നാം കാണിക്കുന്ന നന്ദി. മറിച്ചാണെങ്കിൽ ഏറ്റവും വലിയ നന്ദികേടും. അല്ലാഹു തന്നെ പറയുന്നു:

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾ الَّذِي جَعَلَ لَكُمُ الْأَرْضَ فِرَاشًا وَالسَّمَاءَ بِنَاءً وَأَنزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ ﴿٢٢﴾ ﴿سورة البقرة﴾

ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്. (2:21,22)

**2) തൗഹീദുൽ ഉലൂഹിയ്യത്ത്** (توحيد الألوهيّة)

തൗഹീദിന്റെ രണ്ടാം ഇനമാണിത്. സൃഷ്ടികൾ ചെയ്യുന്ന

മുഴുവൻ ആരാധനകൾക്കും അർഹൻ അല്ലാഹു മാത്രമാണ്. അതിൽ മറ്റാർക്കും യാതൊരു പങ്കുമില്ല. لَا إِلَٰهَ إِلَّا الله എന്ന സാക്ഷ്യ വചനത്തിന്റെ ചുരുക്കവും ഇതു തന്നെ.

ഈ വിഷയത്തിലാണ് മനുഷ്യർ ഏറ്റവും കൂടുതൽ വ്യതിചലിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ വിശ്വാസം ഊട്ടിയുറപ്പിക്കാനാണ് ഖുർആൻ ഏറ്റവും കൂടുതൽ ശ്രമിച്ചിട്ടുള്ളതും. ഈ ലോകത്തേക്ക് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകൻമാരുടെയും പ്രബോധന ദൗത്യത്തിന്റെ കാതലും ഇതുതന്നെയായിരുന്നു.

**3) നാമ-ഗുണ-വിശേഷണങ്ങളിലുള്ള ഏകത്വം.** (توحيد الأسماء والصّفات)

ഇത് തൗഹീദിന്റെ മൂന്നാമത്തെ ഭാഗമാണ്. അല്ലാഹുവിന് പരിശുദ്ധമായ കുറെ നാമങ്ങളും അതുല്യമായ കുറെ ഗുണവിശേഷണങ്ങളുമുണ്ട്. അതെല്ലാം അല്ലാഹുവിന് മാത്രമുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ നാമങ്ങളും ഗുണങ്ങളും അവനിൽ മാത്രം പരിമിതപ്പെടുത്തി വിശ്വസിക്കലും സൃഷ്ടികൾക്ക് അവ ആരോപിക്കാതിരിക്കലുമാണ് ഈ വിഷയത്തിലുള്ള ശരിയായ നിലപാട്.

## അല്ലാഹുവിനുള്ള ചില വിശേഷണങ്ങളിൽ വന്ന ചില പദങ്ങൾ അവന്റെ സൃഷ്ടികൾക്കും ഖുർആൻ പ്രയോഗിച്ചിട്ടുണ്ടല്ലോ?

പ്രത്യക്ഷത്തിൽ നമുക്ക് അങ്ങനെ തോന്നാം. എന്നാൽ അത്തരം സ്വിഫത്തുകളുടെ പദങ്ങൾ വല്ലതും സൃഷ്ടികളെ കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഭാഷാപരമാണെന്നും പരിധികൾക്ക് വിധേയമാണെന്നും നാം മനസ്സിലാക്കണം. ഖുർആനിൽ നബിﷺയെ കുറിച്ച് റഹീം എന്ന് പറഞ്ഞത് ഇതിനുദാഹരണമാണ്. കാരണം, ഖുർആൻ പറയുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ ﴿١١﴾ ﴿سورة الشورى﴾

“അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.” (അശ്ശൂറ:11)

وَلَمْ يَكُن لَّهُ كُفُوًا أَحَدٌ ﴿٤﴾ ﴿سورة الإخلاص﴾

"അവന്ന് തുല്യനായി ആരും ഇല്ലതാനും" (ഇഖ്ലാസ്:4)

## യദ്, വജ്ഹ് പോലെയുള്ള അല്ലാഹുവിന്റെ വിശേഷണങ്ങളെ നാം എങ്ങിനെ മനസ്സിലാക്കണം?

അല്ലാഹുവിന്റെ ഏതു നാമമാണെങ്കിലും (اسم) ഗുണമാണെങ്കിലും (صفة) അവ വിശ്വസിക്കുന്ന രംഗത്ത് അഹ്ലുസ്സുന്നഃ വ്യക്തമായ നിലപാട് പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്നുള്ളതായി ഖുർആനും സുന്നത്തും പഠിപ്പിച്ച വിശേഷണങ്ങൾ, നാമങ്ങൾ അല്ലാഹുവും റസൂലും എപ്രകാരമാണ് പറഞ്ഞതെങ്കിൽ അതുപോലെ തന്നെ, അവന്റെ മഹത്വത്തിന് യോജിക്കും വിധമുള്ള അവന്റെ ഗുണങ്ങളാണെന്ന് വിശ്വസിക്കണം. അവ നിഷേധിക്കാനോ, വ്യാഖ്യാനിക്കാനോ, വ്യത്യാസപ്പെടുത്താനോ, സൃഷ്ടികളോട് താരതമ്യം ചെയ്യാനോ, രൂപം പറയാനോ പാടില്ല. അങ്ങനെ ചെയ്യൽ ഗുരുതരമായ വിശ്വാസ വ്യതിയാനങ്ങളിലേക്ക് നമ്മെ നയിക്കുമെന്ന് പൂർവസൂരികൾ പഠിപ്പിച്ചു. മഹാനായ ഇമാം മാലിക്ﷺയുടെ ഈ വിഷയത്തിലുള്ള പ്രസിദ്ധമായ ഒരു പ്രസ്താവന ഇവിടെ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. അതിപ്രകാരമാണ്

الِاسْتِوَاءُ مَعْلُومٌ وَالْكَيْفُ مَجْهُولٌ وَالْإِيمَانُ بِهِ وَاجِبٌ وَالسُّؤَالُ عَنْهُ بِدْعَةٌ

"അല്ലാഹു അർശിൽ ഉപവിഷ്ടനാണെന്നത് അറിയപ്പെട്ട കാര്യമാണ്, അത് ഏങ്ങിനെയാണ് എന്ന കാര്യം അറിയപ്പെടാത്തതുമാണ്. എന്നാൽ അത് വിശ്വസിക്കൽ നിർബന്ധമാണ് അത് എങ്ങനെയെന്ന ചോദ്യം ബിദ്അത്തുമാണ്." (ഇമാം ദഹബിയുടെ മുഗ്തസറുൽ ഉലുവ്)

# പ്രാർത്ഥന

## എന്താണ് പ്രാർത്ഥന?

അഭൗതിക മാർഗത്തിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്ക തീതമായി ഒരു ഗുണ ലബ്ധിയോ, ദുരിത മോചനമോ നേടാനുള്ള അർത്ഥനയാണ് പ്രാർത്ഥന.

തിരുദൂതർ ﷺ പറയുന്നു:

عن النُّعْمَانِ بْنِ بَشِيرٍ قَالَ : سَمِعْتُ- صَلَّى اللهُ عَلَيْهِ وَسَلَّمَ - يَقُولُ : الدُّعَاءُ هُوَ الْعِبَادَةُ ثُمَّ قَرَأَ وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ- (ترمذى)

നുഅ്മാനുബ്നു ബശീർ رضي الله عنه ഉദ്ധരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ അരുളി: നിശ്ചയം പ്രാർത്ഥന അതുതന്നെയാണ് ആരാധന. ശേഷം നബി ﷺ ഓതി നിങ്ങളുടെ നാഥൻ അരുളിയരിക്കുന്നു: "എന്നോട് നിങ്ങൾ പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. നിശ്ചയം, എനിക്ക് ഇബാദത്തെടുക്കുവാൻ അഹങ്കരിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാണ്." (തിർമുദി, ഇബ്നുമാജ, അഹ്മദ്-സ്വഹീഹ്)

## പ്രാർത്ഥന റബ്ബിനോട് മാത്രം എന്ന് പറയുന്നതിന്റെ കാരണം എന്താണ്?

മനുഷ്യ സൃഷ്ടിപ്പിന്റെ ഏറ്റവും പരമപ്രധാനമായ ലക്ഷ്യം തന്നെ മനുഷ്യൻ തന്റെ സ്രഷ്ടാവിനെ മാത്രം ആരാധിക്കലാണ്. അതിനാൽ എന്തു കൊണ്ട് അവനോടു മാത്രം പ്രാർത്ഥിക്കണം, സഹായ തേട്ടം നടത്തണം എന്ന് ലക്ഷ്യ സഹിതം ഖുർആനും

പ്രവാചക ചര്യയും വ്യക്തമാക്കുന്നു.

**ഒന്ന്: പ്രവാചകൻമാർ അല്ലാഹുവോട് മാത്രം പ്രാർത്ഥിച്ചു**

പ്രവാചകന്മാരാണ് മാനവതയുടെ മാർഗദർശികൾ. അവർ ജീവിതത്തിന്റെ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും സന്തോഷ സന്ദർഭങ്ങളിലും സഹായം തേടിയതും, പ്രാർത്ഥിച്ചതും റബ്ബിനോട് മാത്രമാണ്.

**ആദം നബി ﷺ യുടെ പ്രാർത്ഥന:**

قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ﴿٢٣﴾ ﴿سورة الأعراف﴾

"അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും." (വി. ഖു. 7:23)

**രോഗ ബാധിതനായ അയ്യൂബ് നബി ﷺ യുടെ പ്രാർത്ഥന**

وَأَيُّوبَ إِذْ نَادَىٰ رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَأَنتَ أَرْحَمُ الرَّاحِمِينَ ﴿٨٣﴾ فَاسْتَجَبْنَا لَهُ فَكَشَفْنَا مَا بِهِ مِن ضُرٍّ ۖ وَآتَيْنَاهُ أَهْلَهُ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَابِدِينَ ﴿٨٤﴾ ﴿سورة الأنبياء﴾

"അയ്യൂബിനെയും (ഓർക്കുക) തന്റെ രക്ഷിതാവിനെ വിളിച്ചു കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആരാധനാ നിരതരായിട്ടുള്ളവർക്ക്

ഒരു സ്മരണയുമാണത്." (വി.ഖു. 21:83,84)

**അപകടത്തിൽ അകപ്പെട്ട യൂനുസ്ﷺ:**

وَذَا النُّونِ إِذ ذَّهَبَ مُغَاضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِي الظُّلُمَاتِ
أَن لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ ﴿٨٧﴾ فَاسْتَجَبْنَا
لَهُ وَنَجَّيْنَاهُ مِنَ الْغَمِّ ۚ وَكَذَٰلِكَ نُنجِي الْمُؤْمِنِينَ ﴿٨٨﴾ ﴿سورة الأنبياء﴾

"ദുന്നൂനിനെയും (ഓർക്കുക) അദ്ദേഹം കുപിതനായി പോയ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു: നീയല്ലാതെ വേറെ ആരാധ്യനില്ല. നീയെത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽപ്പെട്ടവനാകുന്നു." (വി.ഖു.21:87,88)

ഇങ്ങനെ ഖുർആൻ പരാമർശിച്ച ഓരോ പ്രവാചകന്മാരുടെയും ചരിത്ര പരിശോധനയിൽ അവരുടെയെല്ലാം പ്രാർത്ഥനകൾ റബ്ബിലേക്ക് മാത്രമായിരുന്നു എന്ന് വ്യക്തമാകുന്നു. ഒരു ഘട്ടത്തിലും നിരാശ അവരെ ബാധിച്ചതേയില്ല. ഇതിന്റെ വ്യക്തമായ ഉദാഹരണമാണ് ഇബ്രാഹീംﷺ. വാർദ്ധക്യത്തിൽ എത്തിച്ചേർന്നിട്ടും, തന്റെ ഭാര്യയുടെ ഗർഭാശയം ഒരു കുഞ്ഞിനു ജന്മം നൽകാൻ പര്യാപ്തമല്ല എന്നറിഞ്ഞിട്ടും അദ്ദേഹം പ്രതീക്ഷാപൂർവം പ്രാർത്ഥനാ നിരതനായി. "റബ്ബേ, എനിക്ക് സദ്‌വൃത്തരായ (സന്താനങ്ങളെ) തരണേ." (37:100)

അപ്പോൾ വിശ്വാസികൾ ഈ പ്രവാചകന്മാരുടെ മാർഗമാണ് പിൻപറ്റേണ്ടത്. കാരണം അല്ലാഹു പറയുന്നു:

أُولَٰئِكَ الَّذِينَ هَدَى اللَّهُ ۖ فَبِهُدَاهُمُ اقْتَدِهْ ۗ قُل لَّا أَسْأَلُكُمْ عَلَيْهِ
أَجْرًا ۖ إِنْ هُوَ إِلَّا ذِكْرَىٰ لِلْعَالَمِينَ ﴿٩٠﴾ ﴿سورة الأنعام﴾

അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിൻതുടർന്നു കൊള്ളുക. (നബിയെ) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോടാവശ്യപ്പെടുന്നില്ല. ഇത് ലോകർക്കുവേണ്ടി

യുള്ള ഒരു ഉത്ബോധനമല്ലാതെ മറ്റൊന്നുമല്ല. (6:90)

**രണ്ട്: അല്ലാഹു അല്ലാതെ പ്രാർത്ഥിക്കപ്പെടുന്നവർ കേവലം അടിമകൾ മാത്രമാണ്.**

റബ്ബിനോട് മാത്രം പ്രാർത്ഥിക്കാൻ ഖുർആൻ നിർദ്ദേശിക്കുന്നതിന്റെ മറ്റൊരു ന്യായമാണിത്.

അല്ലാഹു പറയുന്നു:

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّـهِ عِبَادٌ أَمْثَالُكُمْ ۖ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ ﴿١٩٤﴾ ﴿سورة الأعراف﴾

"തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെ പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു പ്രാർത്ഥിക്കൂ. അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ. നിങ്ങൾ സത്യവാദികളാണെങ്കിൽ" (വി. ഖു: 7:194)

അല്ലാഹു അല്ലാത്തവരെ വിളിക്കരുത് എന്ന് പറയുമ്പോൾ അവിടെ ഉദ്ദേശിക്കപ്പെടുന്നത് വിഗ്രഹങ്ങൾ മാത്രമാണെന്നും, അമ്പിയാഅ്, ഔലിയാക്കൾ ഈ നിരോധനത്തിന്റെ പരിധിയിൽ ഉൾപ്പെടുകയില്ലെന്നും വാദിക്കുന്നവർക്കുള്ള വ്യക്തമായ മറുപടിയാണ് ഈ വചനം. കാരണം വിഗ്രഹങ്ങൾ നമ്മെപ്പോലുള്ള അടിമകൾ അല്ലല്ലോ?

**മൂന്ന്: അല്ലാഹുവിന്ന് പുറമെ പ്രാർത്ഥിക്കപ്പെടുന്നവർ അശക്തരാണ്.**

ഇതും അല്ലാഹു അല്ലാത്തവരോട് എന്തുകൊണ്ട് പ്രാർത്ഥിച്ചുകൂടാ എന്നതിനുള്ള വ്യക്തമായ ഉത്തരമാണ്. അല്ലാഹു അല്ലാത്തവർക്ക് സഹായിക്കാനോ സംരക്ഷിക്കാനോ കഴിയുകയില്ല. ഖുർആൻ പറയുന്നു:

يَا أَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ ۚ إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّـهِ لَن يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ ۖ وَإِن يَسْلُبْهُمُ الذُّبَابُ شَيْئًا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ الطَّالِبُ وَالْمَطْلُوبُ ﴿٧٣﴾ ﴿سورة الحج﴾

"ജനങ്ങളേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ പാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കലിൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബ്ബലർ തന്നെ." (22:73)

വീണ്ടും കാണുക:

لَهُ دَعْوَةُ الْحَقِّ ۖ وَالَّذِينَ يَدْعُونَ مِن دُونِهِ لَا يَسْتَجِيبُونَ لَهُم بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ ۚ وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ ﴿١٤﴾ ﴿سورة الرعد﴾

"അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരു കൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു." (13:14)

എത്ര വ്യക്തമാണ് ഈ ഉപമ...! വെള്ളപാത്രത്തിൽ നിന്ന് കുടിവെള്ളം സ്വമേധയാ തൊണ്ടയിൽ എത്തിച്ചേരാത്തത് പോലെ അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനക്കും ഉത്തരം ലഭിക്കില്ല.

**നാല്: അല്ലാഹുവിന് പുറമെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ ആ പ്രാർത്ഥന കേൾക്കുകയോ ഉത്തരം നൽകുകയോ ഇല്ല.**

ഖുർആൻ പറയുന്നു:

إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ

وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾

﴿سورة فاطر﴾

"നിങ്ങളവരോട് പ്രാർത്ഥിച്ചാൽ നിങ്ങളുടെ പ്രാർത്ഥന അവർ കേൾക്കുകയില്ല. ഇനി കേട്ടാൽ തന്നെ അവർ നിങ്ങൾക്കുത്തരം നൽകുന്നതല്ല. നിങ്ങൾ ചെയ്ത ഈ ശിർക്കിനെ അവർ അന്ത്യദിനത്തിൽ നിഷേധിക്കുകയും ചെയ്യും." (35:14)

ഈ വചനത്തെ ഇമാം ഖുർത്വുബി വിശദീകരിക്കുന്നു:

إِنْ تَسْتَغِيثُوا بِهِمْ فِي النَّوَائِبِ لَا يَسْمَعُوا دُعَاءَكُمْ -(تفسير القرطبي)

"ആപൽ ഘട്ടങ്ങളിൽ നിങ്ങളവരോട് ഇസ്തിഗാസ ചെയ്താൽ നിങ്ങളുടെ പ്രാർത്ഥന അവർ കേൾക്കുകയില്ല." (ഖുർത്വുബി വാള്യം:14)

ഇവിടെ പ്രാർത്ഥന എന്നതിന് ഇസ്തിഗാസ എന്നാണ് അദ്ദേഹം വിശദീകരണമായി നൽകിയത് എന്നത് ശ്രദ്ധേയമാണ്.

ഖുർആൻ പറയുന്നത് കാണുക.

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّـهِ مَن لَّا يَسْتَجِيبُ لَهُ إِلَىٰ يَوْمِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ ﴿٥﴾ ﴿سورة الأحقاف﴾

"അല്ലാഹുവിന് പുറമെ അന്ത്യനാൾ വരെ തനിക്ക് ഉത്തരം ചെയ്യാത്തവരോട് പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരാണ്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെ കുറിച്ച് അശ്രദ്ധരുമാണ്." (46:5)

മേൽ വചനം വിശദീകരിച്ചു ഇബ്നു ജരീർ ﷺ തന്റെ തഫ്സീറു ജാമിഉൽ ബയാനിലും ദുആ എന്നതിന് നൽകിയ വിശദീകരണം ഇസ്തിഗാസ എന്നുതന്നെയാകുന്നു. അദ്ദേഹം പറയുന്നു.

وَإِنَّمَا هَذَا تَوْبِيخٌ مِنَ اللهِ لِهَؤُلَاءِ الْمُشْرِكِينَ لِسُوءِ رَأْيِهِمْ ، وَقُبْحِ اخْتِيَارِهِمْ فِي عِبَادَتِهِمْ مَنْ لَا يَعْقِلُ شَيْئًا وَلَا يَفْهَمُ ، وَتَرْكِهِمْ عِبَادَةَ مَا بِهِمْ مِنْ نِعْمَتِهِ ، وَمَنْ بِهِ اسْتِغَاثَتُهُمْ عِنْدَ مَا يَنْزِلُ بِهِمْ مِنَ الْحَوَائِجِ وَالْمَصَائِبِ .

تفسير الطبري-

"അവർക്ക് വിപത്തുകളും ആവശ്യങ്ങളും വരുമ്പോൾ ആരോടാണോ അവർ ഇസ്തിഗാഥ ചെയ്യേണ്ടത് അവനെ കയ്യൊഴിഞ്ഞ് ബുദ്ധിയും വിവേചനവുമില്ലാത്തിനെ ആരാധ്യനായി തെരഞ്ഞെടുത്തതിന്റെ പേരിൽ അല്ലാഹു അവരെ വിമർശിക്കുകയാകുന്നു ഇവിടെ- (ത്വബരി-വാള്യം:21/116)

ഖുർആൻ വീണ്ടും പറയുന്നു:

فَإِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ ﴿٥٢﴾

﴿سورة الروم﴾

"എന്നാൽ മരിച്ചവരെ നിനക്ക് കേൾപ്പിക്കാൻ സാധിക്കില്ല, തീർച്ച. ബധിരൻമാർ പിന്നോക്കം തിരിഞ്ഞു പോയാൽ അവരെ വിളി കേൾപ്പിക്കാനും നിനക്ക് സാധിക്കില്ല." (30:52)

ഈ വചനം ഇബ്നു ജരീർ ﵀ വ്യാഖ്യാനിക്കുന്നത് ശ്രദ്ധിക്കുക

هَذَا مَثَلٌ ضَرَبَهُ اللهُ لِلْكَافِرِ ، فَكَمَا لَا يَسْمَعُ الْمَيِّتُ الدُّعَاءَ ، كَذَلِكَ لَا يَسْمَعُ الْكَافِرُ ،

"അല്ലാഹു അവിശ്വാസിക്ക് ഒരു ഉദാഹരണം പറഞ്ഞതാകുന്നു ഇത്. മയ്യിത്ത് വിളി കേൾക്കാത്തത് പോലെ കാഫിറും കേൾക്കുന്നതല്ല." (ജാമിഉൽ ബയാൻ 30:52ന്റെ വ്യാഖ്യാനം)

ഇതിനെ ഇമാം ഇബ്നു കസീർ ﵀ വ്യാഖ്യാനിക്കുന്നത് കാണുക:

يَقُولُ تَعَالَى : كَمَا أَنَّكَ لَيْسَ فِي قُدْرَتِكَ أَنْ تُسْمِعَ الْأَمْوَاتَ فِي أَجْدَاثِهَا ، وَلَا تُبْلِغَ كَلَامَكَ الصُّمَّ الَّذِينَ لَا يَسْمَعُونَ ، -(تفسير ابن كثير)

"ശവക്കല്ലറകളിലുള്ള മരിച്ചവരെ കേൾപ്പിക്കൽ താങ്കളുടെ (നബി ﷺ യുടെ) കഴിവിൽ പെട്ടതല്ല. കേൾവി ശക്തിയില്ലാത്ത ബധിരൻമാരെ താങ്കൾക്ക് (പ്രബോധനം) വാക്കുകൾ എത്തിച്ചു കൊടുക്കാൻ കഴിയുകയുമില്ല എന്നാണ് അല്ലാഹു പറയുന്നത്." (ഇബ്നു കസീർ- 30:52ന്റെ വ്യാഖ്യാനം)

മറ്റൊരു തെളിവ് കാണുക.

وَمَا يَسْتَوِى الْأَحْيَاءُ وَلَا الْأَمْوَاتُ ۚ إِنَّ اللَّـهَ يُسْمِعُ مَن يَشَاءُ ۖ وَمَا أَنتَ
بِمُسْمِعٍ مَّن فِي الْقُبُورِ ﴿٢٢﴾ ﴿سورة فاطر﴾

"ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമാകുകയില്ല. തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപിക്കുന്നു. നിനക്ക് ഖബ്റുകളിലുള്ളവരെ കേൾപിക്കാനാവില്ല." (35:22)

## അല്ലാഹു അല്ലാത്തവർ പ്രാർത്ഥന കേൾക്കുകയില്ല എന്നു പറയുന്നു. അതിന്റെ വിവക്ഷ വിഗ്രഹങ്ങൾ മാത്രമല്ലേ? ഇതിൽ ഔലിയാക്കളും അമ്പിയാക്കളും ഉൾപ്പെടുകയില്ലല്ലോ?

ഇത് തികച്ചും നവീനമായ ഒരു വാദമാണ്. പ്രാർത്ഥന കേൾക്കുകയും ഉത്തരം ചെയ്യുകയും ചെയ്യുന്നത് അല്ലാഹു മാത്രമാണ്. അതിനാൽ അല്ലാഹു അല്ലാത്തവർ പ്രാർത്ഥന കേൾക്കുകയില്ല എന്നത് അമ്പിയാക്കളും ഔലിയാക്കളും ഉൾപ്പെടെ എല്ലാ സൃഷ്ടികൾക്കും ബാധകമാണ്. വിഗ്രഹം മാത്രമല്ല അതിന്റെ വിവക്ഷ.

## ഇത് പൂർവീകരെ ഉദ്ധരിച്ച് സമർത്ഥിക്കാൻ സാധിക്കുമോ?

തീർച്ചയായും. സൂറത്തു ഫാത്തിറിലെ 14-ാം വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് ഇമാം ഖുർത്വുബി ﵀ പറയുന്നത് കാണുക.

ثُمَّ يَجُوزُ أَنْ يَرْجِعَ هَذَا إِلَى الْمَعْبُودِينَ مِمَّا يَعْقِلُ ; كَالْمَلَائِكَةِ وَالْجِنِّ وَالْأَنْبِيَاءِ وَالشَّيَاطِينِ

"പിശാചുക്കൾ, പ്രവാചകൻമാർ, ജിന്ന്, മലക്കുകൾ പോലെ ബുദ്ധിയുള്ള ആരാധ്യൻമാരിലേക്കും ഈ ആയത്ത് മടങ്ങാവുന്നതാണ്." (ഖുർത്വുബി:14/336)

ഇതേ വചനത്തെ തഫ്സീർ റൂഹുൽ ബയാനിൽ വിശദീകരിക്കുന്നു.

وَيـَجُوزُ أن يُريدَ كُل مَعبُودٌ مِنْ دُونِ اللهِ مِن الجِن وَالاِنْسِ والأَصْنَامِ

"അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ജിന്ന്, മനുഷ്യർ

വിഗ്രഹങ്ങൾ എന്നിവയെല്ലാം ഇവിടെ ഉദ്ദേശിക്കപ്പെടുന്നതാണ്" (റൂഹുൽ ബയാൻ 7/259)

ഫഖ്റുദ്ധീൻ റാസിയുടെ വരികൾ കാണുക:

وَأَيْضًا يَجُوزُ أَنْ يُرِيدَ كُلَّ مَعْبُودٍ مِنْ دُونِ اللهِ مِنَ الْمَلَائِكَةِ وَعِيسَى وَعُزَيْرٍ وَالْأَصْنَامِ -(التفسير الكبير)

"അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്ന മലക്കുകൾ ഈസാ, ഉസൈർ, വിഗ്രഹങ്ങൾ എന്നിവയെല്ലാം ഉദ്ദേശിക്കപ്പെടാം." (റാസി 28/6)

മേൽ വരികളിൽ നിന്ന് "നിങ്ങൾ അവരെ വിളിച്ചാൽ അവർ കേൾക്കുകയില്ല' എന്ന ഖുർആനിക പ്രയോഗങ്ങളുടെ അർത്ഥം ആർക്കും വിശദീകരണമില്ലാതെ തന്നെ ഗ്രഹിക്കാൻ കഴിയുന്നു.

**അഞ്ച്: സൃഷ്ടിക്കാൻ കഴിയാത്തവരും തികച്ചും ദുർബലരുമാണ് മനുഷ്യരുടെ പങ്കുകാർ.**

പ്രാർത്ഥനയുടെ അർഹത അല്ലാഹുവിന് മാത്രമാണ് എന്നു സ്ഥാപിക്കാൻ ഖുർആൻ ഉപയോഗിച്ച ഒരു തത്വമാണിത്.

അല്ലാഹു പറയുന്നു:

وَالَّذِينَ يَدْعُونَ مِن دُونِ اللَّـهِ لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ ﴿٢٠﴾

﴿سورة النحل﴾

"അല്ലാഹുവിന് പുറമെ അവർ പ്രാർത്ഥിക്കുന്നവർ ഒന്നും സൃഷ്ടിക്കുകയില്ല. (മാത്രമല്ല) അവർ സൃഷ്ടികളുമാണ്." (16:20)

**ആറ്: അദൃശ്യജ്ഞാനം അല്ലാഹുവിന്റെ പക്കൽ മാത്രമാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.**

അല്ലാഹുവല്ലാത്തവരുടെ അയോഗ്യതയും അവർ അദൃശ്യം അറിയില്ലെന്നതും അവനു മാത്രമുള്ള പ്രത്യേകതയായി അദൃശ്യജ്ഞാനത്തെ ഖുർആൻ പരിചയപ്പെടുത്തുന്നു:

عَالِمِ الْغَيْبِ وَالشَّهَادَةِ فَتَعَالَىٰ عَمَّا يُشْرِكُونَ ﴿٩٢﴾ ﴿سورة المؤمنون﴾

“ദൃശ്യവും അദൃശ്യവും അറിയുന്നവൻ അല്ലാഹുവാണ്. അതിനാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ അത്യുന്നതനായിരിക്കുന്നു.” (23:92)

ഇമാം റാസിയുടെ ഈ വരികൾ കാണുക:

وَالْمَعْنَى أَنَّهُ سُبْحَانَهُ هُوَ الْمُخْتَصُّ بِعِلْمِ الْغَيْبِ وَالشَّهَادَةِ، فَغَيْرُهُ وَإِنْ عَلِمَ الشَّهَادَةَ فَلَنْ يَعْلَمَ مَعَهَا الْغَيْبَ،(التفسير الكبير)

“മേൽ വചനത്തിന്റെ അർത്ഥം ദൃശ്യവും അദൃശ്യവും അറിയുക യെന്നത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. അല്ലാഹു അല്ലാത്തവർ ദൃശ്യം അറിയുമെങ്കിലും അതിനോടൊപ്പം അവർ ഒരിക്കലും അദൃശ്യം അറിയുകയില്ല.” (തഫ്സീറുൽ കബീർ 23/102)

പ്രാവചകനായ നൂഹ് നബിയോട് പറയാൻ അല്ലാഹു കല്പി ക്കുന്നു.

وَلَا أَقُولُ لَكُمْ عِندِى خَزَائِنُ اللَّـهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ إِنِّى مَلَكٌ ﴿سورة هود﴾

“അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലാണെന്ന് നിങ്ങളോട് ഞാൻ പറയുന്നില്ല. ഞാൻ അദൃശ്യകാര്യം അറി യുകയുമില്ല. ഞാൻ മലക്കാണെന്നും നിങ്ങളോട് ഞാൻ പറയുന്നില്ല.”(11:31)

ഇമാം ഇബ്നു കഥീർ ന്റെ വാക്കുകൾ ശ്രദ്ധിക്കുക.

وَلَا يَعْلَمُ مِنَ الْغَيْبِ إِلَّا مَا أَطْلَعَهُ اللّٰهُ عَلَيْهِ

“അല്ലാഹു അദ്ദേഹത്തിന് വെളിപ്പെടുത്തി കൊടുക്കുന്നതല്ലാ തെ അദൃശ്യത്തിൽ നിന്നും യാതൊന്നും അദ്ദേഹം അറിയുക യില്ല” (ഇബ്നു കസീർ-4/318)

മേൽ വചനം ഇമാം ഖുർത്വുബി വ്യാഖ്യാനിക്കുന്നത് ശ്രദ്ധിക്കുക:

وَأَنَّهُ لَا يَعْلَمُ الْغَيْبَ ; لِأَنَّ الْغَيْبَ لَا يَعْلَمُهُ إِلَّا اللّٰهُ

“തീർച്ചയായും അദ്ദേഹം നൂഹ് അദൃശ്യം അറിയുകയില്ല. നിശ്ചയം, അല്ലാഹുവല്ലാതെ ആരും അദൃശ്യം അറിയുകയില്ല.”

(ഖുർത്വുബി: 9/27)

അല്ലാഹു പറയുന്നു:

قُل لَّا يَعْلَمُ مَن فِى السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّـهُ ۚ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾ ﴿سورة النمل﴾

"പറയുക, അല്ലാഹുവല്ലാതെ, ആകാശ ഭൂമികളിലുള്ളവരാരും തന്നെ അദൃശ്യകാര്യങ്ങൾ അറിയുകയില്ല. അവരെപ്പോഴാണ് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയെന്ന് അവരറിയുകയില്ല" (27:65)

മേൽ വചനം റാസി വിശദീകരിക്കുന്നു:

اعْلَمْ أَنَّهُ تَعَالَى لَمَّا بَيَّنَ أَنَّهُ الْمُخْتَصُّ بِالْقُدْرَةِ، فَكَذَلِكَ بَيَّنَ أَنَّهُ هُوَ الْمُخْتَصُّ بِعِلْمِ الْغَيْبِ، وَإِذَا ثَبَتَ ذَلِكَ ثَبَتَ أَنَّهُ هُوَ الْإِلَهُ الْمَعْبُودُ، -(التفسير الكبير)

"കഴിവുകളുടെ ഉടമ അല്ലാഹു മാത്രമാണെന്ന് വ്യക്തമാക്കിയതുപോലെ അദൃശ്യ ജ്ഞാനവും അവനുമാത്രമുള്ളതാണെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അത് സ്ഥിരപ്പെട്ടു കഴിഞ്ഞാൽ അവൻ മാത്രമാണ് ആരാധനക്ക് അർഹൻ എന്ന് സ്ഥിരപ്പെട്ടു." (തഫ്സീറുൽ കബീർ 24/181)

ഇമാം ഇബ്നു കഥീറിന്റെ വരികൾ കാണുക:

يَقُولُ تَعَالَى آمِرًا رَسُولَهُ - صَلَّى اللهُ عَلَيْهِ وَسَلَّمَ - أَنْ يَقُولَ مُعَلِّمًا لِجَمِيعِ الْخَلْقِ: أَنَّهُ لَا يَعْلَمُ أَحَدٌ مِنْ أَهْلِ السَّمَوَاتِ وَالْأَرْضِ الْغَيْبَ. وَقَوْلُهُ: (إِلَّا اللهُ) اسْتِثْنَاءٌ مُنْقَطِعٌ، أَيْ: لَا يَعْلَمُ أَحَدٌ ذَلِكَ إِلَّا اللهُ عَزَّ وَجَلَّ، فَإِنَّهُ الْمُنْفَرِدُ بِذَلِكَ وَحْدَهُ، لَا شَرِيكَ لَهُ، -(تفسير ابن كثير)

"മുഴുവൻ സൃഷ്ടികളെയും പഠിപ്പിക്കുവാനായി ഇപ്രകാരം പറയുവാൻ അല്ലാഹു നബിﷺയോട് നിർദ്ദേശിക്കുന്നു. നിശ്ചയം ആകാശ ഭൂമികളിലുള്ള ആരും തന്നെ അദൃശ്യം അറിയുകയില്ല. അല്ലാഹു അല്ലാതെ. അഥവാ അല്ലാഹു അല്ലാതെ ആരും തന്നെ അത്(അദൃശ്യം) അറിയുകയില്ല. അത് അവനു മാത്രമുള്ളതാകുന്നു. അവനൊരു പങ്കുകാരുമില്ല." (ഇബ്നു

കസീർ 6/207)

എണ്ണമറ്റ തെളിവുകളിൽ നിന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ കഴിയുന്നത് അദൃശ്യകാര്യങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ മാത്രം വിശേഷണങ്ങളിൽ പരിമിതമാണെന്നാണ്. എന്നാൽ അല്ലാഹുവിന്റെ ഔലിയാക്കൾക്ക് അല്ലാഹുവിനെപ്പോലെ കാണാനും കേൾക്കാനും സഹായിക്കാനും കഴിയുമെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരുടെ കാര്യം എന്തു മാത്രം ദയനീയമാണ്...!

ഓർക്കുക, വിഗ്രഹാരാധന പോലെ തന്നെ അല്ലാഹുവിന്റെ വിശേഷണങ്ങളും ഗുണങ്ങളും മറ്റുള്ളവർക്ക് വകവെച്ചു കൊടുക്കലും ശിർക്കുതന്നെയാണ്.

## പ്രവാചകൻമാർക്കും ഔലിയാക്കൾക്കും ഗൈബ് (അദൃശ്യം) അറിയാൻ കഴിയുമെന്ന വിശ്വാസം ശരിയാണോ?

ഈ വിശ്വാസം ശരിയല്ല. പ്രവാചകൻമാർക്ക് അല്ലാഹു അവനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കും. എന്നാൽ അതിൽ അവർക്ക് സ്വതന്ത്രമായ ഇടപെടലുകൾ സാധിക്കുകയുമില്ല. ഇതാണ് ഇസ്‌ലാമിക പ്രമാണങ്ങളുടെയും ഇസ്‌ലാമിക ചരിത്രത്തിന്റെയും സാക്ഷീകരണം.

നബിﷺയുടെ പത്നി ആയിശ (റ)യെക്കുറിച്ചുള്ള അപവാദ പ്രചാരണത്തിന്റെ സത്യാവസ്ഥ ഒരു മാസവും ഏതാനും ദിവസവും കഴിഞ്ഞതിനു ശേഷമാണ് അല്ലാഹു നബിﷺക്ക് അറിയിച്ചു കൊടുത്തത്. അപ്പോൾ മാത്രമാണ് നബിﷺക്ക് ഈ വിഷയത്തിൽ വ്യക്തതയുണ്ടായത്. എന്നാൽ പ്രവാചകൻﷺ അദൃശ്യ കാര്യങ്ങൾ അറിയും വിശ്വാസികളായ നമ്മെ അദ്ദേഹം കണ്ടുകൊണ്ടിരിക്കുന്നു തുടങ്ങിയ വാദങ്ങൾ ഉന്നയിക്കുന്ന ചിലരുണ്ട്. ആയിശ (റ)യുടെ പേരിൽ കള്ളക്കഥ പ്രചരിപ്പിക്കപ്പെട്ട സംഭവം ഇത്തരക്കാർക്കുള്ള വ്യക്തമായ മറുപടിയാണ്. കാരണം ആയിശ (റ)യുടെ വിഷയത്തിൽ എന്താണ് സത്യാവസ്ഥ എന്നത് പ്രവാചകൻﷺക്ക് പോലും വ്യക്തമാകുന്നത് ഒരു മാസത്തിന് ശേഷം അല്ലാഹു വ്യക്തമാക്കുമ്പോൾ മാത്രമാണ്. ആരോപണമുയർന്നപ്പോൾ ആയിശ (റ)യും നബിﷺ

യും മുഅ്മിനുകളും ദുഃഖിതരായി ദിനങ്ങൾ എണ്ണി തീർത്തത് എന്തിനു വേണ്ടി എന്ന് ഈ വാദക്കാർ വ്യക്തമാക്കണം. എല്ലാ രഹസ്യവും അറിഞ്ഞിട്ടും നബിﷺ കപടനാട്യം നടത്തിയതാണോ? ഒരു വിശ്വാസി ഒരിക്കലും അങ്ങനെ ചിന്തിക്കുകയില്ല.

മൂസാ നബി(അ) മിന്റെ ജനതയിൽ പെട്ട സാമിരി എന്ന മനുഷ്യൻ മൂസാ നബി(അ) തൗറാത് വാങ്ങാൻ പോയപ്പോൾ ഒരു പശുക്കുട്ടിയെ ഉണ്ടാക്കി അതിനെ ആരാധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത് മൂസാ നബി(അ) അറിയുന്നത് സീനാ പർവതത്തിൽ വെച്ച് അല്ലാഹു പറഞ്ഞപ്പോഴാണ്. കുപ്പിയകത്തുള്ള വസ്തുവിനെപ്പോലെ എല്ലാം കാണാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നെങ്കിൽ സാമിരി ഉണ്ടാക്കുന്ന വ്യതിയാനത്തെ പ്രതിരോധിക്കാൻ അദ്ദേഹം സ്വന്തം ജനതയ്ക്കിടയിൽ നിൽക്കുമായിരുന്നില്ലേ? അതോ, എല്ലാം നേരത്തെ മനസ്സിലാക്കിയിട്ടും തൗറാത്ത് വാങ്ങാൻ പോയി എന്നാണോ? തിരിച്ചു വരുമ്പോൾ മൂസാ(അ) പ്രകോപിതനായത് ജനങ്ങളെ പറ്റിക്കാനാണോ?

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് പ്രവാചകൻമാർക്കു പോലും അദൃശ്യ കാര്യങ്ങൾ അല്ലാഹു അറിയിച്ചു കൊടുക്കാതെ അറിയുകയില്ല എന്നതാണ്. എങ്കിൽ ബദ്‌രീങ്ങളും, മുഹ്‌യിദ്ധീൻ ശൈഖും, രിഫായി ശൈഖും അദൃശ്യം അറിയുമെന്ന വിശ്വാസം പുരോഹിത സൃഷ്ടിയും അല്ലാഹുവിന്റെ മേലുള്ള കളവും ശിർക്കുമാണ്.

# ശിർക്ക്

## എന്താണ് ശിർക്ക്?

തൗഹീദിന്റെ വിപരീതമാണ് ശിർക്ക്. അല്ലാഹുവിന്റെ യടുക്കൽ ഏറ്റവും ഗുരുതരമായ പാപമാണത്. ഖുർആൻ പറയുന്നു:

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ ۖ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾ ﴿سورة لقمان﴾

"ലുഖ്മാൻ തൻറെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എൻറെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു." (31:13)

## ശിർക്കിന്റെ പരിണിത ഫലങ്ങൾ എന്തെല്ലാമാണ്?

### 1. ശിർക്ക് പശ്ചാതാപമില്ലാതെ പൊറുക്കപ്പെടാത്ത തിന്മ.

അല്ലാഹു കാരുണ്യവാനും പാപിയായ മനുഷ്യന്റെ പാപങ്ങൾ പൊറുക്കുന്നവനുമാണ്. എന്നാൽ അല്ലാഹുവിന് മാത്രം അവകാശപ്പെട്ട കാര്യങ്ങളിൽ മറ്റുള്ളവരെ പങ്കു ചേർത്ത വ്യക്തിക്ക് മരണത്തിന് മുമ്പ് പശ്ചാത്താപ മനഃസ്ഥിതിയോടെ അല്ലാഹുവോട് മാപ്പിരന്നാൽ മാത്രമേ അവൻ പൊറുത്തു കൊടുക്കുകയുള്ളൂ. അല്ലാത്തപക്ഷം ശിർക്ക് ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണ്. ഖുർആൻ പറയുന്നു:

إِنَّ اللَّـهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّـهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ﴿٤٨﴾ ﴿سورة النساء﴾

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്."(4:48)

**2. ശിർക്ക് ചെയ്തവന്റെ കർമങ്ങൾ നിഷ്ഫലമാകും.**

ശിർക്ക് അല്ലാഹു പൊറുക്കാത്ത പാപമാണെന്നതിനു പുറമെ അത് ചെയ്യുന്നവന്റെ സൽക്കർമ്മങ്ങൾ പോലും നിഷ്ഫലമായി പോകുമെന്ന് ഖുർആൻ പറയുന്നു:

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴿٦٥﴾ ﴿سورة الزمر﴾

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതാകുന്നു. അല്ലാഹുവിന് നീ പങ്കുകാരനെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആയിത്തീരുകയും ചെയ്യും." (വി. ഖു: 39:65)

**3. ശിർക്ക് ചെയ്യുന്നവർക്ക് മനഃശാന്തി നഷ്ടപ്പെടും.**

അല്ലാഹുവിനെ കൈവെടിഞ്ഞ് ശവകുടീരങ്ങളും ശ്മശാനങ്ങളും തേടി അലയുന്നവർ, അല്ലാഹുവിൽ പങ്കുചേർക്കുന്നവർ, അശാന്തമായ മനസ്സുമായി ജീവിക്കേണ്ടി വരും. ഖുർആൻ അവരെ ഉപമിക്കുന്നത് കാണുക:

حُنَفَاءَ لِلَّـهِ غَيْرَ مُشْرِكِينَ بِهِ ۚ وَمَن يُشْرِكْ بِاللَّـهِ فَكَأَنَّمَا خَرَّ مِنَ السَّمَاءِ فَتَخْطَفُهُ الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ ﴿٣١﴾

﴿سورة الحج﴾

“വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്ത വരുമായിരിക്കണം (നിങ്ങൾ) അല്ലാഹുവോട് വല്ലവനും പങ്കു ചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണതുപോ ലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചി കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂര സ്ഥലത്തേക്ക് കൊണ്ടു പോയി തള്ളുന്നു.” (വി. ഖു: 22:31)

**4. ശിർക്ക് ചെയ്യവന് സ്വർഗം നിഷിദ്ധമാണ്.**

സ്വർഗ്ഗീയ ജീവിതത്തിന്റെ സന്തോഷങ്ങൾ ശിർക്ക് ചെയ്യവർക്ക് നിഷിദ്ധമാണെന്ന് ഖുർആൻ പ്രഖ്യാപി ക്കുന്നു.

إِنَّهُ مَن يُشْرِكْ بِاللَّـهِ فَقَدْ حَرَّمَ اللَّـهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ ۖ وَمَا لِلظَّالِمِينَ مِنْ أَنصَارٍ ﴿٧٢﴾ ﴿سورة المائدة﴾

“അല്ലാഹുവിനോട് വല്ലവനും പങ്ക് ചേർക്കുന്ന പക്ഷം തീർച്ച യായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്.” (5:72)

അതിനാൽ ശിർക്ക് എന്താണെന്ന് പഠിക്കാൻ നാം തയ്യാറാവുക. അല്ലാഹുവിന് പുറമെ മറ്റൊരു റബ്ബ് ഉണ്ട് എന്ന് വിശ്വസിച്ചാൽ മാത്രമാണ് ശിർക്ക് വരിക എന്നാണ് പലരും മനസ്സിലാക്കിയത്. ദൈവ നിഷേധമാണ് ശിർക്ക് എന്ന് വിശ്വസിച്ച പലരുമുണ്ട്. എന്നാൽ വിശ്വാസ രംഗത്തും കർമരംഗത്തും ഇതുപോലെയുള്ള പലവ്യതിയാന വീക്ഷണങ്ങളും വെച്ചു പുലർത്തിയ മക്കയിലെ അവിശ്വാസി സമൂഹത്തിലെ ഭൂരിപക്ഷവും ദൈവ നിഷേധിക ളായിരുന്നില്ല. എന്നിട്ടും അവർ ശിർക്ക് ചെയ്തുവെന്ന് ഖുർആൻ പറയുന്നു. അതിനർത്ഥം ശിർക്ക് എന്നതിന്റെ വിവക്ഷ നാം കൂടുതൽ പഠന വിധേയമാക്കണമെന്നാണ്.

## മക്കാ മുശ്രിക്കുകൾ അല്ലാഹുവിനെ അറിഞ്ഞവരായിരുന്നു എന്നതിന് ഇസ്‌ലാമിക പ്രമാണങ്ങളിൽ രേഖയുണ്ടോ?

സ്രഷ്ടാവും സംരക്ഷകനും നിയന്താവുമായ ഏകദൈവത്തിന്റെ

അസ്തിത്വത്തെ പ്രവാചക സമൂഹങ്ങൾ അംഗീകരിച്ചിരുന്നു എന്നതിന് ചരിത്രപരവും പ്രാമാണികവുമായ രേഖകൾ നിരവധിയുണ്ട്. ഹിറാ ഗുഹയിൽ നിന്നും ജിബ്രീലുമായി നബിﷺക്കുണ്ടായ പ്രഥമ കൂടിക്കാഴ്ചയ്ക്ക് ശേഷം അന്തിമ പ്രവാചകനായി മുഹമ്മദ് നബിﷺ തന്റെ വീട്ടിലേക്ക് ഭയവിഹ്വലനായി കടന്നു വരുമ്പോൾ മഹതിയായ ഖദീജ ؓ നബിﷺയെ ആശ്വസിപ്പിച്ചത് "അല്ലാഹു നിങ്ങളെ കൈവെടിയുകയില്ല' എന്ന് പറഞ്ഞു കൊണ്ടാണ്. പ്രവാചകനിൽ നിന്നും അല്ലാഹുവിനെ സംബന്ധിച്ച ഉത്ബോധനങ്ങൾ ലഭിക്കും മുമ്പ് തന്നെ ഖദീജ ؓക്ക് അല്ലാഹുവിനെ സംബന്ധിച്ച് അറിയാമായിരുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. നബിﷺയുടെ നിയോഗത്തിനു മുമ്പ് മരണമടഞ്ഞ അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാ എന്നായിരുന്നു. അബ്രഹത്തിന്റെ പട്ടാളം കഅ്ബ വളഞ്ഞപ്പോൾ അബ്ദുൽ മുത്വലിബ് അവർക്ക് നൽകിയ മറുപടി കഅ്ബാലയത്തെ അതിന്റെ നാഥൻ സംരക്ഷിക്കുമെന്നായിരുന്നു. ചുരുക്കത്തിൽ പ്രവാചകൻﷺയുടെ പ്രബോധിത സമൂഹം പ്രവാചക നിയോഗത്തിന്റെ മുമ്പു തന്നെ സൃഷ്ടികർത്താവായ അല്ലാഹുവിനെ സംബന്ധിച്ച് ബോധവാൻമാരായിരുന്നു എന്നർത്ഥം. അഥവാ അവർ നിരീശ്വര വാദികളായിരുന്നില്ല. എന്നാൽ പ്രവാചകൻﷺ പിന്നീടവർക്ക് പരിചയപ്പെടുത്തിയ അല്ലാഹുവെ സംബന്ധിച്ച് വള്ളിയും പുള്ളിയും തെറ്റാത്ത വിശ്വാസം അവർക്കുണ്ടായിരുന്നുവെന്ന് നാം പറയുന്നില്ല. അങ്ങനെയവർക്കുണ്ടായിരുന്നുവെങ്കിൽ അവർ കാഫിറുകളാകുമായിരുന്നില്ലല്ലോ?

ഖുർആൻ പറയുന്നു

قُلْ مَن يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ أَمَّن يَمْلِكُ السَّمْعَ وَالْأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَن يُدَبِّرُ الْأَمْرَ ۚ فَسَيَقُولُونَ اللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴿٣١﴾ ﴿سورة يونس﴾

"(മുശ്രിക്കുകളോട്) ചോദിക്കുക, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഭക്ഷണം നൽകുന്നവൻ ആരാണ്? കേൾവിയും കാഴ്ചയും അധീനമാക്കുന്നവൻ ആരാണ്? ജീവിയിൽ

നിന്നും നിർജ്ജീവിയേയും നിർജ്ജീവിയിൽ നിന്നും ജീവിയേയും പുറപ്പെടുവിക്കുന്നവനും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നവനും ആരാണ്? അതൊക്കെ അല്ലാഹുവാണെന്ന് അവർ (മുശ്‌രിക്കുകൾ) പറയും. എന്നാൽ എന്തുകൊണ്ട് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ല എന്ന് (അവരോട്) ചോദിക്കുക" (10:31)

മേൽ വചനം വ്യാഖ്യാനിച്ചു കൊണ്ട് തഫ്സീറുറാസിയിൽ പറയുന്നു.

إِذَا سَأَلَهُمْ عَنْ مُدَبِّرِ هَذِهِ الْأَحْوَالِ فَسَيَقُولُونَ : إِنَّهُ اللّٰهُ سُبْحَانَهُ وَتَعَالَى ، وَهَذَا يَدُلُّ عَلَى أَنَّ الْمُخَاطَبِينَ بِهَذَا الْكَلَامِ كَانُوا يَعْرِفُونَ اللّٰهَ وَيُقِرُّونَ بِهِ ، وَهُمُ الَّذِينَ قَالُوا فِي عِبَادَتِهِمْ لِلْأَصْنَامِ : إِنَّهَا تُقَرِّبُنَا إِلَى اللّٰهِ زُلْفَى ، وَإِنَّهُمْ شُفَعَاؤُنَا عِنْدَ اللّٰهِ ، وَكَانُوا يَعْلَمُونَ أَنَّ هَذِهِ الْأَصْنَامَ لَا تَنْفَعُ وَلَا تَضُرُّ ، فَعِنْدَ ذَلِكَ قَالَ لِرَسُولِهِ - عَلَيْهِ السَّلَامُ - : ( فَقُلْ أَفَلَا تَتَّقُونَ ) يَعْنِي أَفَلَا تَتَّقُونَ أَنْ تَجْعَلُوا هَذِهِ الْأَوْثَانَ شُرَكَاءَ لِلّٰهِ فِي الْمَعْبُودِيَّةِ ، مَعَ اعْتِرَافِكُمْ بِأَنَّ كُلَّ الْخَيْرَاتِ فِي الدُّنْيَا وَالْآخِرَةِ إِنَّمَا تَحْصُلُ مِنْ رَحْمَةِ اللّٰهِ وَإِحْسَانِهِ ، وَاعْتِرَافِكُمْ بِأَنَّ هَذِهِ الْأَوْثَانَ لَا تَنْفَعُ وَلَا تَضُرُّ الْبَتَّةَ .

"ലോകത്തെ കാര്യങ്ങൾ മുഴുവൻ നിയന്ത്രിക്കുന്നവൻ ആരാണെന്ന് ചോദിച്ചാൽ അല്ലാഹുവാണെന്ന് അവർ പറയും. ഈ ചോദ്യവുമായി അഭിമുഖീകരിക്കുന്ന (മുശ്‌രിക്കുകൾ) അല്ലാഹുവെ മനസ്സിലാക്കുകയും അവനെ അംഗീകരിക്കുകയും ചെയ്തിരുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. വിഗ്രഹങ്ങളെ ആരാധിക്കുവാനുള്ള ന്യായമായി അവർ പറഞ്ഞത് അല്ലാഹുവിലേക്ക് അടുപ്പിക്കുമെന്നും അല്ലാഹുവിന്റെ പക്കൽ ശുപാർശ ചെയ്യുമെന്നുമാണത്രെ. ഈ വിഗ്രഹങ്ങൾ ഉപകാരോപദ്രവങ്ങൾ ചെയ്യുകയില്ലെന്നും അവർക്കറിയാമായിരിന്നു. അതിനാലാണ് നിങ്ങൾ 'സൂക്ഷ്മത പാലിക്കുന്നില്ലേ?' എന്ന് അവരോട് ചോദിക്കാൻ അല്ലാഹു നബിയോട് ആവശ്യപ്പെട്ടത്. അഥവാ ഇഹത്തിലും പരത്തിലുമുള്ള മുഴുവൻ നന്മകളും അല്ലാഹുവിന്റെ കാരുണ്യത്താലും നന്മയാലും മാത്രമാണ് ലഭിക്കുന്നതെന്നും ഈ വിഗ്രഹങ്ങളൊന്നും യാതൊരു ഉപകാ

രോപദ്രവങ്ങളും ചെയ്യുകയില്ലെന്നും നിങ്ങൾ അംഗീകരിച്ചിട്ടും ഈ വിഗ്രഹങ്ങളെ ആരാധ്യതയിൽ അല്ലാഹുവോട് പങ്കു ചേർക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുന്നില്ലെ എന്നർത്ഥം." (തഫ്സീറുൽ കബീർ-യൂനൂസ്:31)

ഖുർആൻ പറയുന്നു:

قُلْ مَن يَرْزُقُكُم مِّنَ السَّمَاوَاتِ وَالْأَرْضِ ۖ قُلِ اللَّهُ ۖ وَإِنَّا أَوْ إِيَّاكُمْ لَعَلَىٰ هُدًى أَوْ فِي ضَلَالٍ مُّبِينٍ ﴿٢٤﴾ ﴿سورة سَبَأ﴾

"ചോദിക്കുക, ആകാശങ്ങളിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഭക്ഷണം നൽകുന്നവൻ ആരാണ്? അല്ലാഹുവാണെന്ന് പറയുക, സൻമാർഗ്ഗത്തിലോ അല്ലെങ്കിൽ വ്യക്തമായ ദുർമാർഗ്ഗത്തിലോ നിലകൊള്ളുന്നത് നാമോ അല്ലെങ്കിൽ നിങ്ങളോ ആണ് തീർച്ച" (34:24)

ഈ വചനം വ്യാഖ്യാനിച്ചു കൊണ്ട് തഫ്സീർ റൂഹുൽ ബയാനിൽ പോലും രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക.

وَأَنَّ الرَّازِقَ هُوَ اللّٰه تَعَالَى فَإِنَّهُمْ لَا يُنْكِرُونَهُ، (تفسير روح)

"നിശ്ചയം ഭക്ഷണം നൽകുന്നവൻ അല്ലാഹുവാണെന്ന് അവർ സമ്മതിച്ചിരുന്നു. അവർ (മുശ്‌രിക്കുകൾ) അത് നിഷേധിച്ചിരുന്നില്ല." (റൂഹുൽ ബയാൻ 7/227)

റാസിﷺ അൽ-ബഖറ: 22ന്റെ വിശദീകരണത്തിൽ എഴുതുന്നു.

اعْلَمْ أَنَّهُ لَيْسَ فِي الْعَالَمِ أَحَدٌ يُثْبِتُ لِلّٰهِ شَرِيكًا يُسَاوِيهِ فِي الْوُجُودِ وَالْقُدْرَةِ وَالْعِلْمِ وَالْحِكْمَةِ ، وَهَذَا مِمَّا لَمْ يُوجَدْ إِلَى الْآنَ ،

നിങ്ങൾ അറിയണം യുക്തിയിലും വിജ്ഞാനത്തിലും കഴിവിലും ആസ്തിക്യത്തിലും അല്ലാഹുവിന് തുല്യനായ ഒരു പങ്കുകാരനെ സ്ഥാപിച്ച ഒരാളും തന്നെ ലോകത്ത് ഉണ്ടായിട്ടില്ല. ഇന്നേവരെ അങ്ങനെയുള്ള ഒരാളെയും കണ്ടെത്തപ്പെട്ടിട്ടില്ല." (തഫ്സീറുൽ കബീർ 2/344)

അപ്പോൾ ഇതിൽ നിന്ന് മുശ്‌രിക്കുകൾക്ക് അല്ലാഹുവിന് തുല്യനായി വേറെ ദൈവങ്ങളുണ്ടായിരുന്നു എന്ന ചിലരുടെ

വാദത്തിന് ഖുർആനിന്റെയോ സലഫുകളുടെയോ പിൻബല മില്ലെന്ന് മനസ്സിലാക്കാം.

قُلْ مَن بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ تَعْلَمُونَ ﴿٨٨﴾ سَيَقُولُونَ لِلَّـهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ ﴿٨٩﴾ ﴿سورة المؤمنون﴾

"നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ) അവർ പറയും (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക, പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയ ത്തിൽ പെട്ടു പോകുന്നത്?" (വി. ഖു. 23:88,89)

## അല്ലാഹുവിൽ വിശ്വസിച്ച മക്കയിലെ അവിശ്വാസികൾ അവർക്ക് വിശ്വാസമുള്ള റബ്ബിനെ അവഗണിക്കുകയും അവനോട് പ്രാർത്ഥിക്കാതിരിക്കുകയും എന്നാൽ, വിഗ്രഹങ്ങളോട് പ്രാർത്ഥിച്ചതുമല്ലേ അവർക്ക് സംഭവിച്ച അബദ്ധം?

ഒരിക്കലുമല്ല. അപകടങ്ങളിൽ അകപ്പെടുമ്പോൾ അവർ നി ഷ്കളങ്കമായി പ്രാർത്ഥിച്ചത് കഅ്ബാലയത്തിൽ നിരത്തിവെച്ച മഹാൻമാരുടെ പ്രതീകങ്ങളായ വിഗ്രഹങ്ങളോടൊ അല്ലെങ്കിൽ അവരുടെ ആരാധ്യൻമാരിൽപ്പെട്ടിരുന്ന ഇബ്റാഹീം ﷺ യോടോ ആയിരുന്നില്ല. മറിച്ച് സ്രഷ്ടാവായ അല്ലാഹുവോട് മാത്രമാ യിരുന്നു.

ഖുർആൻ പറയുന്നു:

فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّـهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾ ﴿سورة العنكبوت﴾

"എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറി

യാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി ക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു" (വി. ഖു: 29:65)

അതി ശക്തമായ ഒരു അപകടത്തിൽ അകപെട്ട് തകർന്ന ടിയാൻ നിൽക്കുമ്പോൾ ഒരാൾ തനിക്ക് വിശ്വാസമില്ലാത്ത ദൈവത്തെയാണോ വിളിക്കുക? അല്ല...! എങ്കിൽ മുശ്രിക്കുകൾ നടത്തിയിരുന്നു എന്ന് ഖുർആൻ പറയുന്ന ഈ സഹായ തേട്ടത്തിന്റെ കഥ അവരുടെ ദൈവ വിശ്വാസത്തിലേക്ക് വെളിച്ചം വീശുന്നു.

## അല്ലാഹുവിനെ അറിഞ്ഞവരായിട്ടും പ്രതിസന്ധിയിൽ അവനോട് പ്രാർത്ഥിച്ചിട്ടും എന്ത് കൊണ്ട് ഖുർആൻ അവരെ വിമർശിച്ചു?

അല്ലാഹുവിൽ വിശ്വസിക്കുകയും അവനോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്ന മക്കയിലെ പ്രബോധിത സമൂഹത്തെ വിശുദ്ധ ഖുർആൻ വിമർശിച്ചതും അവരുടെ വിശ്വാസത്തിലെ ചില തെറ്റായ നിലപാടുകൾ കാരണമായിരുന്നു. അതിന്റെ ഉത്തരം ഖുർആൻ ഇപ്രകാരം പറയുന്നു:

وَيَعْبُدُونَ مِن دُونِ اللَّـهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَـٰؤُلَاءِ شُفَعَاؤُنَا عِندَ اللَّـهِ ....... ﴿١٨﴾ ﴿سورة يونس﴾

"അവർ അല്ലാഹുവിന് പുറമെ ആരാധനകൾ ചെയ്തുകൊണ്ടിരിക്കുന്നത് അവർക്ക് ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്തവയെയാണ്. ഇവരൊക്കെ അല്ലാഹുവിന്റെയടുക്കൽ ഞങ്ങളുടെ ശുപാർശകരാണെന്ന് അവർ പറയുകയും ചെയ്യുന്നു." (വി. ഖു: 10:18)

മഹാന്മാർ തങ്ങളുടെ ശുപാർശകരാണെന്ന വിശ്വാസത്തോടെ അവരുടെ ശുപാർശകളിലൂടെ അല്ലാഹുവിന്റെ പ്രീതി നേടാം എന്നവർ വിശ്വസിച്ചു. ഇതാണ് അവരുടെ വഴിതെറ്റിയ വിശ്വാസത്തിൽ ഒന്ന്.

സൂറത്ത് സുമറിലെ മൂന്നാം വചനത്തിലൂടെ അവരുടെ

വ്യതിയാന ചിന്തയുടെ മർമ്മത്തിലേക്ക് ഖുർആൻ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.

أَلَا لِلَّـهِ الدِّينُ الْخَالِصُ ۚ وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّـهِ زُلْفَىٰ إِنَّ اللَّـهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ اللَّـهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ ﴿٣﴾ ﴿سورة الزمر﴾

"അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (39:3)

മുകളിൽ സൂചിപ്പിച്ചതു പോലെ ശുപാർശക്കാരായി അന്ത്യദിനത്തിൽ മഹാൻമാരെ ലഭിക്കാൻ വേണ്ടി അവരെ ആദരിച്ചും ആരാധിച്ചും ജീവിച്ച അവർ അല്ലാഹുവിങ്കലേക്ക് പാപികളായ തങ്ങളെ ഈ മഹാത്മാക്കൾ അടുപ്പിക്കും എന്ന് ചിന്തിച്ചിരുന്നുവെന്നും അതാണ് അവരെ ശിർക്കിലേക്ക് എത്തിച്ചതെന്നും ഖുർആൻ ഇവിടെ പ്രസ്താവിക്കുന്നു.

## ഇപ്രകാരം അവർ വിശ്വസിച്ചിരുന്നു എന്നത് ഏതെങ്കിലും തഫ്സീറുകൾ കൊണ്ട് സ്ഥാപിക്കാമോ?

റാസി ﵀ രേഖപ്പെടുത്തുന്നു:

أَنَّهُمْ وَضَعُوا هَذِهِ الْأَصْنَامَ وَالْأَوْثَانَ عَلَى صُوَرِ أَنْبِيَائِهِمْ وَأَكَابِرِهِمْ ، وَزَعَمُوا أَنَّهُمْ مَتَى اشْتَغَلُوا بِعِبَادَةِ هَذِهِ التَّمَاثِيلِ ، فَإِنَّ أُولَئِكَ الْأَكَابِرَ تَكُونُ شُفَعَاءَ لَهُمْ عِنْدَ اللهِ تَعَالَى ،

"അവർ ഈ വിഗ്രഹങ്ങളെ സ്ഥാപിച്ചത് അവരുടെ പ്രവാ

ചകന്മാരുടെയും മഹത്തുക്കളുടെയും രൂപത്തിലായിരുന്നു. അവർ ഈ വിഗ്രഹങ്ങളെ ആരാധിക്കുകയാണെങ്കിൽ ആ മഹത്തുക്കൾ (വിഗ്രഹങ്ങൾ പ്രതിനിധീകരിക്കുന്ന) അവർക്കു വേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യും എന്നവർ ജൽപിച്ചിരുന്നു.” (തഫ്സീറുൽ കബീർ 17/227)

മേൽ വചനം വ്യാഖ്യാനിച്ചു കൊണ്ട് ഇമാം ത്വബ്‌രിﷺ രേഖപ്പെടുത്തുന്നു:

وَكَانَ الْمُشْرِكُونَ يَزْعُمُونَ أَنَّهَا تَشْفَعُ لَهُمْ عِنْدَ اللهِ ...... وَأَنَّهَا لَا تَشْفَعُ لِأَحَدٍ ، وَلَا تَنْفَعُ وَلَا تَضُرُّ .(جامع البيان)

“നിശ്ചയമായും അവ (വിഗ്രഹങ്ങൾ) അല്ലാഹുവിങ്കൽ അവർക്കു വേണ്ടി ശുപാർശ പറയും എന്നവർ (മുശ്‌രിക്കുകൾ) വാദിച്ചിരുന്നു. എന്നാൽ നിശ്ചയമായും അവ ഒരാൾക്കുവേണ്ടിയും ശുപാർശ ചെയ്യുന്നതല്ല. ഉപകാരമോ ഉപദ്രവമോ വരുത്തിവെക്കുന്നതുമല്ല.” (ജാമിഉൽ ബയാൻ - 15/47)

## മഹാൻമാർക്ക് സ്വയം കഴിവില്ലെന്ന വിശ്വാസത്തിൽ അവരെ വിളിച്ച് തേടിയാൽ ശിർക്കാവില്ലെന്ന് പറയപ്പെടുന്നതിന്റെ യാഥാർത്ഥ്യമെന്ത്?

അല്ലാഹുവിന് പുറമെ അവർ പ്രാർത്ഥിച്ചിരുന്ന ആരാധ്യൻമാരെ സംബന്ധിച്ച് അവർക്ക് സ്വയം കഴിവുണ്ടെന്നോ സ്വതന്ത്രമായ കൈകാര്യ കർതൃത്വം സാധിക്കുന്നവരാണെന്നോ മക്കയിലെ മുശ്‌രിക്കുകൾ വിശ്വസിച്ചിരുന്നില്ല. അവരുടെ ഹജ്ജുവേളകളിൽ അവർ ചൊല്ലിയിരുന്ന പ്രകീർത്തനങ്ങൾ ഇതിന് തെളിവാണ്:

لَبَّيْكَ لَا شَرِيكَ لَكَ ، إِلَّا شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ ،-مسلم

“അല്ലാഹുവെ, നിന്റെ വിളിക്ക് ഞങ്ങൾ ഉത്തരം നൽകിയിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനും ഇല്ല. ഒരു പങ്കുകാരനല്ലാതെ, ആ പങ്കുകാരനും അവൻ ഉടമപ്പെടുത്തിയതും (കഴിവുകൾ) നീയാണ് ഉടമപ്പെടുത്തുന്നത്” (മുസ്‌ലിം)

അപ്പോൾ സ്വതന്ത്രമായ അധികാരങ്ങളില്ലാത്ത, അല്ലാഹുവിന്റെ അധീനതയിലുള്ള മഹാത്മാക്കളോടുള്ള തേട്ടം ആയിരുന്നു

മക്കയിലെ അവിശ്വാസി സമൂഹം ഉദ്ദേശിച്ചത്. ഇതേ വിശ്വാസം നടേസൂചിപ്പിച്ചതു പോലെ മുസ്‌ലിം സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുവെന്ന് റാസിﷺ അദ്ദേഹത്തിന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നുണ്ട്.

وَنَظِيرُهُ فِي هَذَا الزَّمَانِ اشْتِغَالُ كَثِيرٍ مِنَ الْخَلْقِ بِتَعْظِيمِ قُبُورِ الْأَكَابِرِ، عَلَى اعْتِقَادِ أَنَّهُمْ إِذَا عَظَّمُوا قُبُورَهُمْ فَإِنَّهُمْ يَكُونُونَ شُفَعَاءَ لَهُمْ عِنْدَ اللهِ .

"(ബിംബാരധനയോട്) തുല്യമായ ഒരു പ്രവർത്തനമാണ് ഇക്കാലത്ത് അല്ലാഹുവിന്റെ പടപ്പുകളിൽ നിരവധി ആളുകൾ മഹാൻമാരുടെ ഖബറുകളെ ബഹുമാനിക്കുന്നതിൽ വ്യാപൃതരാവുക എന്നത്. അവർ ഈ ഖബറുകളെ ബഹുമാനിച്ചാൽ ആ ഖബറാളികൾ അവർക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യും എന്നാണവരുടെ വിശ്വാസം" (തഫ്സീറുൽ കബീർ 17/49)

റാസിﷺ തന്റെ കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ഈ സമീപനത്തെക്കുറിച്ച് പറഞ്ഞത് ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.

# മുഅ്ജിസത്തും കറാമത്തും

## എന്താണ് മുഅ്ജിസത്ത്? അതിന് പിന്നിലെ യുക്തി എന്ത്?

പ്രവാചകൻമാരുടെ പ്രവാചകത്വം തെളിയിക്കുന്നതിന് അവരിലൂടെ അല്ലാഹു പ്രകടിപ്പിക്കുന്ന അസാധാരണ സംഭവങ്ങൾക്കാണ് മുഅ്ജിസത്ത് എന്നു പറയുന്നത്. ശറഹുൽ അഖാഇദയിൽ മുഅ്ജിസത്തിനെ നിർവചിക്കുന്നത് ഇപ്രകാരമാണ്:

وهي أمر يظهر بخلاف العادة على يد مدعي النبوة عند تحدي المنكرين على وجه يعجز المنكرين على الاتيان بمثله.

"നിഷേധികൾ വെല്ലുവിളിക്കുന്ന സന്ദർഭത്തിൽ സമാനമായതു കൊണ്ടുവരാൻ അവർക്ക് സാധ്യമല്ലെന്ന് തെളിയിക്കുന്ന രൂപത്തിൽ പ്രവാചകത്വം വാദിക്കുന്ന ആൾമുഖേന പ്രകടമാകുന്ന അസാധാരണ സംഭവത്തിനാണ് മുഅ്ജിസത്ത് എന്നു പറയുന്നത്." (ശറഹുൽ അഖാഇദ പേജ് :134)

മുഅ്ജിസത്ത് പ്രവാചകന്റെ പ്രവർത്തനമോ കഴിവിൽ പെട്ടതോ അല്ല. അത് അല്ലാഹുവിന്റെ പ്രവർത്തനവും അവന്റെ മാത്രം കഴിവിൽ പെട്ടതുമാണ്.

അല്ലാഹു പറയുന്നു:

وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّـهِ -﴿سورة غافر﴾

"അല്ലാഹുവിന്റെ അനുവാദം കൂടാതെ ഒരു പ്രവാചകനും ഒരു ദൃഷ്ടാന്തവും കൊണ്ടുവരാവതല്ല" (40:78)

അസാധാരണ കാര്യങ്ങൾ ചെയ്തു കാണിക്കാൻ നബിﷺ യോട് ജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ താൻ മനുഷ്യനായ ഒരു ദൂതൻ മാത്രമാണ് എന്ന് പറയാനാണ് അല്ലാഹു കൽപിച്ചത്.

قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا ﴿٩٣﴾ ﴿سورة الإسراء﴾

"(നബിയേ) പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമല്ലേ."

(17:93)

മുഅ്ജിസത്തുകൾ സംഭവിക്കുന്നത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രമാണ്. ഇഷ്ടാനുസരണം മുഅ്ജിസത്തു കൊണ്ട്സഹായിക്കണമെന്ന് പ്രവാചകൻമാരോട് ആവശ്യപ്പെടുന്നത് നിരർത്ഥകമാണ്.

## എന്താണ് കറാമത്ത്? ഒരാൾ എപ്പോഴാണ് വലിയ്യാവുക?

അല്ലാഹുവിനെ ഭയപ്പെട്ടു ജീവിക്കുന്ന ചില സത്യവിശ്വാസികൾക്ക് (ഔലിയാക്കൾക്ക്) അല്ലാഹു നൽകുന്ന ആദരവാണ് കറാമത്ത്. ഇത് ചിലപ്പോൾ അസാധാരണ കാര്യങ്ങളായും അല്ലാഹു വെളിപ്പെടുത്താം. പ്രവാചകൻമാർ ഉദ്ദേശിക്കുമ്പോഴെല്ലാം മുഅ്ജിസുത്തുകൾ പ്രകടമാവാത്തതു പോലെ തന്നെ അല്ലാഹുവിന്റെ ഇഷ്ടദാസൻമാർ (വലിയ്യുകൾ) ഉദ്ദേശിക്കുന്ന സന്ദർഭങ്ങളിലെല്ലാം കറാമത്തും പ്രകടമാവുന്നതല്ല. ഏതായാലും കറാമത്ത് പ്രാവർത്തികമാക്കുന്നത് അല്ലാഹുവാണ്, വലിയ്യ് അല്ല. ആരാണ് വലിയ്യ് എന്ന് ഖുർആൻ പറയുന്നു:

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾ الَّذِينَ آمَنُوا وَكَانُوا يَتَّقُونَ ﴿٦٣﴾ ﴿سورة يونس﴾

"അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്കു ഭയപ്പെടുകയോ ദുഃഖിക്കേണ്ടിവരികയോ ചെയ്യുകയില്ല. വിശ്വസിക്കുകയും സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരത്രെ അവർ" (10:62,63)

## തങ്ങൾക്ക് കറാമത്തുണ്ടെന്ന് പറഞ്ഞ് ചിലർ വലിയ്യുകളായി രംഗപ്രവേശനം ചെയ്യുന്നു. എന്നാൽ കറാമത്തുള്ളവർ എങ്ങനെ ജീവിക്കണം?

കറാമത്തിനെ കുറിച്ച് മുഹ്‌യിദ്ധീൻ ശൈഖ് ﵀ രേഖപ്പെടു

ത്തുന്നു.

لأن من شرط الولاية كتمان الكرامات (غنية)

"തീർച്ചയായും വിലായത്തിന്റെ നിബന്ധനയിൽ പെട്ടതാണ് കറാമത്തുകൾ മറച്ചുവെക്കൽ" (ഗുൻയ - 2/163)

അപ്പോൾ കറാമത്ത് പരസ്യപ്പെടുത്തേണ്ട കാര്യമല്ല എന്ന് വ്യക്തമായി. എങ്കിൽ കറാമത്ത് കഥകൾ പറഞ്ഞ് പ്രചരിപ്പിക്കുന്നവരുടെ ചൂഷണ മനസ്സ് തിരിച്ചറിയാൻ നമുക്ക് സാധിക്കണം. കാരണം പ്രവാചകൻﷺയുടെ സ്വഹാബികളിൽ പലർക്കും പലവിധ കറാമത്തുകളും അല്ലാഹു നൽകിയതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പക്ഷേ, അതിന്റെ പേരിൽ പ്രചാരണങ്ങൾ അഴിച്ചുവിട്ട് ആത്മീയ ഗുരുക്കളായി അവരെ അവരോധിച്ച് ആരാധനാകേന്ദ്രങ്ങൾ പണിയാൻ നമ്മുടെ മുൻഗാമികൾ തുനിഞ്ഞിട്ടില്ല. അതിനാൽ തനിക്ക് വിലായത്തുണ്ട് എന്ന് അവകാശപ്പെട്ടു വരുന്നവർ യഥാർത്ഥ വലിയ്യുകളല്ല അതാണ് മുഹ്യുദ്ദീൻ ശൈഖ്ؒയുടെ വാചകങ്ങളുടെ ശരിയായ വിവക്ഷ.

## വലിയ്യ് കറാമത്ത് കൊണ്ട് തന്നെ സഹായിക്കും എന്ന വിശ്വാസത്തിൽ സഹായം തേടാമോ?

വലിയ്യിനോടുള്ള ബഹുമാനമായി അല്ലാഹു വെളിപ്പെടുത്തുന്ന കാര്യമാണ് കറാമത്ത്. ഇത് മുഖേന മരിച്ചു പോയ വലിയ്യിനോട് സഹായം തേടുന്നത് വിഢിത്തമാണ്. ഔലിയാക്കൾക്ക് സ്വന്തം ശരീരത്തെ പോലും സംരക്ഷിക്കാൻ സാധിക്കാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ശത്രുക്കളാൽ വധിക്കപ്പെട്ട മൂന്ന് ഖലീഫ മാരുടെയും പല സ്വഹാബിമാരുടെയും ചരിത്രം അതിന് സാക്ഷിയാണ്.

# തവസ്സുൽ

## തവസ്സുൽ അനുവദിക്കപ്പെട്ടതും വിരോധിക്കപ്പെട്ടതുമായ മേഖലകൾ ഏതെല്ലാം?

സൃഷ്ടികൾ ഏതെങ്കിലും ഒരു പുണ്യകർമം മുഖേന അല്ലാഹുവിങ്കലേക്കടുക്കുവാനുള്ള ശ്രമത്തിന്നാണ് ശറഇൽ തവസ്സുൽ എന്നു പറയുന്നത്. അല്ലാഹു പ്രാർത്ഥന സ്വീകരിക്കാൻ അവനിലേക്ക് വസീല തേടുന്നത് നല്ലതാണ്. ഖുർആനിന്റെ ആഹ്വാനം കാണുക:

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّـهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾ ﴿سورة المائدة﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗം തേടുകയും, അവൻറെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്യുക. നിങ്ങൾക്ക് (അത് വഴി) വിജയം പ്രാപിക്കാം." (വി.ഖു.5:35)

അല്ലാഹുവിങ്കലേക്ക് വസീല തേടുക എന്ന വചനത്തിന് അമ്പിയ-ഔലിയാക്കളെ ഇടയാളൻമാരും മദ്ധ്യവർത്തികളും ആക്കി അവനിലേക്ക് സാമീപ്യം തേടുക എന്ന തെറ്റായ വ്യഖ്യാനം, പ്രമാണങ്ങളുടെ പിന്തുണയില്ലാത്തതും ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ കൈകാര്യം ചെയ്ത പൂർവ്വ സൂരികളുടെ ചരിത്രത്തിലെവിടെയും അറിയപ്പെടാത്തതുമാണ്.

## തവസ്സുൽ എന്നവാക്കിനെ മുഫസ്സിറുകൾ നിർവചിച്ചത് എങ്ങനെയാണ്?

സൂറത്തുൽ മാഇദ മുപ്പത്തിയഞ്ചിന്റെ വ്യാഖ്യാനത്തിൽ:

തവസ്സുലിനെ ദുർവ്യാഖ്യാനിക്കുന്നവർ അംഗീകരിക്കുന്ന മുഫസ്സിറുകൾ തന്നെ നൽകിയ ചില അർത്ഥങ്ങൾ കാണുക.

مِنْ فِعْلِ الطَّاعَاتِ وَتَرْكِ الْمَعَاصِي ، (البيْضاوِي)

"കുറ്റകൃത്യങ്ങൾ വെടിഞ്ഞു കൊണ്ടും സൽക്കർമ്മ ങ്ങൾ അനുഷ്ഠിച്ച് കൊണ്ടും നിങ്ങൾ അവനിലേക്കടുക്കുക." (ബൈളാവി 2/321)

مَا يُقَرِّبُكُمْ إِلَيْهِ مِنْ طَاعَتِهِ -(تفسير الجلالين)

"നിങ്ങളെ അവനിലേക്കടുപ്പിക്കുന്ന സൽക്കർമ്മങ്ങൾ അനു ഷ്ഠിച്ചു കൊണ്ട് നിങ്ങൾ അവനിലേക്കടുക്കുക" (ജലാലൈനി - 2/211)

يعني بالوسيلة القربة (جامع البيان)

"വസീല കൊണ്ടുദ്ദേശിക്കുന്നത് പുണ്യകർമ്മമാണ്." (ത്വബ്'രി 10/290)

ഇബ്'നു കഥീർ ﵀ ന്റെ വാചകം വായിക്കുക:

( وَابْتَغُوا إِلَيْهِ الْوَسِيلَةَ ) قَالَ سُفْيَانُ الثَّوْرِيُّ حَدَّثَنَا أَبِي ، عَنْ طَلْحَةَ عَنْ عَطَاءٍ عَنِ ابْنِ عَبَّاسٍ : أَيِ الْقُرْبَةَ . وَكَذَا قَالَ مُجَاهِدٌ [ وَعَطَاءٌ ] وَأَبُو وَائِلٍ وَالْحَسَنُ وَقَتَادَةُ وَعَبْدُ اللهِ بْنُ كَثِيرٍ وَالسُّدِّيُّ وَابْنُ زَيْدٍ . وَقَالَ قَتَادَةُ : أَيْ تَقَرَّبُوا إِلَيْهِ بِطَاعَتِهِ وَالْعَمَلِ بِمَا يُرْضِيهِ . وَقَرَأَ ابْنُ زَيْدٍ : ( أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ ) [ الْإِسْرَاء : ٥٧ ] وَهَذَا الَّذِي قَالَهُ هَؤُلَاءِ الْأَئِمَّةُ لَا خِلَافَ بَيْنَ الْمُفَسِّرِينَ فِيهِ

"ആയത്തിൽ പറഞ്ഞ വസീലയുടെ ഉദ്ദേശ്യം അവനിലേക്ക് അടുക്കാനുള്ള മാർഗ്ഗങ്ങളാണ് എന്ന് ഇബ്'നു അബ്ബാസ്, മുജാഹിദ്, അബൂവാഇൽ, ഹസനുൽ ബസ്വരി, ഖതാദ, അബ്ദു ല്ലാഹിബിൻ കസീർ, സുദ്ദി, ഇബ്'നുസൈദ് തുടങ്ങി ധാരാളം പേർ പറഞ്ഞിരിക്കുന്നു. അവനെ വഴിപ്പെട്ടുകൊണ്ടും അവൻ തൃപ്തിപ്പെട്ട കർമ്മങ്ങൾ ചെയ്തുകൊണ്ടും അല്ലാഹുവിലേക്ക് അടുക്കുക എന്ന് ഖതാദ് പറഞ്ഞിരിക്കുന്നു... ഇമാമുമാർ പറഞ്ഞ ഈ കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ

അഭിപ്രായ വ്യത്യാസമില്ല.” (ഇബ്നു കസീർ 3/103).

ചുരുക്കത്തിൽ സൽക്കർമ്മങ്ങൾ, പ്രാർത്ഥന തുടങ്ങിയ കാര്യങ്ങളിലൂടെ അല്ലാഹുവിലേക്കടുക്കുവാൻ ഒരടിമ ചെയ്യുന്ന കാര്യത്തെ സംബന്ധിച്ചാണ് തവസ്സുൽ എന്ന് ഖുർആൻ വിളിച്ചത്. അതല്ലാതെ മഹാത്മാക്കളുടെ ഹഖ്, ജാഹ്, ബർകത്ത് കൊണ്ടുള്ള ഇടതേട്ടമാണ് തവസ്സുൽ എന്നത് പ്രാമാണികമായി തെളിയിക്കാൻ സാധ്യമല്ല. മാത്രവുമല്ല, അത് ജാഹിലിയ്യാ സമൂഹത്തിന്റെ വിശ്വാസത്തിൽ പെട്ടതാണ്. അത് ഇന്നും നിലനിൽക്കുന്നു.

## മഹാത്മാക്കൾ നമുക്ക് ശുപാർശകരാകും എന്ന വിശ്വാസത്തോടെ അവരോട് വിളിച്ചു തേടൽ ഒരു ജാഹിലിയ്യാ സമ്പ്രദായമാണ് എന്നത് വഹാബി പ്രസ്ഥാനം പടച്ചുണ്ടാക്കിയ നൂതനവാദമല്ലേ?

ഖുർആനും സുന്നത്തും പൂർവസൂരികളുടെ മാർഗമനുസരിച്ച് സ്വീകരിക്കുന്ന സലഫീ സമൂഹത്തെ അധിക്ഷേപിക്കാൻ ശത്രുക്കൾ ഉപയോഗിക്കുന്ന പ്രയോഗമാണ് വഹാബികൾ എന്നത്. വിശ്വാസവ്യതിയാനത്തിൽ ആണ്ടുപോയ ഒരു സമൂഹത്തെ അതിൽനിന്നും വിമോചിപ്പിക്കാൻ പരിശ്രമിച്ച മുഹമ്മദ്ബ്നു അബ്ദുൽ വഹാബിലേക്ക് ചേർത്താണ് ഈ പ്രയോഗം ഇവർ നടത്തുന്നത്.

എന്നാൽ ചോദ്യത്തിൽ പറഞ്ഞ വിഷയം മുഹമ്മദുബ്നു അബ്ദുൽ വഹാബിന്റെ മാത്രം ആശയമല്ല. പ്രമാണങ്ങളുടെ വെളിച്ചത്തിൽ പലപണ്ഡിതന്മാരും ഇത് വ്യക്തമാക്കിയിട്ടുണ്ട്.

റാസിﷺ പറയുന്നു:

وَنَظِيرُهُ فِي هَذَا الزَّمَانِ اشْتِغَالُ كَثِيرٍ مِنَ الْخَلْقِ بِتَعْظِيمِ قُبُورِ الْأَكَابِرِ، عَلَى اعْتِقَادِ أَنَّهُمْ إِذَا عَظَّمُوا قُبُورَهُمْ فَإِنَّهُمْ يَكُونُونَ شُفَعَاءَ لَهُمْ عِنْدَ اللهِ .

“ഇക്കാലത്ത് (ബിംബാരാധനയോട്) തുല്യമായ ഒരു പ്രവർത്തനമാണ് അല്ലാഹുവിന്റെ പടപ്പുകളിൽ നിരവധി ആളുകൾ മഹാൻമാരുടെ ഖബറുകളെ ബഹുമാനിക്കുന്നതിൽ വ്യാപൃതരാവുക എന്നത്. അവർ ഈ ഖബറിലുള്ളവരെ ബഹുമാനിച്ചാൽ ആ ഖബറാളികൾ അവർക്കുവേണ്ടി അല്ലാഹുവിങ്കൽ

ശുപാർശ ചെയ്യും എന്നാണവരുടെ വിശ്വാസം" (തഫ്സീറുൽ കബീർ 17/49)

റാസി വീണ്ടും പറയുന്നു:

أَنَّ الَّذِينَ عَظُمَتْ مَنْزِلَتُهُمْ وَهُمُ الْأَنْبِيَاءُ لَا يَعْبُدُونَ إِلَّا اللهَ تَعَالَى وَلَا يَبْتَغُونَ الْوَسِيلَةَ إِلَّا إِلَيْهِ ، فَأَنْتُمْ بِالِاقْتِدَاءِ بِهِمْ أَحَقُّ فَلَا تَعْبُدُوا غَيْرَ اللهِ تَعَالَى ،

"തീർച്ചയായും ഉയർന്ന പദവിയിലുള്ള പ്രവാചകൻമാർ പോലും അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നില്ല. അവനിലേക്കല്ലാതെ സാമീപ്യത്തെ ആഗ്രഹിക്കുന്നില്ല. നിങ്ങളും അവരെ പിന്തുടരാൻ അവകാശപ്പെട്ടവരാണ്. അതിനാൽ നിങ്ങൾ അവനെയല്ലാതെ ആരാധിക്കരുത്." (തഫ്സീറുൽ കബീർ 20/186)

# നേർച്ചയും ബലികർമവും

## നേർച്ചയുടെ ഇസ്‌ലാമിക മാനം എന്താണ്?

പ്രാർത്ഥന പോലെ അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ട രണ്ടു ആരാധനാ കർമ്മങ്ങളാണ് നേർച്ചയും ബലികർമ്മവും. നബിﷺ പറയുന്നു:

مَنْ نَذَرَ أَنْ يُطِيعَ اللهَ فَلْيُطِعْهُ وَمَنْ نَذَرَ أَنْ يَعْصِيَ اللهَ فَلَا يَعْصِهِ (البخاري)

"അല്ലാഹുവിനെ അനുസരിക്കാൻ വല്ലവനും നേർച്ചയാക്കിയാൽ അതവൻ അനുസരിച്ചു കൊള്ളട്ടെ. അവന് അനുസരണക്കേട് കാണിക്കാൻ വല്ലവനും നേർച്ചയാക്കിയാൽ അവൻ അല്ലാഹുവിനെ ധിക്കരിക്കരുത്." (ബുഖാരി)

നേർച്ച അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണെന്നും അതവൻ കൽപിച്ച പുണ്യകർമങ്ങളുടെ വിഷയത്തിലായിരിക്കണമെന്നും മേൽ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. തഫ്സീർ റൂഹുൽ ബയാനിൽ പോലും കാണാം:

والنّذرُ قُربة مشرُوعة ولا يصِحُّ إلاّ فِي الطاعةِ

"നേർച്ച മതപരമായ ഒരു പുണ്യകർമ്മമാണ്. പുണ്യകർമ്മങ്ങളിൽ മാത്രമേ അതു സാധുവാകുകയുള്ളൂ" (റൂഹുൽ ബയാൻ 10/264)

ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതൻ ഇബ്നു ഹജറുൽ ഹൈതമി രേഖപ്പെടുത്തുന്നു.

وَشَرْعًا الْوَعْدُ بِخَيْرٍ بِالْتِزَامِ الْقُرْبَةِ

"മതത്തിൽ നേർച്ചയെന്നു പറയപ്പെടുന്നത് ഒരു പുണ്യ കർമ്മം

നിർബന്ധമായും ചെയ്യുമെന്ന് വാഗദ്ത്തം ചെയ്യുന്നതിന്നാണ്."(തുഹ്ഫ 10/67)

## അപ്പോൾ സലഫികൾ എതിർക്കുന്ന നേർച്ച എന്താണ്?

എന്നാൽ ഇന്ന് മുസ്‌ലീങ്ങൾക്കിടയിൽ നടന്നു വരുന്ന ഒരു നേർച്ചയുണ്ട്. ഏതെങ്കിലും ഒരു വലിയ്യിന്റെ പ്രീതിയും സാമീപ്യവും ലഭിക്കാൻ വേണ്ടി കാലികളേയും കോഴികളേയും അവരുടെ പേരിൽ നേർച്ചയാക്കുന്ന സമ്പ്രദായം. ഇത്തരം നേർച്ചകൾ മുശ്‌രിക്കുകളിൽ നിന്ന് കടം വാങ്ങിയതും ജാഹിലിയ്യാ സമ്പ്രദായവും ശിർക്കുമാണ്. ഖുർആനിലോ നബിചര്യയിലോ സച്ചരിതരായ മുൻഗാമികളുടെ ജീവിത വീഥിയിലോ ഈ രൂപത്തിലുള്ള നേർച്ചകൾക്ക് തെളിവുകൾ കാണാൻ സാധിക്കുകയില്ല.

## ഈ വാദം പ്രാമാണികമായി തെളിയിക്കാമോ?

ഇത്തരം നേർച്ചകൾ നടത്തുന്നവർ ഏറെ ബഹുമാനിക്കുന്ന പണ്ഡിതന്മാരുടെ വാചകങ്ങൾകൊണ്ട് തന്നെ ഇത് തെളിയിക്കാൻ സാധിക്കും.

സൂറുത്തുൽ മാഇദ 103-ാം വചനത്തിൽ അറേബ്യൻ മുശ്‌രിക്കുകളുടെ നേർച്ചയെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വചനത്തിന്റെ വ്യാഖ്യാനത്തിൽ സ്വാവി രേഖപ്പെടുത്തുന്നു.

وَمِثْلُ ذَلِكَ فِي الحُرْمَةِ مَا يَفْعَلُهُ بَعْضُ السُفهَاء العَوَامِ مِنْ كَونِهِم يُرسِلُونَ عِجْلا اوشاة عَلى اسْمِ وَلِيّ مِنْ الأَوْلِيَاء تَاْكُلُ مِنْ اَمْوَالِ النَّاس وَلاَ يَتَعَرضُ لَهَا أَحَدٌ فَإذَا نَصَحَهُم إنسَانٌ وَقَالَ لَهُمْ إِن ذَلِكَ حَرامٌ اَسَاءُوا بِهِ الظن وقالواأنَّه لاَ يُحِب الاَولِيَاءَ فإذَا اعتَقَدُوا أَنَّهُ قربَةٌ وطَاعَةٌ فَقَد كَفرُوا و إلا فَهوَ من جملَةِ المحَرمَاتِ ويَحسَبُونَ اَنهم عَلَى شَيء أَلاَ إنّهُم هم الكَاذبونَ (حاشية الصاوي على الجلالين)

"പ്രസ്തുത വചനത്തിൽ പറഞ്ഞ മുശ്‌രിക്കുകളുടെ നേർച്ച പോലെ തന്നെ ഹറാമാണ്; അവിവേകികളായ പൊതു ജനങ്ങളിൽ ചിലർ ചെയ്യുന്നതും. അവർ ഔലിയാക്കളെന്ന

പേരിൽ അറിയപ്പടുന്ന ഏതെങ്കിലും ഒരു വലിയ്യിന്റെ പേരിൽ ആടിനെയോ കാളയെയോ നേർച്ചയാക്കി വിട്ടയക്കും. അത് ജനങ്ങളുടെ സ്വത്തുക്കൾ തിന്നും. ആരും അതിനെ തടയുക യില്ല. ഇത് (ഈ നേർച്ച) ഹറാമാണെന്ന് ആരെങ്കിലും അവരെ ഉപദേശിച്ചാൽ അവനെക്കുറിച്ച് ഇവർ തെറ്റിദ്ധരിക്കും. അവർ പറയും: അയാൾ ഔലിയാക്കളെ പ്രിയം വെക്കാത്തവനാണ് എന്ന് - ഇത്തരം നേർച്ചകൾ പുണ്യകർമ്മവും അല്ലാഹുവിനെ അനുസരിക്കലുമാണെന്ന് വല്ലവനും വിശ്വസിക്കുന്ന പക്ഷം അവൻ കാഫിറായി. അല്ലാത്ത പക്ഷം നിഷിദ്ധമായ കാര്യ ങ്ങളുടെ കൂട്ടത്തിൽ ഒരു നിഷിദ്ധവുമാകുന്നു. അവർ വിചാരി ക്കുന്നു. അവർ എന്തോ വലിയ കാര്യം ചെയ്യുന്നവരാണെന്ന്. എന്നാൽ നിങ്ങൾ മനസ്സിലാക്കണം, അവർ തന്നെയാണ് കളവ് പറയുന്നവർ" (സ്വാവി: 1/291)

## ഖബറാളിയുടെ പൊരുത്തം നേടാൻ വേണ്ടി നേർച്ച നേരാമോ?

ഖബറിലുള്ളവർക്കു വേണ്ടി അവരുടെ പൊരുത്തവും സാമീ പ്യവും ഉദ്ദേശിച്ചു കൊണ്ടു നടത്തുന്ന നേർച്ചകൾ സാധുവല്ല. ഇബ്നു ഹജറുൽ ഹൈതമി രേഖപ്പെടുത്തുന്നു.

وأما النذر للمشاهد الذي بنيت على قبر ولي أو نحوه فإن قصد به الإيقاد على القبر ولو مع قصد التنوير فلا وإن قصد به وهو الغالب من العامة تعظيم البقعة أو القبر أو التقرب إلى من دفن فيها أو نسبت إليه فهذا نذر باطل غير منعقد، فإنهم يعتقدون أن لهذه الأماكن خصوصيات لا تفهم، ويرون أن النذر لها مما يدفع البلاء......... فإن أمكن أن يتأتى فيه أنه قصد بهذا النذر التقرب لمن في القبر بطل لأن القرب إنما يتقرب بها إلى الله تعالى لا إلى خلقه

ഒരു വലിയ്യിന്റെയോ മറ്റോ ഖബറിന്മേൽ നിർമ്മിക്കപ്പെട്ട ദർഗ്ഗകളിൽ കത്തിക്കുവാനായി നേർച്ച നേരുന്നത്, അവിടെ വെളിച്ചമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ പോലും സ്വീകര്യമല്ല. എന്നാൽ ആ ഖബറിനെയോ പ്രദേശത്തെയോ ബഹുമാനിക്കുവാനോ അവിടെ മറമാടപ്പെട്ടവരിലേക്കോ

അതുമായി ബന്ധപ്പെടുത്തി പറയപ്പെടുന്നവരിലേക്കോ സാമിപ്യം ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ - അതാണല്ലോ സാധാരണ ഉണ്ടാകുന്നത് - അത്തരം നേർച്ചകൾ അസ്വീകര്യവും നിരർത്ഥകവുമാകുന്നു. കാരണം ഇത്തരം സ്ഥലങ്ങൾക്ക് എന്തോ ചില സവിശേഷതകൾ ഉണ്ടെന്നും അവിടേക്ക് നേർച്ച നേർന്നാൽ അത് പ്രയാസങ്ങളെ തടയുമെന്നും അവർ വിശ്വസിക്കുകയും ചെയ്യുന്നു...... എന്നാൽ നാണയങ്ങൾ നേർച്ച നേരുന്നവൻ ആ നേർച്ചകൊണ്ട് ഖബ്റാളിയുടെ സാമിപ്യം സിദ്ധിക്കലാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായാൽ ആ നേർച്ച നിരർത്ഥകമായി. കാരണം സൽകർമ്മം മുഖേനയുള്ള സാമിപ്യങ്ങൾ അല്ലാഹുവിലേക്ക് മാത്രമെ ആകാവൂ. അവന്റെ സൃഷ്ടികളിലേക്കായിക്കൂട. (ഫതാവൽ കുബ്റാ 4/286)

## ബലികർമ്മത്തെക്കുറിച്ച് ഖുർആൻ എന്ത് പറയുന്നു?

നേർച്ച പോലെ തന്നെ ഒരു ആരാധനാ കർമ്മമാണ് ബലികർമ്മവും. വിശുദ്ധ ഖുർആൻ നേർച്ചകൾ നേർന്നവരോട് അത് പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു. അപ്രകാരം തന്നെ നീ നിന്റെ രക്ഷിതാവിന്നു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക (അൽകൗസർ:2) എന്നും ഖുർആൻ ആവശ്യപ്പെടുന്നു.

## അല്ലാഹുവല്ലാത്തവരുടെ പേരിലുള്ള ബലികർമ്മത്തിന്റെ സ്ഥിതിയെന്താണ്?

ബലികർമ്മം അല്ലാഹുവിന് മാത്രം നിർവഹിക്കേണ്ട ആരാധനയാണ്. അല്ലാഹുവല്ലാത്തവർക്ക് വേണ്ടി അത് നിർവഹിച്ചുകൂടാ. അല്ലാഹുവല്ലാത്തവരുടെ പ്രീതി കാംക്ഷിച്ചു കൊണ്ടുള്ള ബലികൾ പണ്ഡിതൻമാർ വിലക്കുന്നു.

ഇമാം നവവി ﵀ രേഖപ്പെടുത്തുന്നു.

وَأَمَّا الذَّبْحُ لِغَيْرِ اللهِ فَالْمُرَادُ بِهِ أَنْ يَذْبَحَ بِاسْمِ غَيْرِ اللهِ تَعَالَى ؛ كَمَنْ ذَبَحَ لِلصَّنَمِ أَوِ الصَّلِيبِ ، أَوْ لِمُوسَى ، أَوْ لِعِيسَى صَلَّى اللهُ عَلَيْهِمَا ، أَوْ لِلْكَعْبَةِ وَنَحْوِ ذَلِكَ ، فَكُلُّ هَذَا حَرَامٌ ، وَلَا تَحِلُّ هَذِهِ الذَّبِيحَةُ ، سَوَاءٌ كَانَ

الذَّابِحُ مُسْلِمًا أَوْ نَصْرَانِيًّا أَوْ يَهُودِيًّا ، نَصَّ عَلَيْهِ الشَّافِعِيُّ ، وَاتَّفَقَ عَلَيْهِ أَصْحَابُنَا ، فَإِنْ قَصَدَ مَعَ ذَلِكَ تَعْظِيمَ الْمَذْبُوحِ لَهُ غَيْرِ اللهِ تَعَالَى وَالْعِبَادَةَ لَهُ كَانَ ذَلِكَ كُفْرًا ، فَإِنْ كَانَ الذَّابِحُ مُسْلِمًا قَبْلَ ذَلِكَ صَارَ بِالذَّبْحِ مُرْتَدًّا ، -(شرح مسلم)

"എന്നാൽ അല്ലാഹു അല്ലാത്തവർക്കു വേണ്ടി ബലിയറുക്കുക എന്നതിന്റെ ഉദ്ദേശം അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലിയറുക്കുക എന്നതാണ്. വിഗ്രഹം, കുരിശ്, കഅ്ബ മൂസാ നബി ﷺ, ഈസാ നബി ﷺ എന്നിവർക്കും അതുപോലുള്ളവർക്കും വേണ്ടി ബലിയറുക്കുന്നവനെപ്പോലെ. ഇതെല്ലാം നിഷിദ്ധമാണ്. ഈ ബലിയറുക്കപ്പെട്ടത് (മാംസം) ഭക്ഷിക്കൽ അനുവദീയമല്ല. അറുത്തവ്യക്തി മുസ്‌ലിമായിരുന്നാലും ക്രിസ്ത്യാനിയായിരുന്നാലും യഹൂദിയായിരുന്നാലും ശരി അതൊക്കെ തുല്യമാണ്. ഇക്കാര്യം ഇമാം ശാഫിഈ ﵀ വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യത്തിൽ നമ്മുടെ ആളുകൾ ഏകോപിക്കുകയും ചെയ്തിരിക്കുന്നു. ഇനി അറുക്കുന്നവന്റെ ഉദ്ദേശം ആർക്ക് വേണ്ടിയാണോ അറുക്കുന്നത് അവരെ ബഹുമാനിക്കലും അവർക്ക് ആരാധന അർപ്പിക്കലുമാണെങ്കിൽ അത് സത്യനിഷേധമാണ്. അറുക്കുന്നതിനു മുമ്പ് അവൻ മുസ്‌ലിമായിരുന്നെങ്കിൽ അറവോട് കൂടി അവൻ മത ഭ്രഷ്ടനായി മാറി." (ശറഹു മുസ്‌ലിം: 7/156,157)

## മുസ്‌ലിംകൾ ബിസ്മി ചൊല്ലിയാണല്ലോ അറുക്കുന്നത്. അപ്പോൾ പ്രസ്തുത ബിസ്മി വഴി അറവ് അല്ലാഹുവിന്റെ പേരിൽ ആയിത്തീരുന്നില്ലേ?

അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കുക എന്നു പറഞ്ഞത് ബിസ്മി ചൊല്ലി അറുക്കുന്നതിനെ കുറിച്ചല്ല. കാരണം അറുക്കുമ്പോൾ ബിസ്മി ചൊല്ലൽ മുസ്‌ലിമിന് നിർബന്ധമില്ല. സുന്നത്തേയുള്ളൂ. വേദക്കാർ അറുത്തത് ഭക്ഷിക്കാം എന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയത്. വേദക്കാർ ബിസ്മി ചൊല്ലി അറുക്കുകയില്ല. അപ്പോൾ അല്ലാഹു അല്ലാത്തവർക്കു വേണ്ടി അറുക്കുന്നതിനെ കുറിച്ചാണ് അല്ലാഹു

അല്ലാത്തവരുടെ പേരിൽ അറുക്കുക എന്നു പറഞ്ഞത്. താഴെ വരുന്ന നബി വചനം അത് വ്യക്തമാക്കുന്നു.

عَنْ عَلِيٍّ رَضِيَ اللهُ عَنْهُ قَالَ : حَدَّثَنِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بِأَرْبَعِ كَلِمَاتٍ : « لَعَنَ اللهُ مَنْ ذَبَحَ لِغَيْرِ اللهِ ............» مسلم

"അലി ﵁ ഉദ്ധരിക്കുന്നു. നാലു കാര്യങ്ങൾ നബി ﷺ എന്നോട് പറഞ്ഞു: അല്ലാഹു അല്ലാത്തവർക്കു വേണ്ടി അറുത്തവനെ അല്ലാഹു ശപിച്ചിരിക്കുന്നു" (മുസ്‌ലിം)

അഥവാ, അറവ് നടത്തുന്ന വ്യക്തി അല്ലാഹു അല്ലാത്തവരുടെ സാമീപ്യം ആഗ്രഹിക്കുകയും അവരുടെ തൃപ്തി പ്രതീക്ഷിക്കുകയും ചെയ്യുക വഴി പ്രസ്തുത ബലി അല്ലാഹുവിനു മാത്രം എന്ന ഗണത്തിൽ നിന്നു പുറത്തു പോകുന്നു.

## ഇത് കേരളത്തിലെ മുജാഹിദുകൾ ഉണ്ടാക്കിയ നൂതന വാദമല്ലേ?

ഒരിക്കലുമല്ല, ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതൻ ഇബ്നു ഹജറുൽ ഹൈതമി രേഖപ്പെടുത്തുന്നത് കാണുക:

قَالَ الْعُلَمَاءُ : «لَوْ ذَبَحَ مُسْلِمٌ ذَبِيحَةً وَقَصَدَ بِذَبْحِهِ التَّقَرُّبَ بِهَا إِلَى غَيْرِ اللهِ تَعَالَى صَارَ مُرْتَدًّا وَذَبِيحَتُهُ ذَبِيحَةُ مُرْتَدٍّ» .

"പണ്ഡിതൻമാർ പ്രസ്താവിച്ചിരിക്കുന്നു. ഒരു മുസ്‌ലിം ബലി കർമ്മം നിർവഹിക്കുകയും പ്രസ്തുത ബലി കർമ്മം കൊണ്ട് അല്ലാഹു അല്ലാത്തവരുടെ സാമീപ്യം ഉദ്ദേശിക്കുകയും ചെയ്താൽ അവൻ മുർതദ്ദ് (മതഭ്രഷ്ടൻ) ആയി തീർന്നു. അവന്റെ ബലി മുർതദ്ദിന്റെ ബലി കർമ്മമായി തീരുകയും ചെയ്തു." (അസവാജിർ 1/217)

കേരളത്തിൽ നടക്കുന്ന വിവിധ നേർച്ചകളുടെ അനുബന്ധമായി നടത്തുന്ന അറവുകൾ റബ്ബിന്റെ തൃപ്തിയും അനുഗ്രഹവും മാത്രം പ്രതീക്ഷിച്ച് നടത്തുന്നതാണോ? നാം സഗൗരവം ചിന്തിക്കുക.

# മന്ത്രങ്ങളും ഏലസ്സുകളും

ഖുർആൻ കൊണ്ടും മതപരമായ മറ്റു ദിക്റുകൾ കൊണ്ടും മന്ത്രിക്കുന്നത് പ്രാമാണികമാണ്. ഉറങ്ങാൻ കിടക്കുമ്പോൾ നബിﷺ കയ്യിൽ ഊതി ശരീരത്തിൽ തടവേണ്ട പ്രത്യേക മന്ത്രവും പ്രാർത്ഥനയും പഠിപ്പിച്ചു.

## മന്ത്രത്തിൽ വിമർശിക്കപ്പെട്ട മേഖലകൾ ഏതെല്ലാം?

മന്ത്രം എന്ന പേരിൽ പല അനാചാരങ്ങളും സമൂഹത്തിൽ നടക്കുന്നു. എന്താണ് അർത്ഥം എന്നുപോലും അറിയപ്പെടാത്ത പല ശബ്ദങ്ങളും ഉരുവിട്ടു കൊണ്ട് പല മന്ത്രവാദങ്ങളും പ്രചാരത്തിലുണ്ട്. അതിനെയാണ് സലഫികൾ എതിർക്കുന്നത്. മന്ത്രം എഴുതിക്കെട്ടലും കലക്കി കുടിക്കലും തിരുദൂതർ പഠിപ്പിച്ചതല്ല. ഇസ്‌ലാം പഠിപ്പിച്ച മന്ത്രങ്ങളും ദിക്റുകളും പകർത്തുകയും ശിർക്കൻ മന്ത്രങ്ങൾ അനിവാര്യമായും വിശ്വാസികൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

## ഇതിനുള്ള പ്രമാണമെന്താണ്?

നബിﷺ പറഞ്ഞു:

« مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ». (حاكم)

"നിശ്ചയം വല്ലവനും ഏലസ്സ് ബന്ധിച്ചാൽ അവൻ ശിർക്കു ചെയ്തു" (ഹാകിം-സ്വഹീഹ്)

മറ്റൊരു നബി വചനവും കൂടി ശ്രദ്ധിക്കുക:

«إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ» (أبودود)

“നിശ്ചയം (അനിസ്‌ലാമിക) മന്ത്രവും (കണ്ണേറിനു രക്ഷയായി കെട്ടുന്ന) ഏലസും ഭാര്യാഭർത്താക്കൻമാർ പിണങ്ങിയാൽ അവരെ യോജിപ്പിക്കുന്ന കവചവും ശിർക്കാണ്” (അബൂദാവൂദ്-സ്വഹീഹ്)

പൈശാചികവും അനിസ്‌ലാമികവുമായ മന്ത്രങ്ങൾ, ഏലസ്സ് എന്നിവയെപ്പോലെ ജനങ്ങൾ അല്ലാഹുവിൽ പങ്കു ചേർക്കാൻ സാധ്യതയുള്ളതുകൊണ്ടാണ് നൂലും വളയവും ധരിക്കൽ നബിയും സ്വഹാബത്തും കർശനമായി തടഞ്ഞത്.

ശരീരത്തിൽ ബന്ധിക്കപ്പെട്ട പ്രസ്തുത നൂല്, വളയം എന്നിവകളിൽ നിന്ന് അസ്വാഭാവികമായ ചിലത് രോഗി പ്രതീക്ഷിക്കുന്നുണ്ട്. അവന്റെ വസ്ത്രത്തിലോ, മറ്റേതെങ്കിലും സ്ഥലങ്ങളിലോ ഉള്ള നൂല്, വളയം എന്നിവ പോലെയല്ല അവൻ ഇതിനെ പരിഗണിക്കുന്നത്.

## എങ്കിൽ കണി നോക്കലും ലക്ഷണം നോക്കലും ഇതേ ഗണത്തിൽ ഉൾപ്പെടില്ലേ?

അതെ, ഇവ തികച്ചും തെറ്റായ പ്രവൃത്തികളാണ്. ഒരു സത്യവിശ്വാസി വീട്ടിൽ നിന്നിറങ്ങുന്നത്-

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ

(അല്ലാഹുവിന്റെ നാമത്തിൽ എന്റെ എല്ലാ കാര്യങ്ങളും ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചു) എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ്. ഗേറ്റിന്നടുത്തെത്തിയപ്പോൾ അവന്റെ മുന്നിലൂടെ ഒരു കറുത്ത പൂച്ച ഓടുകയും അവൻ ഇന്ന് ലക്ഷണം ശരിയല്ല എന്ന വിശ്വാസത്തിൽ വീട്ടിലേക്കു തന്നെ മടങ്ങുകയും ചെയ്യുന്നു. അവൻ വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഭരമേൽപിച്ചത് കറുത്ത പൂച്ചയിലാണ്, അല്ലാഹുവിൽ അല്ല. അതുകൊണ്ട് അതു തിൻമയാണ്. നബിﷺ അരുളി:

الطِّيَرَةُ شِرْكٌ الطِّيَرَةُ شِرْكٌ ثَلَاثًا (أبو داود)

“ലക്ഷണം നോക്കൽ ശിർക്കാണ്. പ്രവാചകൻ ഇത് മൂന്നു തവണ ആവർത്തിച്ചു” (അബൂദാവൂദ്-സ്വഹീഹ്)

# സത്യം ചെയ്യൽ

## സത്യം ചെയ്യുന്നതിൽ പിഴവ് വരുന്ന മേഖല എന്താണ്?

"ബദ്‌രീങ്ങളാണെ സത്യം, മുഹ്യുദ്ധീൻ ശൈഖാണ് സത്യം ഞാനത് ചെയ്തിട്ടില്ല, എടുത്തിട്ടില്ല" എന്നിങ്ങനെ അല്ലാഹു അല്ലാത്തവരെ പിടിച്ചു സത്യം ചെയ്യുന്ന സമ്പ്രദായം മുസ്‌ലിം കളിൽ ധാരാളമാണ്. നബിﷺ പറഞ്ഞു:

« مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ» .

"അല്ലാഹു അല്ലാത്തവരെ കൊണ്ട് വല്ലവനും സത്യം ചെയ്താൽ അവൻ അവിശ്വാസം പ്രവർത്തിച്ചു. അല്ലെങ്കിൽ ശിർക്കു ചെയ്തു" (തിർമുദി-സ്വഹീഹ്)

മറ്റൊരു നബി വചനം ശ്രദ്ധിക്കുക:

عَنِ ابْنِ عُمَرَ، قَالَ : كَانَ عُمَرُ يَحْلِفُ وَأَبِي فَنَهَاهُ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ ، فَقَالَ : « مَنْ حَلَفَ بِشَيْءٍ مِنْ دُونِ اللهِ فَقَدْ أَشْرَكَ» (مصنف عبد الرزاق)

"ഇബ്നു ഉമർ رضي الله عنه പ്രസ്താവിച്ചു ഉമർ رضي الله عنه (പിതാവിനെ പിടിച്ചു) സത്യം ചെയ്യാറുണ്ടായിരുന്നു. നബിﷺ അതു നിരോധിച്ചു കൊണ്ട് പറഞ്ഞു: അല്ലാഹു അല്ലാതെ വല്ല വസ്തുക്കളേയും കൊണ്ട് വല്ലവനും സത്യം ചെയ്താൽ തീർച്ചയായും അവൻ ശിർക്ക് ചെയ്തു." (മുസ്വന്നഫ് അബ്ദി റസാഖ്)

## അല്ലാഹുവിന്റെ ചിഹ്നങ്ങൾ കൊണ്ടും അവൻ ആദരവ് നൽകിയ മഹാത്മാക്കളെക്കൊണ്ടും സത്യം ചെയ്യുന്നതും മുകളിൽ പറഞ്ഞ തെളിവുകൾ പ്രകാരം തെറ്റാണോ?

തീർച്ചയായും ഇതും തെറ്റാണ്. മുകളിൽ നൽകിയ ഹദീസു

കളുടെ വിശദാംശങ്ങളിൽ ഈ കാര്യവും ഉൾപ്പെടും. താഴെ ചേർത്ത സംഭവത്തിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകും.

عن ابْن عُمَرَ سَمِعَ رَجُلًا يَقُولُ لَا وَالْكَعْبَةِ فَقَالَ ابْنُ عُمَرَ لَا يُحْلَفُ بِغَيْرِ اللهِ فَإِنِّي سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ. (ترمذى)

ഇബ്നു ഉമർ ﵁ വിൽ നിന്ന് നിവേദനം. അദ്ദേഹം ഒരാൾ പറയുന്നത് കേട്ടു. അല്ല, കഅ്ബയാണ് സത്യം. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്യരുത്. നിശ്ചയം അല്ലാഹുവിന്റെ ദൂതൻ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. വല്ലവനും അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ അവിശ്വാസം പ്രവർത്തിച്ചു, അല്ലെങ്കിൽ ശിർക്കു ചെയ്തു. (തിർമുദി-സ്വഹീഹ്)

# സുന്നത്തും ബിദ്അത്തും

## എന്താണ് സുന്നത്ത്?

സുന്നത്ത് എന്താണെന്ന് സലഫുകളായ പണ്ഡിതൻമാർ നമുക്ക് വിശദീകരിച്ച് തന്നിട്ടുണ്ട്. മുഹ്‌യുദ്ധീൻ ശൈഖ്ﷺ രേഖപ്പെടുത്തുന്നു:

السُّنَّةُ مَا سَنَّهُ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ

“നബിﷺ ചര്യയാക്കിയതിനാണ് സുന്നത്ത് എന്നു പറയുക”(ഗുൻയ 1/80)

ഇബ്‌ന ഹജർ അൽ അസ്ഖലാനിﷺ വിശദീകരിക്കുന്നു:

مَا جَاءَ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ مِنْ أَقْوَالِهِ وَأَفْعَالِهِ وَتَقْرِيرِهِ وَمَا هَمَّ بِفِعْلِهِ .

“നബിﷺ യിൽ നിന്നും വന്നിട്ടുള്ള അവിടുത്തെ വാക്കുകൾ, പ്രവൃത്തികൾ, അംഗീകാരം, അവിടുന്ന് ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്നിവക്കാണ് സുന്നത്ത് എന്നു പറയുന്നത്” (ഫത്ഹുൽ ബാരി 13/245)

## നബിﷺയുടെ അംഗീകാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്താണ്?

നബിﷺ യുടെ അംഗീകാരം എന്നതു കൊണ്ടുദ്ദേശിക്കുന്നത് നബിﷺ യുടെ മുന്നിൽ വെച്ച് ഒരു സ്വഹാബി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്തു. നബിﷺ അത് എതിർക്കാത്ത പക്ഷം അത് നബിﷺ അംഗീകരിച്ചതായി

പരിഗണിക്കപ്പെടും.

## നബിﷺ ചെയ്യാൻ ഉദ്ദേശിച്ച കാര്യവും സുന്നത്തിൽ ഉൾപ്പെടും എന്നത് കൊണ്ട് എന്താണുദ്ദേശിക്കുന്നത്?

ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത് നബിﷺ ഒരു കാര്യം പറഞ്ഞു നബിﷺക്ക് അക്കാര്യം ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും നമുക്കത് സുന്നത്താകും. മുഹർറം 9-ാം നോമ്പ് അതിലുൾപ്പെടുന്നു. മുഹർറം 10 നോമ്പ് അനുഷ്ഠിക്കുകയും അടുത്ത വർഷം ജീവിക്കുമെങ്കിൽ മുഹററം ഒമ്പതിന് നോമ്പെടുക്കും എന്ന് പറയുകയും ചെയ്തെങ്കിലും പ്രസ്തുത വർഷത്തിനു മുമ്പായി നബിﷺ വഫാത്തായി. അപ്പോൾ ചെയ്യാൻ ഉദ്ദേശിച്ച കാര്യമെന്ന നിലയിൽ മുഹർറം ഒമ്പത് നമുക്കും സുന്നത്താണ്.

## എന്താണ് ബിദ്അത്ത്?

അന്ത്യ പ്രവാചകൻ യാത്ര പറഞ്ഞത് ഖുർആനിന്റെ അനുയായികൾക്ക് ജീവിക്കാനുള്ള സമ്പൂർണ്ണമായ മാർഗ്ഗരേഖ വരച്ചു കാണിച്ചുതന്നതിനു ശേഷമാണ്. തന്റെ അന്തിമ പ്രസംഗത്തിൽ അവിടെ ഒരുമിച്ചു കൂടിയ ജനസഞ്ചയത്തിന് നബിﷺ ആ സന്ദേശം പകർന്നു നൽകുകയുണ്ടായി. ഹജ്ജത്തുൽ വദാഇൽ വെച്ചാണ് ഇസ്‌ലാം സമ്പൂർണ്ണമായ വിവരം ലോകത്തെ അറിയിക്കുന്നത്.

അല്ലാഹു പറയുന്നു:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ﴿سورة المائدة﴾

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.” (വി.ഖു.5:3)

ഒരു മുസ്‌ലിമിന്റെ ജീവിതത്തിന്റെ മുഴുവൻ മേഖലകളെയും

തിരുദൂതർ വിശദമായി പഠിപ്പിച്ചു. ഏത് രംഗത്തും നബിﷺ യുടെ മാർഗ്ഗദർശനം പിൻപറ്റേണ്ടത് മുഅ്മിനിന്റെ ബാധ്യതയാണ്. എന്നതുപോല നബിﷺ പഠിപ്പിക്കാത്ത കാര്യങ്ങൾ വർജ്ജിക്കേണ്ടതും മുസ്‌ലിമിന്റെ കടമയാണ്. മതകാര്യത്തിൽ നബിﷺ പഠിപ്പിക്കാത്ത നവീന ചര്യകൾക്കാണ് ബിദ്അത്ത് എന്ന് പറയുന്നത്. പണ്ഡിതൻമാർ അക്കാര്യം വിശദീകരിച്ചു തന്നിട്ടുണ്ട്.

ജൗഹരി ബിദ്അത്തിനെ വിശദീകരിക്കുന്നു:

وَالْبِدْعَةُ: الْحَدَثُ فِي الدِّينِ بَعْدَ الْإِكْمَالِ

"ദീൻ പൂർത്തീകരിച്ചതിനു ശേഷം അതിലുണ്ടാകുന്ന പുതിയ (വിശ്വാസാചാരങ്ങൾ)ക്കാണ് ബിദ്അത്ത് എന്ന് പറയുന്നത്" (അൽബാഇസ് പേ:87)

ഇമാം ശാത്വിബി ﵀ ബിദ്അത്തിനെ വിശദീകരിക്കുന്നു:-

فَالْبِدْعَةُ إِذَنْ عِبَارَةٌ عَنْ: "طَرِيقَةٍ فِي الدِّينِ مُخْتَرَعَةٍ، تُضَاهِي الشَّرْعِيَّةَ، يُقْصَدُ بِالسُّلُوكِ عَلَيْهَا الْمُبَالَغَةُ فِي التَّعَبُّدِ لِلَّهِ سُبْحَانَهُ". (الاعْتِصَام)

"അല്ലാഹുവിലുള്ള ആരാധനയിൽ അധികരിപ്പിക്കാൻ ഉദ്ദേശിച്ച് കൊണ്ട് മതത്തിനോട് കിടപിടിക്കുന്ന രൂപത്തിൽ മതത്തിൽ പുതുതായി ഉണ്ടാക്കപ്പെടുന്ന വഴികൾക്കാണ് ബിദ്അത്ത് എന്ന് പറയുന്നത്" (അൽ ഇഅ്തിസാം 1/37)

## ബിദ്അത്തിന്റെ പരിണിത ഫലങ്ങൾ എന്തെല്ലാം?

### 1. ബിദ്അത്ത്കാരനിൽ നിന്ന് അത് സ്വീകരിക്കില്ല തള്ളപ്പെടും.

നബിﷺ പറഞ്ഞു:

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (البخاري)

"നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) അതിൽ ഇല്ലാത്തത് പുതുതായി വല്ലവനും ഉണ്ടാക്കിയാൽ അതു തള്ളേണ്ടതാണ്." (ബുഖാരി)

മറ്റൊരു വചനം കാണുക

مَنْ عَمِلَ عَمَلا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (البخاري)

“നമ്മുടെ കൽപനയിൽ ഉൾപ്പെടാത്ത വല്ലതും വല്ലവനും ചെയ്താൽ അത് തള്ളേണ്ടതാണ്.” (ബുഖാരി)

ജനങ്ങൾ ത്യാഗപൂർണമായി ചെയ്യുന്ന പല ആരാധനാ കർമങ്ങളും നബി ﷺ പഠിപ്പിക്കാത്തതാണ്. ഉദാഹരണം, മരിച്ച വ്യക്തിക്കുവേണ്ടി 70,000 ദിക്റ് ചൊല്ലൽ. നിരവധി വ്യക്തികൾ ഒന്നിച്ചു ചേർന്ന് ധാരാളം സമയം ചെലവഴിച്ച് പ്രയാസം സഹിച്ച് നിർവഹിക്കുന്ന ഈ കർമം നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടിട്ടില്ല. ഇക്കാരണത്താൽ അല്ലാഹു ഇത് ഒരു സൽകർമമായി സ്വീകരിക്കുകയില്ല എന്നർത്ഥം. അപ്പോൾ ഈ അധ്വാനവും ശ്രമങ്ങളും എല്ലാം വിഫലം.....!

**2. ബിദ്അത്ത് വഴികേടാണ്.**

നബി പറഞ്ഞു:

وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ

“മതത്തിലുണ്ടാക്കുന്ന പുതിയ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കണം. തീർച്ചയായും മതത്തിൽ പുതുതായി ഉണ്ടാക്കുന്ന എല്ലാ കാര്യങ്ങളും അനാചാരമാണ്. എല്ലാ അനാചാരങ്ങളും വഴികേടുമാണ്.” (അഹ്മദ്, അബൂദാവൂദ്-സ്വഹീഹ്)

**3. ബിദ്അത്ത് അതിന്റെ വക്താവിനെ നരകത്തിലെത്തിക്കും.**

മുമ്പ് കഴിഞ്ഞ ഹദീസിന്റെ മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരവും വന്നിട്ടുണ്ട്.

وَكُلُّ ضَلالَةٍ فِي النَّارِ

“(ബിദ്അത്താകുന്ന) എല്ലാ വഴികേടുകളും നരകത്തിലാണ്.” (നസാഈ-സ്വഹീഹ്)

**4. പ്രവാചകൻ ﷺ യുടെ കയ്യിൽ നിന്നും വിശ്വാസികൾക്ക് ലഭിക്കുന്ന ഹൗളുൽ കൗസർ നഷ്ടമാകും.**

ബിദഅത്താകുന്ന വഴികേട് പ്രവർത്തിക്കുന്നതിലൂടെ ഭൗതിക ലോകത്ത് വരുന്ന നഷ്ടങ്ങളുടെ പുറമെ പരലോകത്ത് നേരി

ടേണ്ടി വരുന്ന വലിയൊരു നഷ്ടമാണ് ദാഹാർത്ഥനായി തിരുനബിﷺയുടെ മുമ്പിൽ ചെല്ലുമ്പോൾ ഹൗളുൽ കൗസറിലെ വെള്ളം ഇവർക്ക് വിലക്കപ്പെടും എന്നത്. അതിന്റെ കാരണം നബിﷺ പഠിപ്പിക്കാത്ത പുതിയ ചര്യകൾ ഇവർ അനുഷ്ഠിച്ചതാണ്. അങ്ങനെ വെള്ളം തടയപ്പെടുന്നവർക്ക് വേണ്ടി നബിﷺ മാപ്പപേക്ഷിക്കുകയില്ലായെന്ന് മാത്രമല്ല അവരോട് നബിﷺ പ്രതികരിക്കുന്നത് ഇപ്രകാരമായിരിക്കും.

سُحْقًا سُحْقًا لِمَنْ غَيَّرَ بَعْدِي

"എനിക്ക് ശേഷം മാറ്റം വരുത്തിയവരേ നിങ്ങൾ ദൂരെ പോകൂ" (ബുഖാരി)

## ബിദ്അത്തിന്റെ ഇനങ്ങളിൽ നല്ല ബിദ്അത്ത് എന്ന ഒരു ഇനമുണ്ടോ?

ദീനിൽ നിർമ്മിച്ചുണ്ടാക്കുന്ന സകല ബിദ്അത്തുകളും അനാചാരങ്ങളാണെന്നാണ് സ്വഹാബികൾ അടക്കമുള്ള സലഫുകൾ മനസ്സിലാക്കിയത്. ഇബ്‌നു ഉമർ رضي الله عنه പറയുന്നു:

كُلُّ بِدْعَةٍ ضَلَالَةٌ ، وَإِنْ رَآهَا النَّاسُ حَسَنَةً (البيهقي)

"എല്ലാ അനാചാരങ്ങളും വഴി കേടാണ്. ജനങ്ങൾ അതെത്ര നല്ലതായി കണ്ടാലും ശരി." (ബൈഹഖി-സ്വഹീഹ്)

ഈ വിഷയത്തിൽ ഇമാം മാലിക് رحمه الله ന്റെ അഭിപ്രായം ഇമാം ശാത്വിബി രേഖപ്പെടുത്തുന്നു:

منْ أَحْدَثَ فِي هَذِهِ الْأُمَّةِ شَيْئًا لَمْ يَكُنْ عَلَيْهِ سَلَفُهَا ؛ فَقَدْ زَعَمَ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ خَانَ الرِّسَالَةَ ؛ لِأَنَّ اللهَ يَقُولُ : الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ، فَمَا لَمْ يَكُنْ يَوْمَئِذٍ دِينًا ؛ فَلَا يَكُونُ الْيَوْمَ دِينًا. (الاعتصام)

"സലഫുകളിൽ (സ്വഹാബത്തിലും താബിഉകളിലും) ഇല്ലാത്ത ഒരു ചര്യ ഈ സമുദായത്തിൽ വല്ലവനും പുതുതായി ഉണ്ടാക്കുന്ന പക്ഷം നബിﷺ പ്രബോധനത്തിൽ വഞ്ചന കാണിച്ചു എന്നവൻ ജൽപിച്ചിരിക്കുന്നു. നിശ്ചയം അല്ലാഹു അരുളുന്നു:

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീനിനെ പൂർത്തിയാക്കി തന്നിരിക്കുന്നു. ഇസ്‌ലാമിനെ നിങ്ങൾക്കുള്ള മതമായും തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.) അന്ന് (നബിﷺ യുടെ കാലത്ത്) ദീനിൽ പെടാത്ത ഒരു കാര്യം ഇന്നും ദീനാവുകയില്ല" (അൽ ഇഅ്തിസ്വാം 1/48)

## ഉമർ ജനങ്ങൾ തറാവീഹ് ജമാഅത്തായി നമസ്കരിക്കുന്നത് കണ്ടപ്പോൾ 'ഇത് എത്ര നല്ല ബിദ്അത്താണ്' എന്ന് പറഞ്ഞിട്ടുണ്ടല്ലോ? അപ്പോൾ ബിദ്അത്തിൽ നല്ലത് എന്ന ഒന്നുണ്ട് എന്നല്ലേ ഇതിന്റെ അർത്ഥം?

ഉമർ അപ്രകാരം പറഞ്ഞതിൽ നിന്ന് ബിദ്അത്ത് എന്നത് നല്ലത്, ചീത്ത എന്നിങ്ങനെ വിഭജിച്ചു എന്ന 'കണ്ടെത്തൽ' തികച്ചും അടിസ്ഥാന രഹിതമാണ്. കാരണം തറാവീഹ് ജമാഅത്തായി സംഘടിപ്പിക്കപെട്ടതിൽ പുതുതായി ഒന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. കാരണം തറാവീഹ് നമസ്കാരം എന്നത് ഒരു പുതിയ ചര്യയല്ല. അത് പള്ളിയിൽ സംഘടിപ്പിക്കുക എന്നതും ജമാഅത്തായി നിർവഹിക്കുക എന്നതും പുതിയ ചര്യയല്ല. ഇതെല്ലാം പ്രവാചകൻﷺ മാതൃക കാണിച്ചതാണ്. അപ്പോൾ പ്രവാചകൻﷺ മാതൃക കാണിക്കാത്ത ഒരു ചെറിയ കാര്യംപോലും ഇവിടെ ആചരിക്കപ്പെട്ടിട്ടില്ല. പിൽകാലത്ത് പുതുതായി നിർമിക്കപ്പെട്ടതും രൂപകൽപന ചെയ്യപ്പെട്ടതുമായ ദുരാചാരങ്ങൾക്ക് തെളിവുണ്ടാക്കാൻ ഈ സംഭവം രേഖയായി ഉദ്ധരിക്കാനും സാധ്യമല്ല.

## എങ്കിൽ ഉമർ ഈ പറഞ്ഞതിന്റെ അർത്ഥം എന്താണ്?

ഉമർ ഇവിടെ ബിദ്അത്തുകൾ മുഴുവൻ വഴികേടാണ് എന്ന അർത്ഥത്തിൽ പ്രവാചകൻﷺ പഠിപ്പിച്ച ബിദ്അത്തിനെ സംബന്ധിച്ചല്ല പരാമർശിക്കുന്നത്, ഇത് ഭാഷാപരമായ ഒരു പ്രയോഗം മാത്രമാണ്.

## ഇത് കേരളത്തിലെ സലഫികളുടെ ദുർവ്യാഖ്യാനമാണ് എന്നതിനെ കുറിച്ച് എങ്ങനെ പ്രതികരിക്കുന്നു?

പ്രമാണങ്ങൾ ദുർവ്യാഖ്യാനിച്ച് വിശ്വാസ-ആചാരങ്ങൾ സ്ഥാപി

ക്കേണ്ട ഗതികേട് സലഫികൾക്കില്ല. കാരണം, തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ തെറ്റിനെ ന്യായീകരിക്കുന്നതിന് പകരം ശരി സ്വീകരിക്കുക എന്നതാണ് സലഫികളുടെ കാഴ്ചപ്പാട്. ഉമർﷺന്റെ പ്രസ്തുത പരാമർശം ഭാഷാപരമായ പ്രയോഗമാണ് എന്നത് മുൻഗാമികളായ പണ്ഡിതന്മാർ തന്നെ വ്യക്തമാക്കിയതാണ്. സലഫീ വിമർശകർക്ക് ഏറെ പ്രിയങ്കരനായ ഇബ്‌ന ഹജറുൽ ഹൈത്തമിയുടെ വരികൾ കാണുക.

وَقَول عمر رَضِي الله عَنهُ فِي التَّرَاوِيح نعمت الْبِدْعَة هِيَ أَرَادَ الْبِدْعَة اللُّغَوِيَّة وَهُوَ مَا فعل على غير مِثَال كَمَا قَالَ تَعَالَى {قل مَا كنت بدعا من الرُّسُل} وَلَيْسَت بِدعَة شرعا فَإِن الْبِدْعَة الشَّرْعِيَّة ضَلَالَة كَمَا قَالَ - صلى الله عليه وسلم - وَمن قسمهَا من الْعلمَاء إِلَى حسن وَغير حسن فَإِنَّمَا قسم الْبِدْعَة اللُّغَوِيَّة وَمن قَالَ كل بِدعَة ضَلَالَة فَمَعْنَاه الْبِدْعَة الشَّرْعِيَّة

ഇതെത്ര നല്ല ബിദ്അത്ത് എന്ന, തറാവീഹിനെകുറിച്ചുള്ള ഉമർﷺന്റെ വാചകം ഭാഷാപരമായ ബിദ്അത്താണ് ഉദ്ദേശി ച്ചത്. മുൻ മാതൃകയില്ലാതെ ചെയ്തത് (എന്നർത്ഥം) അല്ലാഹു പറഞ്ഞത്പോലെ "(നബിയേ) പറയുക: ഞാൻ ദൈവദൂതന്മാ രിൽ ഒരു പുതുമക്കാരനൊന്നുമല്ല." മതപരമായ ബിദ്അത്തല്ല ഉമർ(റ) ഉദ്ദേശിച്ചത്. കാരണം, മതപരമായ ബിദ്അത്ത് ദുർമാർഗമാണ്. റസൂൽﷺ അങ്ങനെ പറഞ്ഞിട്ടുണ്ട്. (എല്ലാ ബിദ്അത്തും ളലാത്താണ് എന്ന വാചകമാണ് ഇബ്‌ന ഹജർﷺ ഉദ്ദേശിച്ചത്.) നല്ലതെന്നും അല്ലാത്തതെന്നും ബിദ്അത്തിനെ വിഭജിച്ച പണ്ഡിതന്മാർ ഭാഷാപരമായ ബിദ്അത്തിനെയാണ് ഉദ്ദേശിച്ചത്. എല്ലാ ബിദ്അത്തും ദുർമാർഗം എന്ന് പറഞ്ഞ വർ ഉദ്ദേശിച്ചത് മതപരമായ ബിദ്അത്തിനെയാണ്. (അൽ ഫതാവൽ ഹദീസിയ്യഃ 240)

ഇതുതന്നെ ഇമാം ശാത്വിബിﷺയും വ്യക്തമാക്കുന്നു:

إِنَّمَا سَمَّاهَا بِدْعَةً بِاعْتِبَارِ ظَاهِرِ الْحَالِ، مِنْ حَيْثُ تَرَكَهَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَاتَّفَقَ أَنْ لَمْ تَقَعْ فِي زَمَانِ أَبِي بَكْرٍ رَضِيَ اللهُ عَنْهُ، لَا أَنَّهَا بِدْعَةٌ فِي الْمَعْنَى، فَمَنْ سَمَّاهَا بِدْعَةً بِهَذَا الِاعْتِبَارِ فَلَا مُشَاحَةَ فِي

الْأَسَامِي، وَعِنْدَ ذَلِكَ لا يَجُوزُ أَنْ يُسْتَدَلَّ بِهَا عَلَى جَوَازِ الِابْتِدَاعِ بِالْمَعْنَى الْمُتَكَلَّمِ فِيهِ، لِأَنَّهُ نَوْعٌ مِنْ تَحْرِيفِ الْكَلِمِ عَنْ مَوَاضِعِهِ. ( الاعْتِصَام)

പ്രത്യക്ഷം പരിഗണിച്ചുകൊണ്ട് മാത്രമാണ് ഉമർ ﵁ അതിനെ ബിദ്അത്ത് എന്ന് പ്രയോഗിച്ചത്. അഥവാ നബി ﷺ ഉപേക്ഷിക്കുകയും അബൂബക്കർ ﵁ ന്റെ കാലത്ത് ഉണ്ടാകാതിരിക്കുകയും ചെയ്തത് എന്ന നിലക്ക്; അല്ലാതെ ആശയതലത്തിലുള്ള ബിദ്അത്ത് എന്ന അർത്ഥത്തിലല്ല. ഈ പരിഗണനയിൽ വല്ലവനും ബിദ്അത്ത് എന്ന് പ്രയോഗിച്ചാൽ ആ പദപ്രയോഗത്തെ ആക്ഷേപിക്കേണ്ടതില്ല. എന്നാൽ ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ആശയത്തിലുള്ള ബിദ്അത്ത് അനുവദനീയമാണെന്നതിന് ഇത് തെളിവാക്കാവതല്ല. അങ്ങിനെ തെളിവാക്കുന്നുവെങ്കിൽ അത് വാചകങ്ങളെ ദുർവ്യാഖ്യാനിക്കലാകുന്നു. (അൽ ഇഅ്തിസാം-1/195)

**റസൂൽ ﷺ ഖുർആനിന്റെ ക്രോഡീകരണം നിർവഹിച്ചിട്ടില്ല. ഖുർആൻ ക്രോഡീകരണം നടന്നത് നബി ﷺ യുടെ കാലശേഷമാണ്. അപ്പോൾ പ്രവാചകൻ ﷺ മാതൃക കാണിക്കാത്ത പ്രസ്തുത കാര്യം നല്ല ബിദ്അത്ത് എന്ന ഗണത്തിലല്ലേ പരിഗണിക്കപ്പെടുന്നത്?**

ഇത് തികച്ചും തെറ്റിദ്ധാരണകളുടെ അടിസ്ഥാനത്തിലുള്ള ഒരു സംശയമാണ്. കാരണം വിശുദ്ധ ഖുർആനിന്റെ ക്രോഡീകരണം അതിന്റെ അവതരണ കാലത്തുതന്നെ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. അത് നിർവഹിച്ചത് പ്രവാചകൻ ﷺ പോലുമല്ല, മറിച്ച് അല്ലാഹു തന്നെയാണ്. റബ്ബ് നിർദ്ദേശിച്ച ക്രമത്തിലും രീതിയിലും പ്രവാചകൻ ﷺ അത് പഠിപ്പിക്കുകയാണ് ചെയ്തത്. ഖുർആൻ പറയുന്നത് കാണുക.

إنّ عَلَيْنَا جَمْعَهُ وقُرْآنه

തീർച്ചയായും അതിന്റെ (ഖുർആനിന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. (വി.ഖു.75:17)

അപ്പോൾ അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം മാത്രമാണ് തിരു

നബിﷺ അത് നിർവഹിച്ചത് എന്ന് വ്യക്തം.

അതുകൊണ്ട് തന്നെ വിശുദ്ധ ഖുർആനിൽ ഏതെങ്കിലും ഒരു അധ്യായത്തിന്റെയോ, ആയത്തിന്റെയോ ക്രമവും സ്ഥലവും തീരുമാനിക്കുക എന്ന ക്രോഡീകരണം നിർവഹിക്കേണ്ട സാഹചര്യം ഖുർആൻ അവതരിപ്പിച്ച പ്രപഞ്ച സ്രഷ്ടാവ് നമ്മെ ഏൽപിച്ചിട്ടില്ല. ഇവിടെ സ്വഹാബത്തിന്റെ മേൽനോട്ടത്തിൽ നിർവഹിക്കപ്പെട്ട ക്രോഡീകരണം, എല്ലിലും തോലിലുമെല്ലാം എഴുതപ്പെട്ട് പലരുടെയും കയ്യിൽ സൂക്ഷിക്കപ്പെട്ടിരുന്ന അധ്യായങ്ങളും വചനങ്ങളും രണ്ട് ചട്ടകൾക്കുള്ളിലേക്ക് മാറ്റുക എന്ന ക്രമീകരണം മാത്രമാണ്.

കൂടാതെ ഇസ്‌ലാം അതിർത്തികൾ ഭേദിച്ച് ജനസമൂഹങ്ങളിലേക്ക് പ്രയാണം ആരംഭിച്ചപ്പോൾ ചില പ്രദേശങ്ങളിൽ പുതുതായി ഇസ്‌ലാം സ്വീകരിച്ച വ്യക്തികളുടെ പാരായണ വ്യത്യാസങ്ങൾ ശ്രദ്ധയിൽപെട്ടപ്പോൾ പ്രവാചകൻﷺ നിന്ന് നേരിട്ട് ഖുർആൻ പകർത്തിയ കോപ്പികളുമായി തട്ടിച്ചു നോക്കി തെറ്റായ പാരായണ രീതികൾ അടങ്ങിയ ഏതാനും കോപ്പികൾ ഉഥ്മാൻ(رضي الله عنه) നശിപ്പിക്കുക കൂടി ചെയ്തു. ചുരുക്കത്തിൽ ഖുർആൻ ക്രോഡീകരണത്തിന്റെ പേരിൽ പ്രവാചകൻ പഠിപ്പിക്കാത്ത പുതിയ ഒരു കാര്യവും മതമായി അവർ ആചരിച്ചിട്ടില്ല. അതിനാൽ ഇത് നല്ല ബിദ്അത്ത് എന്ന ഒരു ഇനം ഉണ്ടാക്കാനുള്ള തെളിവല്ല.

# നമസ്കാരത്തിൽ കൈകെട്ടൽ

**നമസ്കാരത്തിൽ എവിടെ കൈക്കെട്ടണമെന്നാണ് പ്രവാചകൻﷺ യുടെ ഹദീസിൽ വന്നിട്ടുള്ളത്?**

നബിﷺ പറയുന്നു:

صَلُّوا كَمَا رَأَيْتُمُونِي أُصَلِّي (البخاري)

"ഞാൻ എങ്ങനെ നമസ്കരിക്കുന്നത് നിങ്ങൾ കണ്ടുവോ അങ്ങനെ നിങ്ങളും നമസ്കരിക്കുക" (ബുഖാരി) അപ്പോൾ നബിﷺ നമസ്കാരത്തിൽ എങ്ങനെ കൈ കെട്ടിയോ അങ്ങനെയാണ് നമ്മളും കൈകെട്ടേണ്ടത്.

ഇമാം അഹ്മദ് ഉദ്ധരിച്ച ഹദീസ് കാണുക:

عَنْ قَبِيصَةَ بْنِ هُلْبٍ ، عَنْ أَبِيهِ قَالَ : رَأَيْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَنْصَرِفُ عَنْ يَمِينِهِ وَعَنْ يَسَارِهِ وَرَأَيْتُهُ يَضَعُ هَذِهِ عَلَى صَدْرِهِ ، وَوَصَفَ يَحْيَى الْيُمْنَى عَلَى الْيُسْرَى فَوْقَ الْمِفْصَلِ (احمد)

"ഖബീസത്തുബ്നുഹുല്ബ് رضي الله عنه തന്റെ പിതാവിൽ നിന്നും ഉദ്ധരിക്കുന്നു. നബിﷺ നമസ്കാരത്തിൽ നിന്ന് തന്റെ വലതു ഭാഗത്തേക്കും ഇടതു ഭാഗത്തേക്കും പിരിഞ്ഞ് പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇത് (കൈകൾ) അദ്ദേഹം നെഞ്ചിന്മേൽ വെച്ചതായും ഞാൻ കണ്ടു. വലതുകൈ ഇടതു കയ്യിന്റെ മണിബന്ധത്തിന്റെ മുകളിലായി വെച്ചുകൊണ്ട് യഹ്‌യാ അത് കാണിച്ചു തന്നു." (അഹ്മദ്-ഹസൻ)

**പൊക്കിളിന് താഴെ കൈകെട്ടുന്നവരാണല്ലോ ലോകത്തിലെ പല**

**മുസ്‌ലിംകളും?**

ജനങ്ങൾ എന്തു ചെയ്യുന്നു എന്നത് മതവിഷയത്തിൽ പ്രസക്തമല്ല. പ്രമാണങ്ങളിൽ പഠിപ്പിക്കപ്പെട്ടത് എന്ത് എന്നതാണ് ദീനിയായ വിഷയങ്ങളുടെ ശരിതെറ്റുകൾ തീരുമാനിക്കാനുള്ള അടിസ്ഥാനം. ഇമാം നവവി‎ﷺ പറയുന്നത് കാണുക.

وَإِذَا ثَبَتَتِ السُّنَّةُ لَا تُتْرَكُ لِتَرْكِ بَعْضِ النَّاسِ أَوْ أَكْثَرِهِمْ أَوْ كُلِّهِمْ (شرح صحيح مسلم)

സുന്നത്ത് സ്ഥിരപ്പെട്ടാൽ ജനങ്ങളിൽ ചിലർ ഉപേക്ഷിച്ചു എന്നത് കൊണ്ടോ, ഭൂരിഭാഗം ഉപേക്ഷിച്ചു എന്നതുകൊണ്ടോ, എല്ലാവരും ഉപേക്ഷിച്ചു എന്നത് കൊണ്ടോ (സുന്നത്ത്) ഉപേക്ഷിക്കപ്പെടാവതല്ല (ശർഹുമുസ്‌ലിം)

ഈ വിഷയത്തിൽ വന്നതിൽ ഏറ്റവും സ്വീകാര്യമായ ഹദീഥുകളാണ് മുകളിൽ ഉദ്ധരിച്ചത്. ഇതിൽ നിന്ന് വ്യത്യസ്തമായി പൊക്കിളിന് താഴെയാണ് നബിﷺ കൈകൾ വെച്ചതെന്ന ഹദീഥ് ബലഹീനമാണെന്നും (ളഈഫ്) പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ഇബ്നുഹജറുൽ അസ്ഖലാനി സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ പറയുന്നത് കാണുക:

وَقَدْ رَوَى ابْنُ خُزَيْمَةَ مِنْ حَدِيثِ وَائِلٍ أَنَّهُ وَضَعَهُمَا عَلَى صَدْرِهِ ، وَالْبَزَّارُ عِنْدَ صَدْرِهِ ، وَعِنْدَ أَحْمَدَ فِي حَدِيثِ هُلْبٍ الطَّائِيِّ نَحْوُهُ. وَهُلْبٌ بِضَمِّ الْهَاءِ وَسُكُونِ اللَّامِ بَعْدَهَا مُوَحَّدَةٌ ، وَفِي زِيَادَاتِ الْمُسْنَدِ مِنْ حَدِيثِ عَلِيٍّ أَنَّهُ وَضَعَهُمَا تَحْتَ السُّرَّةِ وَإِسْنَادُهُ ضَعِيفٌ .

"നബിﷺ തന്റെ രണ്ട് കൈകളും നെഞ്ചിന്മേൽ വെച്ചു എന്ന വാഇലിന്റെ ഹദീഥ് ഇബ്നു ഖുസൈമയും നെഞ്ചിനടുത്തു വെച്ചുവെന്ന് ബസ്സാറും അത് പോലെ (നെഞ്ചിന്മേൽ വെച്ചുവെന്ന്) ഹുൽബുത്ത്വാഇയുടെ ഹദീഥിൽ ഇമാം അഹ്മദും ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ നബിﷺ രണ്ട് കൈകളും പൊക്കിളിന് താഴെ വെച്ചുവെന്ന അലീ‎رضي الله عنهവിൽ നിന്നുള്ള ഹദീഥിന്റെ സനദുകൾ ദുർബലമാണ്." (ഫത്ഹുൽ ബാരി 2-224)

പൊക്കിളിന്ന് മുകളിൽ നെഞ്ചിന്റെ താഴ് ഭാഗത്തായി കൈകൾ വെക്കണമെന്നതിന്ന് ശാഫിഈ മദ്ഹബുകാരും നബിﷺ കൈകൾ നെഞ്ചിന്മേൽ വെച്ചുവെന്ന ഇബ്ന ഖുസൈമ ഉദ്ധരിച്ച ഹദീഥാണ് തെളിവാക്കുന്നത്.

ഇമാം നവവി﵀ എഴുതുന്നു.

وَاحْتَجَّ أَصْحَابُنَا بِحَدِيثِ وَائِلِ بْنِ حُجُرٍ قَالَ : { صَلَّيْتُ مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَوَضَعَ يَدَهُ الْيُمْنَى عَلَى يَدِهِ الْيُسْرَى عَلَى صَدْرِهِ } رَوَاهُ أَبُو بَكْرِ بْنُ خُزَيْمَةَ فِي صَحِيحِهِ

"നമ്മുടെ ആളുകൾ ലക്ഷ്യമാക്കിയത് വാഇലുബ്ന ഹുജ്റിന്റെ ഹദീഥാണ്.അദ്ദേഹം പറഞ്ഞു. ഞാൻ റസൂൽﷺ യുടെ കൂടെ നമസ്കരിച്ചു. അപ്പോൾ നബിﷺ തന്റെ വലതുകൈ ഇടതു കൈയിന്മേൽ നെഞ്ചിന്മേലായി വെച്ചു. ഇത് ഇബ്ന ഖുസൈമ തന്റെ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്. (ശറഹുൽ മുഹദ്ദബ് 3-313)

ശാഫിഈ മദ്ഹബിൽ നെഞ്ചിന്റെ താഴ് ഭാഗത്ത് കൈകൾ വെക്കുക എന്നാൽ ഹൃദയത്തിന്റെ മുകളിൽ വെക്കുക എന്നാണുദ്ദേശം.

ചുരുക്കത്തിൽ നമ്മുടെ നാട്ടിലെ ശാഫിഈ മദ്ഹബുകാരെന്ന് പറയപ്പെടുന്നവർ ചെയ്യുന്നത് പോലെ വയറിന്മേലല്ല കൈകെട്ടേണ്ടതെന്നും നബിﷺ ചെയ്തത് പോലെ നെഞ്ചിന്മേലാണെന്നും വ്യക്തം.

## ഇത് കൂടുതൽ തെളിവുദ്ധരിച്ച് വ്യക്തമാക്കാമോ?

ശാഫിഈ മദ്ഹബിലെ ഒരു പ്രമുഖ ഗ്രന്ഥമായ അസ്നൽ മത്വാലിബിൽ സക്കരിയ്യൽ അൻസ്വാരി പറയുന്നു.

وَحِكْمَةُ جَعْلِهِمَا تَحْتَ صَدْرِهِ أَنْ يَكُونَ فَوْقَ أَشْرَفِ الْأَعْضَاءِ وَهُوَ الْقَلْبُ فَإِنَّهُ تَحْتَ الصَّدْرِ

"രണ്ട് കൈകളും നെഞ്ചിന്റെ താഴ് ഭാഗത്ത് വെക്കുന്നതിന്റെ യുക്തി അവ ഏറ്റവും ശ്രേഷ്ഠമായ അവയവത്തിന്റെ മുകളിൽ വെക്കുക എന്നതാണ്. അത് ഹൃദയമാണ്. അത് നെഞ്ചിന്റെ താഴ് ഭാഗത്തുമാണ്." (അസ്നൽ മത്വാലിബ് 1-145)

മഹല്ലിയിൽ നെഞ്ചിന്റെ താഴ് ഭാഗത്ത് എന്ന് പറഞ്ഞതിനെ ഖൽയൂബി വിശദീകരിക്കുന്നു.

قوله : ( تحت صدره ) أي بحذاء قلبه إشارة إلى حفظ الإيمان فيه

"നെഞ്ചിന്റെ താഴ് ഭാഗത്ത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശം ഹൃദയത്തിന്റെ നേരെ എന്നാണ്. വിശ്വാസം അവിടെയാണ് സൂക്ഷിക്കപ്പെടുന്നത് എന്നതിലേക്ക് സൂചനയായി" (ഖൽയൂബി 1-173).

ഹൃദയം നെഞ്ചിനുള്ളിലാണെന്ന് ആർക്കും അറിയാം. കൂടാതെ വിശുദ്ധ ഖുർആൻ ഹജ്ജ് 46 ലും അത് സൂചിപ്പിച്ചിട്ടുണ്ട്.

# നമസ്കാര ശേഷമുള്ള കൂട്ടു പ്രാർത്ഥന

**നമസ്കാര ശേഷമുള്ള സമയം പ്രാർത്ഥനകൾ കൂടുതൽ സ്വീകരിക്കപ്പെടുന്ന സന്ദർഭമല്ലേ. എന്നിട്ടും എന്തുകൊണ്ടാണ് നമസ്കാര ശേഷമുള്ളകൂട്ടു പ്രാർത്ഥന വിമർശന വിധേയമാകുന്നത്?**

മതം ആചരിക്കേണ്ടത് നമ്മുടെ മനസ്സ് രൂപപ്പെടുത്തുന്ന ചില തത്വങ്ങളുടെ അടിസ്ഥാനത്തിലല്ല. പ്രമാണങ്ങളുടെ വെളിച്ചത്തിലാണ്. പ്രാർത്ഥനക്ക് സ്വീകാര്യതയുള്ള സന്ദർഭത്തിൽ പ്രാർത്ഥന തീരെ വേണ്ട എന്നല്ല നാം പറയുന്നത്. ഓരോ വ്യക്തിയും നമസ്കാര ശേഷം ദിക്റുകൾ നിർവഹിക്കുകയും സ്വന്തം നിലക്ക് പ്രാർത്ഥിക്കുകയും വേണം. കാരണം ഫർള് നമസ്കാരങ്ങൾക്കു ശേഷം ഇമാം ഉറക്കെ പ്രാർത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന സമ്പ്രദായം നബിﷺയോ സ്വഹാബികളോ ആചരിച്ചതല്ല. മറിച്ച് നമസ്കാരം കഴിഞ്ഞ ഉടനെ നമസ്കാര സ്ഥലത്തു നിന്ന് എഴുന്നേൽക്കലായിരുന്നു നബിﷺയുടെ പതിവ്. ഇനി അൽപം സമയം അവിടെ ഇരുന്നാൽ തന്നെ അത് പിന്നിൽ നമസ്കരിച്ചിരുന്ന സ്ത്രീകൾക്ക് വേഗത്തിൽ എഴുന്നേറ്റ് പോകുന്നതിന് സൗകര്യം ചെയ്ത് കൊടുക്കുവാൻ വേണ്ടിയായിരുന്നു.

عن أم سلمة رضي الله عنها قالت { كان رسول الله صلى الله عليه وسلم إذا سلم قام النساء حين يقضي تسليمه ومكث يسيرا كي ينصرفن قبل أن يدركهن أحد من القوم } وفي رواية قال ابن شهاب « فأرى والله أعلم أن مكثه لكي ينفذ النساء قبل أن يدركهن من انصرف من القوم»

“ഉമ്മു സലമﷺൽ നിന്ന് തിരുമേനിﷺ സലാം വീട്ടി നമസ്കാര ത്തിൽ നിന്ന് വിരമിച്ചു കഴിഞ്ഞാലുടനെ സ്ത്രീകൾ എഴുന്നേറ്റ് പോവും. തിരുമേനിﷺ എഴുന്നേൽക്കുന്നതിന് മുമ്പ് അൽപം അവിടെ ഇരിക്കും. ഇബ്നു ശിഹാബ് പറഞ്ഞു. പിരിഞ്ഞു പോകുന്നവർ അടുത്തെത്തുന്നതിനു മുമ്പായി സ്ത്രീകൾ പിരി ഞ്ഞു പോവാൻ വേണ്ടിയായിരുന്നു അതെന്ന് ഞാൻ വിചാരി ക്കുന്നു.” (ബുഖാരി).

وَعَنْ عَائِشَةَ رَضِيَ اللهُ عَنْهَا ، قَالَتْ : كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا سَلَّمَ لَمْ يَقْعُدْ إِلَّا مِقْدَارَ مَا يَقُولُ : اللهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ ، تَبَارَكْتَ يَا ذَا الْجَلَالِ وَالْإِكْرَامِ » ،

“ആയിശ(റ.അ)ൽ നിന്ന് സലാം വീട്ടിയാൽ നബിﷺ “അല്ലാ ഹുമ്മ അൻത സ്സലാം, വമിൻക സ്സലാം, തബാറക്ത യാ ദൽ ജലാലി വൽ ഇക്റാം എന്ന് പറയുന്ന സമയമല്ലാതെ ഇരിക്കാറുണ്ടായിരുന്നില്ല.” (മുസ്ലിം)

## ലക്ഷക്കണക്കിന് ഹദീസ് പഠിച്ച ഇമാം ശാഫിؒ ഈ ഹദീസുകളെല്ലാം ഉണ്ടായിട്ടും കൂട്ടപ്രാർത്ഥന നിർവഹിച്ചത് എന്തുകൊണ്ട്?

ഇമാം ശാഫിؒ ഇന്ന് കാണുന്ന രൂപത്തിൽ സ്ഥിരമായി എല്ലാ നമസ്കാരങ്ങൾക്കും ശേഷം ഒരു സമ്പ്രദായമായി ഇത് ആച രിക്കാൻ നിർദ്ദേശിച്ചു എന്ന് പറയുന്നത് ശരിയല്ല. കാരണം ശാഫിഈ ഇമാമും നവവിؒയും മറ്റും സലാം വീട്ടിയ ഉടനെ ഇമാം നമസ്കാര സ്ഥലത്തു നിന്ന് എഴുന്നേൽക്കലാണ് ഏറ്റവും ഉത്തമമെന്നാണ് പറഞ്ഞത്.

നവവി ഇമാംؒ പറയുന്നു:

قَالَ الشَّافِعِيُّ وَالْأَصْحَابُ رَحِمَهُمُ اللهُ تَعَالَى : يُسْتَحَبُّ لِلْإِمَامِ إِذَا سَلَّمَ أَنْ يَقُومَ مِنْ مُصَلَّاهُ عَقِبَ سَلَامِهِ إِذَا لَمْ يَكُنْ خَلْفَهُ نِسَاءٌ ، هَكَذَا قَالَهُ الشَّافِعِيُّ فِي الْمُخْتَصَرِ ، وَاتَّفَقَ عَلَيْهِ الْأَصْحَابُ

“ശാഫിഈ ഇമാമും അനുയായികളും പറഞ്ഞിരിക്കുന്നു: തന്റെ

പിന്നിൽ സ്ത്രീകളില്ലെങ്കിൽ സലാം വീട്ടിയ ഉടനെ നമസ്കാര സ്ഥലത്തു നിന്ന് എഴുന്നേൽക്കൽ ഇമാമിന്ന് സുന്നത്താക്കപ്പെടും. ഇപ്രകാരം ഇമാം ശാഫിഈ മുഖ്തസറിൽ പറയുകയും അനുയായികൾ അക്കാര്യത്തിൽ ഏകോപിക്കുകയും ചെയ്തിരിക്കുന്നു" (ശറഹുൽ മുഹദ്ദബ് 3:489)

ഇതു തന്നെയാണ് ഇബ്ന ഹജറുൽ ഹൈതമി "തുഹ്ഫ' യിലും പറഞ്ഞത്:

وَالْأَفْضَلُ لِلْإِمَامِ إِذَا سَلَّمَ أَنْ يَقُومَ مِنْ مُصَلَّاهُ عَقِبَ سَلَامِهِ إِذَا لَمْ يَكُنْ خَلْفَهُ نِسَاءٌ

"ഇമാം സലാം വീട്ടിയാൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് പിന്നിൽ സ്ത്രീകളില്ലെങ്കിൽ സലാം വീട്ടിയ ഉടനെ നമസ്കാര സ്ഥലത്തു നിന്ന് എഴുന്നേൽക്കലാണ്" (തുഹ്ഫ 2/104)

# സുബ്ഹി നമസ്കാരത്തിലെ ഖുനൂത്ത്

## നമ്മുടെ നാട്ടിൽ സുബ്ഹി നമസ്കാരത്തിൽ മാത്രം നിർവഹിക്കപ്പെടുന്ന ഖുനൂത്തിന്റെ വസ്തുത എന്താണ്?

സുബ്ഹി നമസ്കാരത്തിൽ മാത്രം ഖുനൂത്ത് നിർവഹിച്ചതായി നബിﷺയിൽ നിന്നും സ്വഹീഹായി ഒരു ഹദീസ് വന്നിട്ടില്ല. നബിﷺ അയച്ച ഖുർആനിൽ അവഗാഹം സിദ്ധിച്ച എഴുപതോളം അനുയായികളെ മുശ്‌രിക്കുകളായ റിഅ്ല്, ദക്‌വാൻ എന്നീ ഗ്രോതങ്ങൾ ചതിയിലൂടെ വധിച്ചു. അവർക്കെതിരെ പ്രാർത്ഥിച്ചു കൊണ്ട് നബിﷺ ഒരു മാസക്കാലം ഫർള് നമസ്കാരങ്ങളിൽ ഖുനൂത്ത് നിർവ്വഹിക്കുകയും പിന്നീടത് ഉപേക്ഷിക്കുകയും ചെയ്തതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥുകളിൽ കാണാം.

എന്നാൽ വിത്റ് നമസ്കാരത്തിൽ ഖുനൂത്ത് നിർവഹിക്കാവുന്നതാണ്. പക്ഷേ, സുബ്ഹിലെ ഖുനൂത്ത് പുതുതായുണ്ടായതാണ്.

## സുബഹിയിലെ ഖുനൂത്ത് ബിദ്അത്താണെന്ന് പറയാനുള്ള കാരണമെന്ത്? അപ്രകാരം മുൻഗാമികൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

ഉണ്ട്, സുബ്ഹിയിൽ മാത്രമുള്ള ഖുനൂത്ത് പുതുതായുണ്ടായതാണെന്ന് വ്യക്തമാക്കുന്ന സ്വഹീഹായ ഹദീഥ് കാണുക.

عَنْ أَبِي مَالِكٍ الْأَشْجَعِيِّ سَعْدِ بْنِ طَارِقٍ قَالَ قُلْتُ لِأَبِي يَا أَبَتِ إِنَّكَ قَدْ صَلَّيْتَ خَلْفَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ وَأَبِي بَكْرٍ وَعُمَرَ وَعُثْمَانَ

وَعَلِيٍّ هَاهُنَا بِالْكُوفَةِ نَحْوًا مِنْ خَمْسِ سِنِينَ فَكَانُوا يَقْنُتُونَ فِي الْفَجْرِ فَقَالَ أَيْ بُنَيَّ مُحْدَثٌ (ابن ماجة)

അബൂമാലിക്കുൽ അശ്ജഈയിൽ നിന്ന്: "ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: പിതാവേ, തീർച്ചയായും താങ്കൾ റസൂൽﷺന്റെയും, അബൂബക്കർ, ഉമർ, ഉസ്മാൻ رضي الله عنه എന്നിവരുടെയും ഇവിടെ കൂഫയിൽ അഞ്ച് വർഷത്തോളം അലി رضي الله عنهന്റയും പിന്നിൽ നമസ്കരിച്ചിട്ടുണ്ടല്ലോ. അവരാരെങ്കിലും സുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് നിർവ്വഹിച്ചിരുന്നോ? അപ്പോൾ അദ്ദേഹം പറഞ്ഞു. മകനേ അത് പുതുതായുണ്ടായതാണ്." (ഇബ്നുമാജ-സ്വഹീഹ്)

ഈ ഹദീഥിന്റെ തൊട്ടു താഴെ ഇമാം തിർമുദി പറയുന്നു:

هَذَا حَدِيثٌ حَسَنٌ صَحِيحٌ وَالْعَمَلُ عَلَيْهِ عِنْدَ أَكْثَرِ أَهْلِ الْعِلْمِ

ഈ ഹദീഥ് സ്വഹീഹായതാണ്. ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടത് ഇതനുസരിച്ച് പ്രവർത്തിക്കണമെന്നാണ്. (തിർമുദി)

## നബിﷺ സുബ്ഹിയിൽ ഖുനൂത്ത് ഓതിയിരുന്നു എന്ന് ഹദീസിൽ വന്നിട്ടില്ലേ?

സുബ്ഹിയിൽ ഖുനൂത്ത് ചൊല്ലുന്ന ശാഫിഈ മദ്ഹബുകാർ തെളിവാക്കുന്നത് ബൈഹഖിയും ദാറഖുത്നിയും ഉദ്ധരിച്ച "നബിﷺ ദുൻയാവിൽ നിന്ന് വിട പറയുന്നത് വരെ സുബ്ഹിയിൽ ഖുനൂത്ത് ചൊല്ലിയിരുന്നു" എന്ന ഹദീഥാണ്. ഇതിന്റെ പരമ്പരയിലെ അബു ജഅ്ഫറു റാസി, റബീഉബ്നു അനസ് എന്നിവർ ദുർബലരും സ്വീകാര്യയോഗ്യരല്ലാത്തവരുമാണെന്ന് ഹദീഥ് നിദാന ശാസ്ത്രകാരന്മർ അഭിപ്രായപ്പെട്ടതിനാൽ പ്രസ്തുത ഹദീഥ് തെളിവിന്ന് പറ്റാത്തതാണ്.

സുബ്ഹി നമസ്കാരത്തിൽ ജീവിതകാലം മുഴുവൻ നബിﷺ ഖുനൂത്ത് നിർവ്വഹിച്ചുവെന്ന് ഹദീസിന്റെ പരമ്പരകളെക്കുറിച്ച് ചർച്ചചെയ്ത് ഇബ്നുഹജർ അസ്ഖലാനി رحمه الله പറയുന്നു. ഈ പരമ്പരയിലെ അബൂ ജഹ്ഫറുറാസി സ്വീകാര്യനല്ല എന്ന് അറിയിക്കുന്ന ശൈലിയിൽ ഇമാം അഹമ്മദ് رحمه الله,

ഇബ്നു മഈൻ‎ﷺ തുടങ്ങിയവർ പറഞ്ഞിട്ടുണ്ട്. നബിﷺയും ഖലീഫമാരും ഖുനൂത്ത് നിർവ്വഹിച്ചു എന്ന് അറിയിക്കുന്ന റിപ്പോർട്ടുകൾ ഉണ്ടെങ്കിലും അവ തെളിവിനു പര്യാപ്തമല്ല. ഈ വിഷയകമായ ഹദീസുകളുടെ ആകെത്തുക അറിയിക്കുന്നത് നബിﷺ ഒരു സമൂഹത്തിനു അനുകൂലമായോ പ്രതികൂലമായോ പ്രാർത്ഥിക്കുമ്പോൾ മാത്രമെ ഖുനൂത്ത് നിർവ്വഹിക്കാറുള്ളൂ എന്നാണ്. (തൽഖീസുൽ ഹബീർ 1/600)

# ജുമുഅ ഖുതുബ

## ജുമുഅ ഖുതുബയെ കുറിച്ച് ഖുർആനിൽ സൂചനകളുണ്ടോ?

അതെ, ഖുർആൻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩﴾

﴿سورة الجمعة﴾

"സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ. (62:9)

ഇവിടെ "ദിക്റുല്ലാഹി" എന്നതിന്ന് പല മുഫസ്സിറുകളും ഇമാമിന്റെ ഉപദേശമെന്നാണ് അർത്ഥം പറഞ്ഞത്.

ഉദാ: ഇബ്നു ജരീർ പറയുന്നു:

وَأَمَّا الذِّكْرُ الَّذِي أَمَرَ اللهُ تَبَارَكَ وَتَعَالَى بِالسَّعْيِ إِلَيْهِ عِبَادَهُ الْمُؤْمِنِينَ ، فَإِنَّهُ مَوْعِظَةُ الْإِمَامِ فِي خُطْبَتِهِ

"തന്റെ സത്യ വിശ്വാസികളായ അടിമകളോട് വേഗത്തിൽ ചെല്ലാൻ അല്ലാഹു കൽപിച്ച "അദ്ദിക്റ്" ഖുതുബയിലുള്ള ഇമാമിന്റെ സദുപദേശമാണ്" (ഇബ്നുജരീർ 62/66).

ഇതുപോലെ തഫ്സീർ ഖാസിനിലും ബഗ്വിയിലും സഈദുബ്നുൽ മുസയ്യബിൽ നിന്ന് "ദിക്റിന്ന്" ഇമാമിന്റെ ഉപദേ

ശമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

### നബിﷺ ഖുത്തുബ നിർവഹിച്ചത് എങ്ങനെയായിരുന്നു?

ഈ ഹദീസ് കാണുക.

عَنْ جَابِرِ بْنِ سَمُرَةَ ، قَالَ : « كَانَتْ لِلنَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ خُطْبَتَانِ ، يَجْلِسُ بَيْنَهُمَا يَقْرَأُ الْقُرْآنَ ، وَيُذَكِّرُ النَّاسَ » .(مسلم)

ജാബിറുബ്നു സമുറയിൽ നിന്ന് നബിﷺക്ക് രണ്ട് ഖുതുബയുണ്ടായിരുന്നു. അവക്കിടയിൽ അദ്ദേഹം ഇരിക്കുകയും ഖുർആൻ ഓതി ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്യുമായിരുന്നു. (മുസ്‌ലിം, അബൂദാവൂദ്, നസാഇ, ഇബ്നുമാജ)

അപ്പോൾ വെള്ളിയാഴ്ച ജുമുഅക്ക് എത്തുന്നവർക്ക് നൽകപ്പെട്ട ഉദ്ബോധനമായിരുന്നു പ്രവാചകൻﷺയുടെ ഖുതുബ എന്നത് വ്യക്തമായി. അതായത് നബിﷺ?ഖുതുബ നിർവഹിച്ചു കഴിഞ്ഞാൽ ശ്രോതാക്കൾക്ക് മനസ്സിന് നനവ് പകരുന്ന, ജീവിതത്തിൽ പകർത്താൻ സാധിക്കുന്ന പലകാര്യങ്ങളും ലഭിച്ചിരുന്നു എന്നർത്ഥം. എന്നാൽ ഇന്ന് കേരളത്തിലെ മഹാഭൂരിപക്ഷം പള്ളികളിലും നടക്കുന്ന ഖുതുബയിൽ നിന്ന് സദസ്യർക്ക് വല്ലതും ഗ്രഹിക്കാനാവുന്നുണ്ടോ? അവർ ജുമുഅ കഴിഞ്ഞ് തിരികെ പോകുമ്പോൾ ഹൃദയത്തിന് വല്ല മാറ്റവും സംഭവിക്കുന്നുണ്ടോ?

### ഖുതുബ പഠനാർഹവും ഉദ്ബോധനം ലഭ്യമാകുന്നതും ആയിരിക്കണമെന്ന് ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ മുൻഗാമികൾ പഠിപ്പിച്ചിട്ടുണ്ടോ?

മുൻ പറഞ്ഞ ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇമാം നവവി എഴുതുന്നു.

( يَقْرَأُ الْقُرْآنَ وَيُذَكِّرُ النَّاسَ ) فِيهِ دَلِيلٌ لِلشَّافِعِيِّ فِي أَنَّهُ يُشْتَرَطُ فِي الْخُطْبَةِ الْوَعْظُ وَالْقِرَاءَةُ . قَالَ الشَّافِعِيُّ : لَا يَصِحُّ الْخُطْبَتَانِ إِلَّا بِحَمْدِ اللهِ تَعَالَى وَالصَّلَاةِ عَلَى رَسُولِ اللهِ – صَلَّى اللهُ عَلَيْهِ وَسَلَّمَ – فِيهِمَا وَالْوَعْظِ وَهَذِهِ

الثَّلَاثَةُ وَاجِبَاتٌ فِي الْخُطْبَتَيْنِ ، ......... . وَقَالَ مَالِكٌ وَأَبُو حَنِيفَةَ وَالْجُمْهُورُ : يَكْفِي مِنَ الْخُطْبَةِ مَا يَقَعُ عَلَيْهِ الِاسْمُ .

"(ഖുർആൻ ഓതി ജനങ്ങളെ ഉൽബോധിപ്പിക്കും) എന്ന് പറഞ്ഞതിൽ ഖുതുബയിൽ വഅളും ഖുർആൻ പാരായണവും ശർത്താക്കപ്പെടും എന്നതിന് ശാഫിഈ ഇമാമിന്ന് തെളിവുണ്ട്. ശാഫിഈ ഇമാം പറഞ്ഞിരിക്കുന്നു അല്ലാഹുവിനെ സ്തുതിക്കുകയും റസൂൽﷺ പേരിൽ സ്വലാത്തും ഉപദേശവും ഇല്ലാതെ രണ്ട് ഖുതുബയും സ്വഹീഹാവില്ല......എന്നാൽ മാലിക്കീ ഇമാമും അബൂ ഹനീഫയും ഭൂരിപക്ഷം പണ്ഡിതന്മാരും പറഞ്ഞത് ഖുതുബ എന്ന പേർ വരുന്ന എന്തും മതിയാകും എന്നാണ്" (ശറഹു മുസ്‌ലിം 3/415).

അപ്പോൾ ഖുതുബയിൽ വേണ്ടത് ഖുർആൻ പാരായണവും ജനങ്ങളോടുള്ള ഉപദേശവുമാണ്. അതാണ് നബിﷺയുടെ മാതൃക. സദസ്യരുടെ ഭാഷയിലായിരുന്നു നബിﷺയുടെ ഖുതുബ. ജനങ്ങൾക്ക് മനസ്സിലാകാത്ത ഉപദേശം കൊണ്ട് ഫലമില്ലല്ലോ.

കേരളത്തിൽ പള്ളിമിമ്പറുകളിൽ വെച്ച് ഇമാം നോക്കി വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം പ്രവാചകൻﷺയുടെ ഖുതുബകളൊന്നുമല്ല. തിരുനബിﷺയുടെ ഖുതുബകൾ ഒന്നും ക്രോഡീകരിക്കപ്പെട്ടിട്ടുമില്ല. എന്നാൽ മിമ്പറുകളിൽ ഇമാമുമാർ പാരായണം ചെയ്യുന്ന പ്രസ്തുത ഖുതുബാ സമാഹാരം ഹിജ്റ 768ൽ മരണമടഞ്ഞ ഇബ്നു നബാത്തതുൽ മിസ്‌രി എന്ന പണ്ഡിതൻ സമകാലികമായി നടത്തിയ ഖുതുബകളുടെ ക്രോഡീകരണമാണ്.

## സദസ്സിനെയും സാഹചര്യങ്ങളെയും ശ്രോതാവിനെയും പരിഗണിച്ചാണോ നബിﷺ ഖുതുബ നിർവഹിച്ചത്?

അതെ, നബിﷺ തന്റെ ഖുതുബയിൽ ജനങ്ങൾക്കാവശ്യമുള്ള കാര്യങ്ങൾ പഠിപ്പിക്കലായിരുന്നു പതിവ്. ഒരിക്കൽ നബിﷺ വെള്ളിയാഴ്ച ഖുതുബ നിർവ്വഹിക്കുമ്പോൾ കയറി വന്ന സ്വഹാബിയോട് രണ്ട് റക്അത്ത് നമസ്കരിക്കാൻ കൽപിച്ചു.

(ബുഖാരി) ഹദീഥിന്റെ വിശദീകരണത്തിൽ ഇബ്നുഹജറുൽ അസ്ക്കലാനി പറയുന്നു:

وَأَنَّ لِلْخَطِيبِ أَنْ يَأْمُرَ فِي خُطْبَتِهِ وَيَنْهَى وَيُبَيِّنَ الْأَحْكَامَ الْمُحْتَاجَ إِلَيْهَا ، وَلَا يَقْطَعُ ذَلِكَ التَّوَالِي الْمُشْتَرَطَ فِيهَا ، بَلْ لِقَائِلٍ أَنْ يَقُولَ : كُلُّ ذَلِكَ يُعَدُّ مِنَ الْخُطْبَةِ .

"ഖതീബിന് തന്റെ ഖുതുബയിൽ ആവശ്യമായ കാര്യങ്ങൾ കൽപിക്കലും വിരോധിക്കലും ആവശ്യമായ വിധി വിലക്കുകൾ വിശദീകരിച്ചു കൊടുക്കലും അനുവദനീയമാണ്. ഇതൊന്നും ഖുതുബയിൽ നിബന്ധനയായ തുടർച്ചക്ക് ഭംഗം വരുത്തുന്ന തല്ല. എന്നു മാത്രമല്ല അതെല്ലാം ഖുതുബയിൽപെട്ടതാണെന്ന് പറയാവുന്നതുമാണ്." (ഫത്ഹുൽ ബാരി 3:450)

പ്രവാചകൻﷺ ചില സന്ദർഭങ്ങളിൽ ശബ്ദം ഉയർത്തിയിരുന്നുവെന്നും സൈനികർക്കു നിർദ്ദേശം നൽകുന്ന സർവ സൈന്യാധിപന്റെ സ്വരത്തിൽ സംസാരിച്ചിരുന്നുവെന്നും ഹദീഥുകളിൽ കാണാം. ഇതിൽ നിന്നും ജുമുഅ ഖുതുബ എന്നത് ജീവനുള്ള, ഹൃദയ ഭാഷയിലുള്ള സാരോപദേശമാണെന്ന് നമുക്ക് വ്യക്തമാകുന്നു. അപ്പോൾ ഏടിൽ നോക്കിയുള്ള ഓതിത്തീർക്കൽ കൊണ്ട് പ്രവാചകൻﷺയുടെ ഖുതുബയുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടില്ല എന്ന് നമുക്ക് മനസ്സിലാകും.

## ഖുതുബ അറബി ഭാഷയിൽ മാത്രമേ നിർവഹിക്കാവൂ എന്നാണോ ശാഫീ മദ്ഹബിന്റെ അഭിപ്രായം?

ഒരിക്കലുമല്ല. ഇമാം ശാഫി﵀ പറയുന്നു:

إِنَّمَا كَانَتِ الْخُطْبَةُ تَذْكِيرًا

ഖുതുബ ഒരു ഉൽബോധനം മാത്രമായിരുന്നു. (അൽ ഉമ്മ് 1/203)

ഇമാം നവവി﵀ പറയുന്നു:

وَمَقْصُودُ الْخُطْبَةِ الْوَعْظُ ، وَهَذَا نَصُّهُ فِي الْإِمْلَاءِ

ഖുതുബയുടെ ഉദ്ദേശം ഉപദേശമാണ്. ഇത് ശാഫിഈ ഇമാം

വ്യക്തമായി പറഞ്ഞതാണ് (ശറഹുൽ മുഹദ്ദബ് 4/521)

അപ്പോൾ ഖുതുബ കൊണ്ടുള്ള ഉദ്ദേശം പൂർത്തിയാകണമെങ്കിൽ അത് ജനങ്ങൾക്ക് മനസ്സിലാകുന്ന രൂപത്തിലായിരിക്കണം. അതു കൊണ്ട് തന്നെ അത് ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലുമായിരിക്കണം.

ഇമാം നവവിﷺ പറയുന്നു.

قَالَ الْمُتَوَلِّي : وَيُكْرَهُ الْكَلِمَاتُ الْمُشْتَرَكَةُ وَالْبَعِيدَةُ عَنْ الْأَفْهَامِ . وَمَا يَكْرَهُ عُقُولُ الْحَاضِرِينَ ، وَاحْتَجَّ بِقَوْلِ عَلِيِّ بْنِ أَبِي طَالِبٍ رَضِيَ اللهُ عَنْهُ « حَدِّثُوا النَّاسَ بِمَا يَعْرِفُونَ أَتُحِبُّونَ أَنْ يُكَذَّبَ اللهُ وَرَسُولُه ؟ (شرح المهذب)

“മുതവല്ലി ഇമാം പറഞ്ഞിരിക്കുന്നു. വിവിധ അർത്ഥമുള്ളതും സദസ്യർക്ക് മനസ്സിലാക്കാൻ വിഷമമുള്ളതും സദസ്യരുടെ ബുദ്ധിക്ക് അപരിചിതമായതുമായ പദപ്രയോഗങ്ങൾ വെറുക്കപ്പെടും. ശ്രോതാക്കൾക്കറിയുന്ന വിധത്തിൽ അവരോട് സംസാരിക്കുക. അല്ലാഹുവിനെയും റസൂലിനെയും കളവാക്കുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ എന്ന അലിؓൽ നിന്ന് ബുഖാരി ഉദ്ധരിച്ച ഹദീഥാണ് അദ്ദേഹം തെളിവാക്കിയത്” (ശറഹുൽ മുഹദ്ദബ് 4/528)

يسن أن تَكُون الخُطبَةُ مَفهُومَة أي قَرِيبَة مِنَ الاَفهَامِ لاَ غَرِيبةً وحشِيَةً فَإِنَّهَا لاَ يَنتَفِعُ بِهَا أكثَرُ النَاسِ

ഖുതുബ ജനങ്ങൾക്ക് മനസ്സിലാകുന്നതായിരിക്കൽ സുന്നത്താണ്. അതായത് വേഗത്തിൽ മനസ്സിലാവുന്നതായിരിക്കണം. അപരിചിതമോ പ്രാകൃതമോ ആയിരിക്കരുത്. കാരണം ഭൂരിപക്ഷം ആളുകൾക്കും അത് ഉപകാരപ്പെടുകയില്ല (മഹല്ലി 1/287)

## ഖുതുബ അറബിയിലാവണമെന്ന് ചില ശാഫീ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടല്ലോ?

ശാഫിഈ മദ്ഹബിൽ ഖുതുബ അറബിയിലായിരിക്കൽ ശർത്താണെന്ന് പറഞ്ഞത് ഫർളുകളിൽ മാത്രമാണ്.

ശാഫിഈ മദ്ഹബിലെ പ്രാമാണിക ഗ്രന്ഥങ്ങളിലെല്ലാം അത്

പറഞ്ഞിട്ടുണ്ട്

( وَيُشْتَرَطُ كَوْنُهَا ) أَيْ الْأَرْكَانِ دُونَ مَا عَدَاهَا ( عَرَبِيَّةً )

ഖുതുബ അറബിയിലാവൽ ശർത്വാണ് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം നിർബന്ധ ഘടകങ്ങൾ (റുക്നുകൾ) അറബിയിലാവണമെന്നാണ്. മറ്റു ഭാഗങ്ങൾ അല്ല.

മഹല്ലിയിൽ ഖുതുബ അറബിയിലായിരിക്കൽ ശർത്താണെന്ന് പറഞ്ഞതിനെ ഖൽയൂബി വിശദീകരിക്കുന്നു.

أي الخطبة أي كل أركانها في الخطبتين ، ولا يضر غير العربية في غير الأركان وإن عرفها .

അതായത് ഖുതുബയുടെ അർകാനുകൾ മുഴുവൻ അറബിയിലാവണമെന്നതാണ് (ഉദ്ധേശം). അറബി അറിയുമെങ്കിൽ പോലും അർകാനുകൾ അല്ലാത്തത് അറബിയല്ലാത്ത ഭാഷയിൽ നിർവഹിച്ചാൽ യാതൊരു പ്രശ്നവുമില്ല.

# മരണാനന്തര ചടങ്ങുകളിലെ അനാചാരങ്ങൾ

## ഖുർആൻ ഓതി; മരിച്ചവർക്ക് ഹദ്‌യ ചെയ്യുന്നതിനെ സംബന്ധിച്ച് അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ എന്ത് പറയുന്നു?

വിശുദ്ധ ഖുർആൻ പാരായണത്തിനും പഠനത്തിനും വലിയ പുണ്യമാണ്. പക്ഷെ അത് പാരായണം ചെയ്യുന്നത് അസ്ഥാനത്താവരുത്. ഖുർആൻ പാരായണം ചെയ്ത് മരണപ്പെട്ടവർക്ക് ഹദ്‌യ ചെയ്യുന്ന ചില രീതികൾ കാണാം. ഇത് ഖുർആനിനും പ്രവാചക ചര്യയ്ക്കും എതിരാണ്. ഇമാം ഇബ്നു കസീർ ﵀ സൂറത്തു നജ്മിലെ മുപ്പത്തി ഒൻപതാം ആയത്തിന്റെ വിവരണത്തിൽ രേഖപ്പെടുത്തുന്നു:

وَمِنْ هَذِهِ الْآيَةِ الْكَرِيمَةِ اسْتَنْبَطَ الشَّافِعِيُّ رَحِمَهُ اللهُ ، وَمَنِ اتَّبَعَهُ أَنَّ الْقِرَاءَةَ لَا يَصِلُ إِهْدَاءُ ثَوَابِهَا إِلَى الْمَوْتَى ; لِأَنَّهُ لَيْسَ مِنْ عَمَلِهِمْ وَلَا كَسْبِهِمْ ; وَلِهَذَا لَمْ يَنْدُبْ إِلَيْهِ رَسُولُ اللهِ - صَلَّى اللهُ عَلَيْهِ وَسَلَّمَ - أُمَّتَهُ وَلَا حَثَّهُمْ عَلَيْهِ ، وَلَا أَرْشَدَهُمْ إِلَيْهِ بِنَصٍّ وَلَا إِيمَاءٍ ، وَلَمْ يُنْقَلْ ذَلِكَ عَنْ أَحَدٍ مِنَ الصَّحَابَةِ رَضِيَ اللهُ عَنْهُمْ ، وَلَوْ كَانَ خَيْرًا لَسَبَقُونَا إِلَيْهِ ،

"ഈ പരിശുദ്ധമായ ആയത്തിൽ നിന്നാണ് ഇമാം ശാഫിയും അദ്ദേഹത്തെ പിന്തുടരുന്നവരും മയ്യിത്തിനു വേണ്ടി ഖുർആൻ ഓതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം മരിച്ചവർക്ക് എത്തുകയില്ലെന്ന് മതവിധി ഗവേഷണത്തിലൂടെ മനസ്സിലാക്കിയത്. കാരണം അത് (ഖുർആൻ പാരായണം) അവരുടെ (മരിച്ചവരുടെ) പ്രവർത്തനമോ സമ്പാദ്യമോ അല്ല. നബി ﷺ

ഈ കാര്യം സമുദായത്തിന് സുന്നത്താക്കുകയോ അത് ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യക്തമായോ സൂചന മുഖേനയോ പ്രേരിപ്പിച്ചിട്ടില്ല. ഇപ്രകാരം സ്വഹാബികളിൽ പെട്ട ഒരാളിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. ഇത് ഒരു നൻമയായിരുന്നുവെങ്കിൽ നമ്മേക്കാൾ മുമ്പ് അവരത് ചെയ്യുമായിരുന്നു." (ഇബ്നു കസീർ 7/465)

## മയ്യിത്ത് ചുമന്നുകൊണ്ടുപോകുമ്പോൾ ദിക്റ് ചൊല്ലുന്നത് ഇസ്ലാമികമാണോ?

വിശ്വാസിയുടെ ജീവിതത്തിലുടനീളം പ്രാർത്ഥനകളും ദിക്റുകളും കൊണ്ട് സമ്പന്നമാകണം. എന്നാൽ പ്രവാചകൻ ﷺ പഠിപ്പിക്കാത്ത ദിക്റുകൾ ചൊല്ലുന്നതും പഠിപ്പിച്ച ദിക്റുകൾ തന്നെ പ്രവാചകൻ ﷺ നിശ്ചയിക്കാത്ത രൂപത്തിലും ക്രമത്തിലും നിർവഹിക്കുന്നതും, അതിനു പ്രത്യേക രൂപവും രീതിയും ഉണ്ടാക്കുന്നതും, മുൻഗാമികൾ നിശ്ചയിച്ചിട്ടില്ലാത്ത എണ്ണങ്ങൾ നിശ്ചയിക്കുന്നതുമെല്ലാം വിലക്കപ്പെട്ടതാണ്. തുമ്മുന്ന വ്യക്തി الحمد لله എന്നു പറയണമെന്ന് പ്രവാചക ചര്യയിലുള്ളതാണ്. എന്നാൽ തുമ്മിയ ശേഷം الحمد لله والصلاة والسلام على رسول الله എന്നു ചൊല്ലിയാൽ അതു പുണ്യമല്ല. പ്രവാചകന്റെ മേലുള്ള സ്വലാത്തല്ലേ എന്നാണ് പലരും ചിന്തിക്കുക. സ്വലാത്തു ചൊല്ലൽ പുണ്യം തന്നെയാണ്. എന്നാൽ തുമ്മിയ വ്യക്തി 'അൽഹംദുലില്ലാ' എന്നതിന് ശേഷം അതുമായി ബന്ധപ്പെടുത്തി സ്വലാത്ത് ചൊല്ലണമെന്ന് നാം പഠിപ്പിക്കപ്പെട്ടിട്ടില്ല. അഥവാ പ്രാർത്ഥനകളും ദിക്റുകളും ആരാധനാ കർമങ്ങളുമെല്ലാം അല്ലാഹുവും റസൂൽ ﷺയും നിശ്ചയിച്ച പ്രകാരമാണ് നിർവഹിക്കേണ്ടത്.

ഈ ചോദ്യത്തിന് ഉത്തരമായി ഇത്രയും വിശദീകരിച്ചത് മുസ്ലിം സമുദായം ഏറെ വൈകാരികമായി കാണുന്ന വിഷയങ്ങളിൽ ഒന്നാണിത്. 'ദിക്റ് അല്ലേ?', 'ചൊല്ലിയാലെന്താ?', 'വാശി പിടിക്കണോ?' എന്നിങ്ങനെ ജനം വിചാരിക്കുകയും ചെയ്യും. എന്നാൽ പ്രവാചകൻ ﷺയുടെ ജീവിത കാലഘട്ടത്തിൽ തന്നെ നൂറുകണക്കിനാളുകളുടെ മരണാനന്തര ചടങ്ങുകൾക്ക് നേതൃത്വം നൽകിയ അദ്ദേഹം ഇപ്രകാരം ഒരു ചര്യ പഠിപ്പിച്ചി

ട്ടില്ല. ആ മരണപ്പെട്ടവരിൽ സ്വന്തം മകനും ഭാര്യയും ഉൾപ്പെട്ടിരുന്നുവെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ടു തന്നെ മയ്യിത്തിന്റെ കൂടെ പോകുമ്പോൾ നമ്മുടെ മനസ്സ് മയ്യിത്തിന് വേണ്ടിയുള്ള പ്രാർത്ഥനയാൽ സമ്പന്നമാക്കുകയും ഇതര സംസാരങ്ങൾ പൂർണമായും വെടിഞ്ഞ് മൗനം പാലിച്ച് മുന്നോട്ട് പോവുകയുമാണ് വേണ്ടത്. ഇതു തന്നെയാണ് പണ്ഡിതന്മാർ രേഖപ്പെടുത്തിയ അഭിപ്രായവും.

ഇമാം നവവി പറയുന്നു:

واعلم أن الصواب المختار ما كان عليه السلف رضي الله عنهم من السكوت في حال السير مع الجنازة

നീ അറിയുക, പൂർവ്വീകർ ജനാസയുടെ കൂടെ മൗനമായിട്ടായിരുന്നു സഞ്ചരിച്ചിരുന്നത്. ഇതാണ് പ്രബലവും ശരിയായ അഭിപ്രായവും (അൽ അദ്കാർ: 145)

## ഖബറുകൾ കെട്ടിപ്പൊക്കുന്നതിന്റെ ഇസ്‌ലാമിക വിധിയെന്ത്?

ഖബറുകൾ കെട്ടി പൊക്കൽ പ്രവാചകൻ ﷺ നിരോധിച്ചു. മുസ്‌ലിമിന്റെ ഖബറിന്റെ പരമാവധി ഉയരം ഒരു ചാൺ ആണെന്ന് പ്രവാചകൻ ﷺ നിർദേശിച്ചു. മാത്രമല്ല ഖബർ കെട്ടി ഉയർത്തുന്നത് നിരോധിക്കുകയും ചെയ്തിരിക്കുന്നു.

عَنْ جَابِرٍ قَالَ نَهَى رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنْ يُجَصَّصَ الْقَبْرُ وَأَنْ يُقْعَدَ عَلَيْهِ وَأَنْ يُبْنَى عَلَيْهِ-مسلم

"ജാബിർ رضي الله عنه പ്രസ്താവിക്കുന്നു. ഖബറുകൾ കുമ്മായമിടുക. അതിന്മേൽ ഇരിക്കുക. അതിന്മേൽ എടുപ്പുണ്ടാക്കുക എന്നിവ നബി ﷺ നിരോധിച്ചു."(മുസ്‌ലിം)

## ഖബറുകൾ കെട്ടിപ്പൊക്കുന്ന വിഷയത്തിൽ സ്വഹാബത്തിന്റെ വീക്ഷണം എന്തായിരുന്നു?

ഫുളാലത്തുബിൻ ഉബൈദ് رضي الله عنه സംഘത്തലവനായി റോമിലെ പ്രദേശത്തുണ്ടായിരിക്കെ അവരുടെ യാത്രാസംഘത്തിലെ ഒരാൾ മരണപ്പെട്ടു. പ്രസ്തുത വ്യക്തിയെ മറവു ചെയ്തപ്പോൾ

ഉത്തമ തലമുറയിൽ പെട്ട ആ വ്യക്തിയുടെ ഖബർ കെട്ടി ഉയർത്തുകയോ പച്ചപുതക്കുകയോ വിളക്കു വെയ്ക്കുകയോ ചെയ്തില്ല. എന്നു മാത്രമല്ല അന്ത്യകർമങ്ങൾ ചെയ്യുന്നവരോട് ഖബർ പരത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. എന്നിട്ട് ആ മഹാനുഭാവൻ പറഞ്ഞു: നബിﷺ ഖബർ പരത്താൻ നിർദ്ദേശിക്കുന്നത് ഞാൻ കേട്ടിരുന്നു. (മുസ്‌ലിം)

മാത്രവുമല്ല, കെട്ടി ഉയർത്തിയ ഖബറുകൾ തട്ടി നിരത്തണമെന്ന പ്രവാചക നിർദേശം അവർ പരസ്പരം പകർന്നു നൽകുകയും പകർത്തുകയും ചെയ്തു.

عَنْ أَبِي الْهَيَّاجِ الْأَسَدِيِّ قَالَ قَالَ لِي عَلِيُّ بْنُ أَبِي طَالِبٍ أَلَا أَبْعَثُكَ عَلَى مَا بَعَثَنِي عَلَيْهِ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنْ لَا تَدَعَ تِمْثَالًا إِلَّا طَمَسْتَهُ وَلَا قَبْرًا مُشْرِفًا إِلَّا سَوَّيْتَهُ.(مسلم)

അബുൽ ഹയ്യാജ്ؓ വിൽ നിന്ന് നിവേദനം: "അലിؓ എന്നോട് പറഞ്ഞു: നബിﷺ എന്നെ നിയോഗിച്ച അതേ സംഗതികൾക്കു വേണ്ടി നിന്നെ ഞാൻ നിയോഗിക്കുന്നു. ഒരു വിഗ്രഹവും നീ നശിപ്പിക്കാതെ ഒഴിച്ചിടരുത്. കെട്ടി ഉയർത്തപ്പെട്ട ഒരു ഖബറും നിരപ്പാക്കാതെയും വിടരുത്" (മുസ്‌ലിം)

എന്നാൽ കെട്ടിപൊക്കരുതെന്ന് പറഞ്ഞ നബി വചനങ്ങൾ കാഫിറുകളുടെ (അവിശ്വാസികൾ) ഖബറിനെക്കുറിച്ചാണ് എന്ന് ചിലർ ദുർവ്യാഖ്യാനിക്കാറുണ്ട്. പക്ഷെ, ഈ വചനം ശ്രദ്ധാപൂർവ്വം വായിക്കുക. മുസ്‌ലിംകളുടെ ഖബറും പൊളിക്കപ്പെടേണ്ടതിന്റെ പരിധിയിൽ നിന്ന് പുറത്ത് പോകുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. അങ്ങനെയാണ് പൂർവ്വസൂരികൾ മനസ്സിലാക്കിയത്.

عَنْ أَبِي وَائِلٍ قَالَ : قَالَ عَلِيٌّ لِأَبِي هَيَّاجٍ « أَبْعَثُكَ عَلَى مَا بَعَثَنِي عَلَيْهِ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ لَا تَدَعْ قَبْرًا مُشْرِفًا إِلَّا سَوَّيْتَهُ ، يَعْنِي قُبُورَ الْمُسْلِمِينَ وَلَا تِمْثَالًا فِي بَيْتٍ إِلَّا طَمَسْتَهُ».

അബൂ വാഇലിൽ നിന്ന് നിവേദനം: അദ്ധേഹം പറഞ്ഞു: അലിؓ അബൂ ഹയ്യാജിനോട് ഇപ്രകാരം പറഞ്ഞു: നബിﷺ എന്നെ നിയോഗിച്ച അതേ സംഗതിക്കു വേണ്ടി നിന്നെ ഞാൻ

നിയോഗിക്കുന്നു. കെട്ടി ഉയർത്തപ്പെട്ട ഒരു ഖബറും നീ നിരപ്പാക്കാതെ വിടരുത്. മുസ്‌ലിംകളുടെ ഖബറുകൾ ഉദ്ദേശിച്ചാണ് അദ്ദേഹം അപ്രകാരം പറഞ്ഞത്. വീട്ടിലുള്ള ഒരു വിഗ്രഹവും നശിപ്പിക്കാതെയും വിടരുത്." (മുസ്വന്നഫ് അബ്ദുറസാഖ്)

## പ്രവാചകൻ ﷺ യുടെ ഖബർ ഉയർത്തി കെട്ടിയിട്ടുണ്ടല്ലോ?

ഇത് ശുദ്ധ കളവാണ്. പ്രമാണങ്ങൾ കൊണ്ട് സ്ഥാപിക്കാൻ കഴിയാത്തതുമാണ്. കാരണം നബി ﷺ യുടെ ഖബർ ഉയർത്തപ്പെട്ടത് ഒരു ചാൺ മാത്രമായിരുന്നു.

عَنْ جَابِرٍ : قَالَ : وَرُفِعَ قَبْرُهُ مِنَ الْأَرْضِ نَحْوًا مِنْ شِبْرٍ وَجَدْتُهُ .

"ജാബിർ رضي الله عنه പ്രസ്താവിക്കുന്നു: നബി ﷺ യുടെ ഖബർ ഭൂമിയിൽ നിന്നും ഏകദേശം ഒരു ചാൺ ഉയർത്തപ്പെട്ടതായിട്ടാണ് ഞാൻ കണ്ടത്" (ബൈഹഖി-ഹസൻ).

ആയിശ رضي الله عنها യുടെ അരികിൽ വന്ന് "എനിക്ക് പ്രവാചകൻ ﷺ യുടെയും അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാരുടെയും ഖബർ ഒന്നു കാണിച്ചു തരുമോ?" എന്ന് കാസിം ബിൻ മുഹമ്മദ് رحمه الله ചോദിച്ചപ്പോൾ ആയിശാ رضي الله عنها അദ്ദേഹത്തിന് കാണിച്ചുകൊടുത്ത അവസ്ഥ വിശദീകരിക്കുമ്പോൾ ഉയർത്തിക്കെട്ടി പച്ചപുതച്ച്, വിളക്കുവെച്ച ഖബറിനെ കുറിച്ചല്ല അദ്ദേഹം പറയുന്നത്. മറിച്ച് മണ്ണിൽ നിന്നും ഒരുചാൺ മാത്രം ഉയർന്നു നിൽക്കുന്ന ഖബറുകളെ കുറിച്ചാണ്. ഇതിൽ നിന്നെല്ലാം പ്രവാചകൻ ﷺ യുടെ ഖബർ കെട്ടി ഉയർത്തിയിട്ടില്ല എന്ന് വ്യക്തമാണെല്ലോ?

## പ്രവാചകൻ ﷺ യുടെ പച്ചക്കുബ്ബ ആർക്കും കാണാവുന്ന രൂപത്തിൽ ഇന്നും നിലവിലുണ്ടല്ലോ?

തിരുനബി ﷺ യുടെ കൂടെ ജീവിക്കുകയും ഭൂഗോളം മുഴുവൻ ഇസ്‌ലാമിക സന്ദേശം എത്തിക്കാൻ അധ്വാനിക്കുകയും ചെയ്ത സ്വഹാബത്തിന്റെ വീക്ഷണം മുകളിൽ വിവരിച്ചു. ആ സ്വഹാബത്ത് നബി ﷺ ക്ക് ഒരുക്കിയ ഖബറിന്റെ ഉയരവും വിശദീകരിക്കപ്പെട്ടു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് തിരുദൂതരുടെ അന്ത്യകർമങ്ങൾക്ക് നേതൃത്വം നൽകിയ സ്വഹാ

ബത്ത് പ്രവാചക തിരുമേനിയുടെ ഖബർ കെട്ടി ഉയർത്തുകയോ പച്ചഖുബ്ബ കെട്ടുകയോ ചെയ്തിട്ടില്ല എന്നാണ്.

യഥാർത്ഥത്തിൽ പച്ചഖുബ്ബ ഉത്തമ തലമുറയ്ക്ക് പരിചയമില്ലാത്തതും അവർക്കറിയാത്തതുമാണ്. ഹിജ്റ 6-ാം നൂറ്റാണ്ടിന് ശേഷം ഏതോ ചില ഭരണാധികാരികൾ നിമിച്ച ഈ പരിഷ്കാരമാണ് പച്ചഖുബ്ബയായി മാറിയത്. അഥവാ പ്രവാചകന് ശേഷമുള്ള മുസ്ലിംകൾക്ക് അറിവും പങ്കാളിത്തവുമില്ലാത്ത ചില തെറ്റായ ഭരണ തീരുമാനങ്ങളുടെ ഭാഗമാണ് ഈ ഖുബ്ബ എന്നർത്ഥം. ഇത് പ്രചരിപ്പിക്കുന്നവരുടെ തന്നെ ചില കൃതികൾ ഇത് തുറന്നെഴുതുന്നത് കാണുക.

'ഹിജ്റ 678ൽ മൻസൂർ രാജാവിന്റെ കാലത്താണ് സുപ്രസിദ്ധമായ ഈ ഖുബ്ബ നിർമിക്കപ്പെട്ടത്.' (സുന്നത്ത് മാസിക 2007 മാർച്ച് 13).

അതെ, പ്രവാചകൻﷺക്ക് ശേഷം 600 കൊല്ലം കഴിഞ്ഞാണ് പച്ചഖുബ്ബ ഉണ്ടായതെന്നർത്ഥം. മാത്രവുമല്ല ഇത് സ്ഥാപിക്കപ്പെട്ട വർഷത്തെ സംബന്ധിച്ചും അഭിപ്രായ വ്യത്യാസങ്ങളുണ്ട്.

'ഹിജ്റ് 678ൽ ഖല്ലാഊൻ സ്വാലിഹി ചെമ്പിന്റെ വലയോടൊപ്പം ഖബറിന് മുകളിൽ പച്ചഖുബ്ബ നിർമിച്ചു. അത് ഇന്നും അതേപടി നിലകൊള്ളുന്നു.'(മദീന ശരീഫ്: പേ. 61, എസ്.വൈ.എസ്. ബുക്സ്)

അപ്പോൾ ഉത്തമ തലമുറകളിലെ ഒരാൾക്കും പരിചയമില്ലാത്തതാണ് ഈ പച്ചഖുബ്ബ. ഏതോ ചില ചക്രവർത്തിമാരുടെ അമിതത്വങ്ങൾ...!

## 'എന്റെ റൗള സ്വർഗപ്പൂങ്കാവനങ്ങളിൽ ഒന്നാണ്.' എന്ന് പ്രവാചകൻﷺ പറഞ്ഞിട്ടില്ലേ? ഇത് വ്യക്തമാക്കുന്നത് റൗള നേരത്തെ തന്നെ ഉണ്ട് എന്നല്ലേ?

ഏറെ തെറ്റിദ്ധാരണകൾ ഉള്ള ഒരു വിഷയമാണിത്. തിരുദൂതർﷺ പറഞ്ഞ 'റൗള' പ്രവാചകൻﷺ പള്ളി നിർമിച്ചതു മുതൽ നിലവിലുള്ളതാണ്. അഥവാ, ഇവിടെ പ്രസ്താവിക്കപ്പെട്ട റൗള കൊണ്ടുദ്ദേശം ചിലർ പ്രചരിപ്പിക്കുന്നത് പോലെ പ്രവാചകൻﷺ യുടെ ഖബർ അല്ല. ഹദീഥ് മനസ്സിരുത്തി വായിച്ചാൽ

അത് വ്യക്തമാകും.

അബൂ ഹുറൈറ ﵁ വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു: "എന്റെ ഭവനത്തിന്റെയും എന്റെ മിമ്പറിന്റെയും ഇടയ്ക്കുള്ള സ്ഥലം സ്വർഗ പൂങ്കാവനങ്ങളിൽ പെട്ട ഒരു പൂങ്കാവനമാണ്." (ബുഖാരി)

പച്ചഖുബ്ബ എന്ന് വിളിക്കപ്പെടുന്നതും ഹിജ്റ 600ന് ശേഷം സ്ഥാപിക്കപ്പെട്ടതുമായതിന്റെ പേരല്ല റൗള എന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നു.

## ഖബറിൻമേൽ എടുപ്പുണ്ടാക്കുന്നതിൽ ശാഫിഈ മദ്ഹബ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?

ഒന്ന്) ഇമാം നവവി ﵀ പ്രസ്താവിക്കുന്നു:

فِيهِ أَنَّ السُّنَّةَ أَنَّ الْقَبْرَ لَا يُرْفَعُ عَلَى الْأَرْضِ رَفْعًا كَثِيرًا وَلَا يُسَنَّمُ بَلْ يُرْفَعُ نَحْوَ شِبْرٍ وَيُسَطَّحُ ، وَهَذَا مَذْهَبُ الشَّافِعِيِّ وَمَنْ وَافَقَهُ . (شرح مسلم)

"നിശ്ചയം, നബി ﷺ യുടെ ചര്യയനുസരിച്ച് ഖബർ ഭൂമിയിൽ നിന്നും അധികമുയർത്താൻ പാടില്ല. മുകൾ ഭാഗം കൂർപ്പിക്കാനും പാടില്ല. ഒരു ചാൺ ഉയർത്തിയതിനു ശേഷം പരത്തണം. ഇമാം ശാഫിയുടേയും അദ്ദേഹത്തോട് യോജിക്കുന്നവരുടേയും അഭിപ്രായം ഇതാണ്" (ശറഹ് മുസ്ലിം 4/42)

രണ്ട്) ശൈഖ് അബ്ദുൽ ഖാദിർ ജീലാനി ﵀ പ്രസ്താവി ക്കുന്നു:

ويُرْفَعَ الْقَبْرُ عَنْ الْأَرْضِ قَدْرَ شِبْرٍ ،

"ഖബർ ഭൂമിയിൽ നിന്നും ഒരു ചാൺ മാത്രമേ ഉയർത്തപ്പെടാവൂ" (ഗുൻയ: 2/139)

മൂന്ന്) ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതൻ ഇബ്നു ഹജറുൽ ഹൈതമി രേഖപ്പെടുത്തുന്നു:

وَتَجِبُ الْمُبَادَرَةُ لِهَدْمِهَا وَهَدْمِ الْقِبَابِ الَّتِي عَلَى الْقُبُورِ إِذْ هِيَ أَضَرُّ مِنْ مَسْجِدِ الضِّرَارِ لِأَنَّهَا أُسِّسَتْ عَلَى مَعْصِيَةِ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ؛ لِأَنَّهُ عَلَيْهِ الصَّلَاةُ وَالسَّلَامُ نَهَى عَنْ ذَلِكَ وَأَمَرَ بِهَدْمِ الْقُبُورِ الْمُشْرِفَةِ، وَتَجِبُ

إِزَالَةُ كُلِّ قِنْدِيلٍ وَسِرَاجٍ عَلَى قَبْرٍ وَلَا يَصِحُّ وَقْفُهُ وَلَا نَذْرُهُ.

"കെട്ടിപ്പൊക്കിയ ഖബറുകളും അതിൻമേലുള്ള ഖുബ്ബകളും പൊളിച്ചു നീക്കാൻ ധൃതികാണിക്കൽ നിർബന്ധമാണ്. എന്തു കൊണ്ടെന്നാൽ അത് മസ്ജിദുളിറാറിനെക്കാൾ (കപട വിശ്വാസികളുടെ പള്ളി) അപകടം പിടിച്ചതാണ് ഇത്തരം ജാറങ്ങളും ഖുബ്ബകളും നിർമ്മിക്കപ്പെട്ടത് നബിﷺയുടെ കൽപന ധിക്കരിച്ചു കൊണ്ടാണ്. നബിﷺ അത് നിരോധിച്ചിരിക്കുന്നു. ഉയർത്തപ്പെട്ട ഖബറുകൾ പൊളിക്കാൻ നബിﷺ കല്പിച്ചിട്ടുമുണ്ട്. ഖബറിന്ന മീതെയുള്ള വിളക്കുകളും മറ്റും നീക്കം ചെയ്യൽ നിർബന്ധമാണ്. അവ നേർച്ചയാക്കലും വഖഫ് ചെയ്യലും സ്വീകര്യവുമല്ല." (അസ്സവാജിർ: 1/149)

## ഖബർ സിയാറത്ത് സുന്നത്താണോ? അത് കൊണ്ട് ലക്ഷ്യമാക്കുന്നതെന്ത്?

പരലോക ചിന്തയുണർത്താൻ വേണ്ടിയുള്ള ഖബർ സിയാറത്ത് സുന്നത്താണ്. നബിﷺ പറഞ്ഞു:

: «كنت نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ فَزُورُوهَا ، فَإِنَّهَا تُذَكِّرُكُمُ الْمَوْتَ (مسلم). »

അനസ്ﷺ പ്രസ്താവിച്ചു: "നബിﷺ അരുളി: ഖബർ സിയാറത്ത് നിങ്ങളോട് ഞാൻ നിരോധിച്ചിരുന്നു. ഇപ്പോൾ അതു നിങ്ങൾ സന്ദർശിച്ചു കൊള്ളുക. അത് നിങ്ങളെ മരണത്തെകുറിച്ച് ഓർമ്മിപ്പിക്കും." (തിർമുദി, അബൂദാവൂദ്, മുസ്‌ലിം)

## ഇസ്‌ലാം എതിർക്കുന്നതും വിരോധിക്കുന്നതുമായ ഖബർ സിയാറത്ത് ഏതാണ്?

എന്നാൽ ഖബർ സിയാറത്തിന്റെ ലക്ഷ്യമായി പ്രവാചകൻﷺ എന്ത് പഠിപ്പിച്ചോ അതിൽ നിന്ന് സമൂഹം ഏറെ വ്യതിചലിച്ചിരിക്കുന്നു. പുണ്യം തേടി വിശ്വാസികൾക്ക് പുറപ്പെടാവുന്ന മൂന്ന് സ്ഥലങ്ങളേ ഭൂമിയിലൂള്ളൂ. അല്ലാതെ നടത്തപ്പെടുന്ന സിയാറത്ത് ടൂറുകൾ എത്ര വലിയ മഹാന്റെ ഖബറിടത്തിലേ

ക്കാണെങ്കിലും അത് പ്രവാചകൻ വിലക്കിയതാണ്. നബി ﷺ പറയുന്നു:

لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ مَسْجِدِي هَذَا وَمَسْجِدِ الْحَرَامِ وَمَسْجِدِ الْأَقْصَى(مسلم)

"മൂന്ന് പള്ളികളിലേക്കല്ലാതെ നിങ്ങൾ വാഹനം കെട്ടി പുറപ്പെടരുത്. എന്റെ ഈ പള്ളി (മദീന പള്ളി), മസ്ജിദുൽ ഹറാം, മസ്ജിദുൽ അഖ്സ്വാ എന്നിവയാണവ" (ബുഖാരി, മുസ്ലിം)

മേൽ പറഞ്ഞ വചനത്തിൽ നിന്ന് നടേ സൂചിപ്പിച്ചതു പോലെ പുണ്യം പ്രതീക്ഷിച്ചുള്ള യാത്രകൾക്ക് നിർണ്ണിത സ്ഥലങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അല്ലാത്ത യാത്രകൾ ഹറാമാണ്. ശുപാർശ തേടിയാണെങ്കിൽ അത് അറേബ്യൻ ജാഹിലിയ്യത്തിന്റെ അവശിഷ്ടങ്ങളാണ്. റാസി സൂറത്ത് യൂനുസ് 18ന്റെ വിവരണത്തിൽ പറയുന്നു:

وَنَظِيرُهُ فِي هَذَا الزَّمَانِ اشْتِغَالُ كَثِيرٍ مِنَ الْخَلْقِ بِتَعْظِيمِ قُبُورِ الْأَكَابِرِ، عَلَى اعْتِقَادِ أَنَّهُمْ إِذَا عَظَّمُوا قُبُورَهُمْ فَإِنَّهُمْ يَكُونُونَ شُفَعَاءَ لَهُمْ عِنْدَ اللَّهِ. (تَفسِير الكبير)

"അതിന് (ബിംബാരാധനക്ക്) തുല്യമായ പ്രവർത്തനമാണ് സൃഷ്ടികളിൽ ധാരാളം ആളുകൾ ചെയ്തു കൊണ്ടിരിക്കുന്ന മഹത്തുക്കളുടെ ഖബറുകൾ ബഹുമാനിക്കൽ, ഖബറുകളെ ബഹുമാനിച്ചാൽ ആ ഖബറാളികൾ അവർക്കു വേണ്ടി അല്ലാഹുവിന്റെയടുക്കൽ ശുപാർശ ചെയ്യും എന്നതാണ് അവരുടെ വിശ്വാസം." (തഫ്സീറുൽ കബീർ, 17/49)

## മയ്യിത്തിന് തൽഖീൻ ചൊല്ലി കൊടുക്കൽ പ്രമാണത്തിൽ സ്ഥിരപ്പെട്ടതാണോ?

മയ്യിത്തിനെ മലക്കുകൾ ചോദ്യം ചെയ്യുമ്പോൾ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞു കൊടുക്കുന്ന സമ്പ്രദായത്തിനാണ് തൽഖീൻ എന്നു പറയുന്നത്. അതും അറബി ഭാഷയിലാണ് പറഞ്ഞു കൊടുക്കുന്നത്. അറബിയിൽ ഒരു പദം പോലും

എഴുതാനോ വായിക്കാനോ അറിയാത്ത വ്യക്തിക്കും ഇത് ചൊല്ലി കൊടുക്കുന്നു. മഹാ അത്ഭുതം തന്നെ...!! ആരൊക്കെയോ പടച്ചുണ്ടാക്കിയ ഒരു ഏർപ്പാടാണിത്.മുഹദ്ദിസുകളും കർമ്മ ശാസ്ത്ര പണ്ഡിതൻമാരും ഇതിന്റെ രേഖ ശരിയല്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഇമാം ഹൈസമി പ്രസ്താവിക്കുന്നു.

"അബൂ ഉമാമയിൽ നിന്നും തൽഖീന്റെ വിഷയത്തിൽ ത്വബ്റാനി തന്റെ കബീറിൽ ഉദ്ധരിക്കുന്ന ഹദീസിന്റെ പരമ്പരയിൽ ഞാനറിയാത്തൊരു സംഘം ആളുകളുണ്ട്." (മജ്മഉ സ്സവാഇദ് 3/48)

മേൽ ഹദീസുമായി ബന്ധപ്പെട്ട പ്രസിദ്ധ അഭിപ്രായങ്ങൾ ഉദ്ധരിച്ച ശേഷം ഇമാം സൻആനി പ്രസ്താവിക്കുന്നു:

"കാര്യങ്ങൾ അവഗാഹമായി മനസ്സിലാക്കിയ പണ്ഡിതൻമാരിൽ നിന്നും ലഭിക്കുന്ന അറിവ് തൽഖീനിന്റെ ഹദീസ് ദുർബലമാകുന്നു എന്നതാണ്. അത് ചെയ്യൽ (തൽഖീൻ ചൊല്ലൽ) അനാചാരമാണ്. അങ്ങനെ ചെയ്യുന്നവർ ധാരാളമുണ്ട് എന്നതിനാൽ അവരുടെ വഞ്ചനയിൽ നീ പെട്ടു പോകരുത്." (സുബ്ലുസ്സലാം 2/114)

# സ്ത്രീകളുടെ ജമാഅത്ത് -ജുമുഅ

## സ്ത്രീകൾക്ക് ജമാഅത്ത്- ജുമുഅകൾക്ക് പങ്കെടുക്കാൻ അനുവാദമുണ്ടോ?

തിരു ദൂതരുടെ കാലത്ത് വിശ്വാസിനികളായ സ്ത്രീകൾ പള്ളിയിൽ വരാറുണ്ടായിരുന്നു. നബിﷺയ്ക്ക് ശേഷവും ഇത് തുടർന്നിരുന്നു. സ്ത്രീ സമൂഹത്തെ പള്ളിയിൽ നിന്ന് തടയരുത് എന്ന് നബിﷺ പൊതു നിർദേശം നൽകി.

عَنِ ابْنِ عُمَرَ ، قَال رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : « لا تَمْنَعُوا إِمَاءَ اللهِ مَسَاجِدَ اللهِ ».

"ഇബ്നു ഉമർرضي الله عنهവിൽ നിന്ന് നിവേദനം: നബിﷺ അരുളി: അല്ലാഹുവിന്റെ ദാസികളായ സ്ത്രീകളെ അല്ലാഹുവിന്റെ പള്ളികളിൽ നിന്നും നിങ്ങൾ തടയരുത്" (മുസ്‌ലിം)

ഭാര്യമാരെ ഭർത്താക്കൻമാർ തടയാൻ സാധ്യതയുള്ളതു കൊണ്ട് അവരുടെ കാര്യം പ്രത്യേകം നബിﷺ നിർദേശിച്ചു:

إِذَا اسْتَأْذَنَكُمْ نِسَاؤُكُمْ إِلَى الْمَسَاجِدِ فَأْذَنُوا لَهُنَّ.

"നിങ്ങളുടെ സ്ത്രീകൾ പള്ളിയിൽ പോകാൻ നിങ്ങളോട് സമ്മതം ചോദിച്ചാൽ നിങ്ങൾ അനുവാദം നൽകണം." (മുസ്‌ലിം)

തടയരുത് എന്ന് പറഞ്ഞത് ഉപദേശ സദസ്സുകളിൽ നിന്നോ നൂലും ചരടും മന്ത്രിക്കാൻ പോകുന്നതിൽ നിന്നോ അല്ല:

عَنِ ابْنِ عُمَرَ ، أَنّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ : « لَا تَمْنَعُوا إِمَاءَ اللهِ أَنْ يُصَلِّينَ فِي الْمَسْجِدِ »

“ഇബ്നു ഉമർ ﷺ പ്രസ്താവിക്കുന്നു: അല്ലാഹുവിന്റെ റസൂൽ അരുളി: അല്ലാഹുവിന്റെ ദാസികളായ സ്ത്രീകൾ അല്ലാഹുവിന്റെ പള്ളികളിൽ നമസ്കരിക്കുന്നതിനെ നിങ്ങൾ തടയരുത്.” (ഇബ്നു മാജ-സ്വഹീഹ്)

## ഇതെല്ലാം ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിന്റെ മുമ്പല്ലേ?

ഇതുപോലെയുള്ള നൂറു കണക്കിന് ഹദീഥുകളെ ഹിജാബിന്റെ ആയത്തിന്റെ പേരുപറഞ്ഞാണ് എതിർക്കപ്പെടാറുള്ളത്. എന്നാൽ ഹിജാബിന്റെ ആയത്ത് അവതരിച്ചതിനു ശേഷം നൂറ്റാണ്ടുകൾ പിന്നിട്ടു. ഇസ്‌ലാമിക സമൂഹം ലോകമെമ്പാടും സ്ത്രീകൾക്ക് പള്ളിയിൽ നമസ്കരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി കൊണ്ടിരിക്കുന്നു. മുസ്‌ലിം സമൂഹത്തിന് നായകത്വം വഹിച്ച സ്വഹാബത്ത് മുതല്ക്ക് ആരും പെണ്ണിന് പള്ളി വിലക്കിയിട്ടില്ല. അതു കൊണ്ടാണ് ശാഫിഈ മദ്ഹബിലെ ഏറ്റവും പ്രമുഖ പണ്ഡിതനായ ഇമാം നവവി ﵀ ഇബ്നുൽ മുൻദിറിൽ നിന്ന് ഇജ്മാഅ് ഉദ്ധരിച്ചത്:

وَقَدْ نَقَلَ ابْنُ الْمُنْذِرِ وَغَيْرُهُ الْإِجْمَاعَ عَلَى أَنَّهَا لَوْ حَضَرَتْ وَصَلَّتْ الْجُمُعَةَ جَازَ ، وَقَدْ ثَبَتَتْ الْأَحَادِيثُ الصَّحِيحَةُ الْمُسْتَفِيضَةُ أَنَّ النِّسَاءَ كُنَّ يُصَلِّينَ خَلْفَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي مَسْجِدِهِ خَلْفَ الرِّجَالِ.

“ഇബ്നുൽ മുൻദിറും മറ്റുള്ളവരും ഇജ്മാഅ് ഉദ്ധരിച്ചിരിക്കുന്നു. ഒരു സ്ത്രീ പള്ളിയിൽ ഹാജറായി ജുമുഅ നമസ്കരിക്കുന്ന പക്ഷം അത് അനുവദനീയമാണ്. പുരുഷൻമാരുടെ പിന്നിൽ നബി ﷺ യുടെ പള്ളിയിൽ നബി ﷺ ക്ക് പിന്നിൽ സ്ത്രീകൾ നമസ്കരിച്ചിരുന്നു എന്നത് തീർച്ചയായും നിരന്തരമായി വന്നിട്ടുള്ള നിരവധി സ്വഹീഹായ ഹദീസുകൾ കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു.” (ശറഹുൽ മുഹദബ്:4/484)

## ഹിജാബിന്റെ ആയത്തിന് ശേഷം സ്വഹാബീ വനിതകൾ പള്ളിയിൽ പോയതിന് തെളിവുണ്ടോ?

ഉണ്ട്, പ്രവാചകൻ ﷺ ക്ക് ശേഷം ഒരു ഖുർആനിക വചനവും ഇറങ്ങിയിട്ടില്ലല്ലോ? ഇറങ്ങുകയുമില്ലല്ലോ? അപ്പോൾ സ്ത്രീ

കൾക്ക് പള്ളിയിൽ ആരാധനാ സ്വാതന്ത്ര്യം വിലക്കുന്ന വല്ല ഖുർആനിക വചനങ്ങളും ഉണ്ടെങ്കിൽ അത് നബിﷺയുടെ കാലത്ത് തന്നെ അവതരിച്ചിരിക്കണം. എന്നാൽ രണ്ടാം ഖലീഫ ഉമർ ﵁യുടെ ഭാര്യ പള്ളിയിൽ വന്ന സംഭവം ഏറെ പ്രസിദ്ധ മാണല്ലോ. ആത്തിക്ക﵂യെ ഉമർ﵁ വിവാഹം കഴിക്കുന്നതു തന്നെ പള്ളിയിൽ നമസ്കരിക്കാൻ പോകുന്നത് തടയുകയില്ല എന്ന വാഗ്ദാനം നൽകിക്കൊണ്ടാണ്.

أَنّ عُمرَ ﵁ لَمَّا خَطَبَهَا شَرَطَتْ عَلَيْهِ أَنْ لَا يَضْرِبَهَا ، وَلَا يَمْنَعَهَا مِنَ الْحَقِّ ، وَلَا مِنَ الصَّلَاةِ فِي الْمَسْجِدِ النَّبَوِيِّ ،

"നിശ്ചയം ഉമർ﵁ അവരെ (ആത്തിക്ക﵂യെ) വിവാഹാലോചന നടത്തിയപ്പോൾ അവർ നിബന്ധന വെച്ചു. അവരെ അടിക്കാനോ അവരുടെ അവകാശങ്ങൾ തടയാനോ, നബിﷺ യുടെ പള്ളിയിൽ നമസ്കരിക്കുന്നതിൽ നിന്ന് തനിക്ക് വിലക്ക് ഏർപ്പെടുത്താനോ പാടുള്ളതല്ല" (അൽഇസ്വാബ 4/474)

ഉമർ﵁ ആ കരാർ പാലിച്ചു. അതു കൊണ്ടാണല്ലോ അദ്ദേഹം കുത്തേറ്റ് വീണ് മരണമടയുന്ന സുബ്ഹി നമസ്കാരത്തിനും ആത്തിക്ക﵂ പള്ളിയിൽ സന്നിഹിതയായത്.

قَالَ : فَلَقَدْ طُعِنَ عُمَرُ وَإِنَّهَا لَفِي الْمَسْجِدِ (فتح الباري:٤٠٧/٣)

"ഉമർ﵁ വിന്ന് കുത്തേറ്റപ്പോൾ അവർ പള്ളിയിലുണ്ടായിരുന്നു." (ഫത്ഹുൽ ബാരി 4/407)

അപ്പോൾ ഉമർ﵁വിന് ഈ ഹിജാബിന്റെ ആയത്ത് അറിയുമായിരുന്നില്ലേ? പ്രസ്തുത ആയത്ത് വഴി ലഭ്യമായ പുതിയ നിയമവും അദ്ദേഹത്തിന് അറിയുമായിരുന്നില്ലേ? ആത്തിക്ക﵂ പള്ളിയിൽ വരുന്നത് കണ്ട സ്വഹാബത്ത് ഒരു ഹറാം നിരന്തരം നടന്നിട്ടും അതിനെ കുറിച്ച് മൗനം പാലിച്ചുവെന്നാണോ?

അപ്പോൾ സ്ത്രീകൾക്ക് പുരുഷന്മാർ നമസ്കരിക്കുന്ന അതേ പള്ളിയിൽ ചെന്ന് ആരാധനാ കർമങ്ങൾ നിർവഹിക്കുന്നത് തടയുന്ന ഒരു തെളിവും സ്ഥിരപെട്ടിട്ടില്ല എന്ന് വ്യക്തമായി.

# മാല-മൗലീദുകൾ

## മാല-മൗലീദുകൾ പ്രവാചക ചര്യയിൽ പെട്ടതല്ലെന്നും അതിൽ വിശ്വാസ വ്യതിയാനങ്ങൾ വരെ കടന്ന് കൂടിയിട്ടുണ്ട് എന്നും പറയുന്നതിന്റെ നിജസ്ഥിതി എന്ത്?

നമ്മുടെ സമൂഹം പുണ്യം പ്രതീക്ഷിച്ച് ഏറെ ഭക്തി ബഹുമാനത്തോടെ ചൊല്ലുകയും ചൊല്ലിപ്പിക്കുകയും ചെയ്യുന്ന പദ്യ-ഗദ്യസമാഹാരമാണ് മാലകളും മൗലിദുകളും. അവയിലുള്ളത് മുഴുവൻ സത്യസമ്പൂർണമാണെന്നും അത് മഹാത്മാക്കളുടെ മദ്ഹാണെന്നുമാണ് പൊതുജനത്തിന്റെ ധാരണ. എന്നാൽ അവയുടെ അകത്തളങ്ങളിലേക്ക് കടന്നു നോക്കിയാൽ ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ (ഏകദൈവ വിശ്വാസം) പൊളിച്ചുകളയുന്നതും തൽസ്ഥാനത്ത് അല്ലാഹു ഒരിക്കലും പൊറുക്കാത്ത ശിർക്ക് (ബഹുദൈവ വിശ്വാസം) ഊട്ടിയുറപ്പിക്കുന്നതുമായ നിരവധി വരികൾ കാണാൻ സാധിക്കും ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക

**ഒന്ന്: മുഹ്‌യിദ്ദീൻ മാലയിൽ പറയുന്നു.**

*"വല്ലെ നിലത്തീന്നും എന്നെ വിളിപ്പോർക്ക്*
*വായ്ക്കൂടാതുത്തീരം ചെയ്യും ഞാനെന്നോവർ"*

ചിന്തിക്കുക! ഈ ലോകത്തിന്റെ ഏത് ഭാഗത്ത് നിന്നും ആര് വിളിച്ചു തേടിയാലും അവരുടെ വായ അടയുന്നതിന്റെ മുമ്പ് ഉത്തരം ചെയ്യാൻ ശൈഖ് ജീലാനി ﵀ ക്ക് സാധിക്കുമത്രെ! അഥവാ, ഇവിടെ അല്ലാഹുവിന്റെ കഴിവാണ് ശൈഖിന് വക വെച്ചു കൊടുത്തിരിക്കുന്നത്. കാരണം, ദൂരപരിധിയും സമയ പരിധിയും കാല-ദേശ പരിധിയൊന്നുമില്ലാതെ എല്ലാം ഒരേ

സമയത്ത് കേൾക്കാനും കാണാനും ഉത്തരം ചെയ്യാനുമുള്ള കഴിവ് അല്ലാഹുവിന്റേതു മാത്രമാണല്ലോ. ഈ കഴിവാണ് മേൽ വരിയിലൂടെ നൂറ്റാണ്ടുകൾക്കു മുമ്പ് മരണപ്പെട്ടു പോയ ശൈഖിന് വകവെച്ചു കൊടുക്കുന്നത്!?

**രണ്ട്) ഖുതുബിയ്യത്തിൽ പറയുന്നത് കാണുക:**

ومـــن ينــادي اســـمي ألفًــا بخلوتــه　　　عزمًـــا بهمـــته صرمًـــا لغفوتـــه

أجبتـه مســرعًا مـــن أجل دعوتـــه　　　فليـــدع يـــا عبـد القـادر محـي الـدين

"ആരെങ്കിലും മനക്കരുത്തോടും തന്റെ വിഷമം മനസ്സിരുത്തി ക്കൊണ്ടും ഏകനായിരുന്ന് എന്റെ പേര് ആയിരം പ്രാവശ്യം വിളിച്ചാൽ അവർ തേടിയതു കാരണത്താൽ വേഗത്തിൽ ഞാനവന് ഉത്തരം ചെയ്യും. അതിനാൽ ഹേ അബ്ദുൽ ഖാദർ മുഹ്‌യിദ്ദീനേ എന്ന് അവൻ വിളിക്കട്ടെ!"

ഇതും മുകളിൽ പറഞ്ഞതു പോലെ തന്നെ എത്ര അപകടക രമായ വരികളാണ്!

**മൂന്ന്) മങ്കൂസ് മൗലീദിലെ ഒരു വരി നോക്കൂ:**

ارتكبت على الخطا غير حصر وعدد　　　لك اشكوا فيه يا سيدي خير النبى

"ഞാൻ നിരവധി തെറ്റുകൾ ചെയ്തിരിക്കുന്നു. നബിമാരിൽ ഉത്തമരായ പ്രവാചകരെ, എന്റെ യജമാനരേ! അക്കാര്യത്തിൽ അങ്ങയോടാണ് ഞാൻ സങ്കടം ബോധിപ്പിക്കുന്നത്."

നോക്കൂ, എന്താണീ പറഞ്ഞത്? ഞാൻ എണ്ണമറ്റ തെറ്റ് ചെയ്തി ട്ടുണ്ട്. അത് പൊറുത്ത് കിട്ടാൻ അയാൾ അപേക്ഷിക്കുന്നത് നബിയോടാണെന്ന്!

**നാല്) ശർറഫൽ അനാം മൗലിദിൽ പറയുന്നത് കാണുക:**

عبدك المسكين يرجو فضلك الجم الغفير

فيك قد أحسنت ظني يابشير يانذير

فأغثني وأجرني يامُجير من السعير

يا غياثي ياملاذي في مهمات الأمور

എന്താണീ പറയുന്നത്? "ബഷീറും നദീറുമായ റസൂലേ, അങ്ങയെക്കുറിച്ച് ഉത്തമ വിശ്വാസമാണ് എനിക്കുള്ളത്. ഈ സാധുവായ അങ്ങയുടെ അടിമ ധാരാളമായി അവിടുത്തെ ഔദാര്യത്തെ ആഗ്രഹിക്കുന്നു. അതുകൊണ്ട് എന്നെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണമേ. നരകത്തിൽ നിന്ന് രക്ഷിക്കുന്നവരേ, വിഷമഘട്ടത്തിൽ എന്റെ സഹായമേ, എന്റെ അഭയസ്ഥാനമേ..."

നോക്കൂ! അല്ലാഹുവിനോട് മാത്രം അപേക്ഷിക്കേണ്ടുന്ന കാര്യങ്ങളാണ് നബിﷺയോട് അടിമത്വവും അങ്ങേയറ്റത്തെ വിനയവും പ്രകടിപ്പിച്ചു കൊണ്ട് പ്രാർത്ഥിച്ചിരിക്കുന്നത്.

സഹോദരൻമാരെ ഇനി നിഷ്പക്ഷമായി ചിന്തിക്കുക! ഇതെല്ലാം ഇസ്‌ലാം പഠിപ്പിച്ചതാണോ? അതോ അല്ലാഹുവും റസൂലും പഠിപ്പിച്ച ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ തകർത്തെറിയുന്നതാണോ?! അല്ലാഹു പറയുന്നത് കാണുക:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴿١٨﴾ ﴿سورة الجن﴾

"നിശ്ചയമായും പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ അല്ലാഹുവിന്റെ കൂടെ മറ്റാരെയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കരുത്" (72:18)

إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ
وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾
﴿سورة فاطر﴾

"നിങ്ങളവരോട് പ്രാർത്ഥിച്ചാൽ നിങ്ങളുടെ പ്രാർത്ഥന അവർ കേൾക്കുകയില്ല. ഇനി കേട്ടാൽ തന്നെ അവർ നിങ്ങൾക്കുത്തരം നൽകുന്നതുമല്ല. നിങ്ങൾ ചെയ്ത ഈ ശിർക്കിനെ അവർ അന്ത്യദിനത്തിൽ നിഷേധിക്കുകയും ചെയ്യും." (35:14)

﴿وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّـهُ﴾ (سورة آل عمران)

"അല്ലാഹുവല്ലാതെ ദോഷം പൊറുക്കുന്നവരാരാണ്? (ആരുമില്ലെന്നർത്ഥം)" (3:135)

﴿وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّـهِ مَن لَّا يَسْتَجِيبُ لَهُ إِلَىٰ يَوْمِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ ۝٥ وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ ۝٦﴾ (سورة الأحقاف)

"അന്ത്യനാൾ വരെ ഉത്തരം ചെയ്യാത്തവരോട് പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ മറ്റാരാണ്? അവരാകട്ടെ, ഇവരുടെ പ്രാർത്ഥനയെക്കുറിച്ച് അശ്രദ്ധരുമാണ്. (മാത്രമല്ല, അന്ത്യനാളിൽ) മനുഷ്യരെ ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ അവർ ഇവരുടെ (പ്രാർത്ഥിച്ചവരുടെ) ശത്രുക്കളായിത്തീരുകയും, ഇവരുടെ ആരാധനയെ അവർ നിഷേധിക്കുകയും ചെയ്യും." (അഹ്ഖാഫ്:5,6)

നബിﷺ പറയുന്നു:

إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ ، (ترمذي)

"നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് തേടുക." (തിർമുദി: സ്വഹീഹ്)

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ മൗലിക നിയമത്തെയും വെല്ലുവിളിക്കുകയാണ് മാലകളും മൗലീദുകളും ചെയ്യുന്നത്! അതുകൊണ്ട് നാം അവയെ കയ്യൊഴിച്ചേ പറ്റൂ. പകരം, നമുക്ക് വഴികാട്ടിയായി അല്ലാഹു അവതരിപ്പിച്ചു തന്ന വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനമായ നബിﷺയുടെ സുന്നത്തും പഠിക്കുകയും പകർത്തുകയും ചെയ്യുക. എങ്കിൽ അമ്പിയാ-ഔലിയാക്കളോടൊപ്പം സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ നമുക്കും ഭാഗ്യം ലഭിക്കും. അതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ!

## റജബ് മാസത്തിലെ ആദ്യ വെള്ളിയാഴ്ച രാവിന് പ്രത്യേകമായി വല്ല

## പ്രാധാന്യവും ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ടോ?

റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിന് പ്രത്യേക പുണ്യവും പവിത്രതയും കൽപിക്കുകയും, അന്ന് ആഘോഷങ്ങളും പ്രത്യേക ആരാധനകളും നമസ്കാരവും നിർവ്വഹിക്കുകയും ചെയ്യുന്ന സമ്പ്രദായം പലയിടങ്ങളിലും കാണാം. എന്നാൽ ഇപ്രകാരമെന്തെങ്കിലും നബി ﷺ യോ സച്ചരിതരായ സഹാബികളോ നമുക്ക് മാതൃക കാണിച്ചുതന്നിട്ടില്ല. അതുകൊണ്ടുതന്നെ അത് ബിദ്അത്താണെന്നതിൽ തർക്കമില്ല.

എന്നിട്ടും സാധാരണക്കാരായ ആളുകൾ നിർബന്ധ നമസ്കാരങ്ങൾക്കു പോലും പള്ളികളിൽ ഹാജറാവാതെ ഈ വ്യാജ നമസ്കാരത്തിന് (റഗാഇബ് നമസ്കാരം) പ്രയാസപ്പെട്ട് ഹാജറാവുന്നു!.

## റഗാഇബ് നമസ്കാരത്തിന് പ്രമാണികമായി വല്ല പിൻബലവുമുണ്ടോ? ഇമാമുകളുടെ അഭിപ്രായമെന്ത്?

ഇബ്നുസ്വലാഹ് ﵀ റഗാഇബ് നമസ്കാരത്തെ സംബന്ധിച്ച് പറഞ്ഞത് അബൂശാമ ഉദ്ധരിക്കുന്നു.

حَديثُها موضوعٌ عَلَى رَسولِ الله وَهِي بدعةٌ حدثتْ بعد أربعمائة سنة من الهجرة

"അത് സംബന്ധമായി വന്ന ഹദീസുകൾ എല്ലാം നബി ﷺ യുടെ പേരിൽ കെട്ടിയുണ്ടാക്കിയതാണ്. അത് ഹിജ്റ നാനൂറിന് ശേഷം ഉണ്ടായ ഒരു ബിദ്അത്താണ്". (അൽബാഇസ്: 145)

ചുരുക്കത്തിൽ റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിന് പ്രത്യേക പുണ്യവും പവിത്രതയും കൽപിക്കലും അന്ന് ആഘോഷങ്ങളും പ്രത്യേക ആരാധനകളും നിർവ്വഹിക്കലും, റഗാഇബ് നമസ്കാരം നിർവഹിക്കലും ഇസ്ലാം പഠിപ്പിക്കാത്തതാണെന്നും ബിദ്അത്താണെന്നും വ്യക്തം.

## മിഅ്റാജ് ആഘോഷം പ്രവാചക ചര്യയിൽ സ്ഥിരപ്പെട്ടിട്ടുണ്ടോ?

ഇസ്റാഅ്, മിഅ്റാജ് എന്നീ സംഭവങ്ങൾ നബി ﷺ യുടെ

സത്യതക്കും അല്ലാഹുവിങ്കൽ അദ്ദേഹത്തിനുള്ള സ്ഥാനം മനസ്സിലാക്കുന്നതിനും അതോടൊപ്പം അല്ലാഹുവിന്റെ അപാരമായ കഴിവും ശക്തിയും വിളിച്ചറിയിക്കുന്നതിനുമുള്ള രണ്ട് ദൃഷ്ടാന്തങ്ങളാണ്.

എന്നാൽ ഇസ്റാഅ് നടന്നതായ രാത്രി ആഘോഷിക്കുവാനോ എന്തെങ്കിലും വിധത്തിലുള്ള ആരാധനകൾ കൊണ്ട് ആ രാത്രി പ്രത്യേകമാക്കുവാനോ മതം അനുശാസിക്കുന്നില്ല.

മുസ്‌ലിം സമുദായത്തിലെ പൂർവ്വികരായ വിശ്വസ്തരും സൂക്ഷ്മജ്ഞാനികളുമായ പണ്ഡിതന്മാരിൽ ആർക്കും തന്നെ ഇസ്റാഉം മിഅ്റാജും നടന്ന ദിവസത്തിന് പ്രത്യേക പുണ്യമുള്ളതായി പരിചയമില്ല നബിﷺയോ, സ്വഹാബികളോ, താബിഉകളോ ആ രാത്രി ആഘോഷിക്കുകയോ, ഏതെങ്കിലും നിലക്കുള്ള ഇബാദത്തുകളെക്കൊണ്ട് പ്രത്യേകമാക്കുകയോ ചെയ്തിട്ടില്ല. അങ്ങിനെ മതത്തിൽ ഏതെങ്കിലും നിലക്കുള്ള ഒരു പ്രത്യേകത അതിന് ഉണ്ടായിരുന്നുവെങ്കിൽ നബിﷺ അവിടുത്തെ പ്രവൃത്തിയിലൂടെയോ വാക്കിലൂടെയോ തന്റെ ഉമ്മത്തിന് അത് വ്യക്തമാക്കിക്കൊടുക്കുമായിരുന്നു. അത് സ്വഹാബികൾ നമുക്ക് റിപ്പോർട്ട് ചെയ്ത് തരികയും ചെയ്യുമായിരുന്നു. എന്നാൽ അതൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ആ ദിവസത്തെ പ്രത്യേക ആഘോഷങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ബിദ്അത്താണെന്ന് മനസ്സിലാക്കാം.

## ശഅ്ബാൻ 15ാം രാവിന് പ്രത്യേകത കൽപിച്ച് കർമങ്ങൾ നിർവഹിക്കുന്നത് പ്രവാചക ചര്യയിൽ സ്ഥിരപ്പെട്ടതാണോ?

ശഅ്ബാൻ 15-ാം രാവിനെ ബറാഅത്ത് രാവ് എന്ന് പറഞ്ഞു കൊണ്ട് അതിന് ഇല്ലാത്ത കുറേ പോരിശകൾ കൽപിക്കുകയും (എന്നാൽ ആ രാവിന് ചില പ്രത്യേകതകൾ ഉണ്ട് എന്ന് ധ്വനിപ്പിക്കുന്ന ചില റിപ്പോർട്ടുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.) അന്ന് ചില പ്രത്യേകമായ കർമ്മങ്ങളനുഷ്ഠിക്കുകയും മധുര പലഹാരങ്ങളുണ്ടാക്കി വിതരണം ചെയ്യുകയും നൂറുകണക്കിനു റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്ന സമ്പ്രദായം പല സ്ഥലങ്ങളിലുമുണ്ട്. ശാഫിഈ മദ്ഹബിലെ പ്രസിദ്ധ പണ്ഡിതനായ അബൂശാമ رحمه الله പറയുന്നു:

فأما الأَلفيةُ فَصلاةُ لَيلةِ النِّصْفِ مِنْ شَعْبانَ سُمِّيتْ بِذَلِكَ لأَنَّهَا يُقرأ فِيهَا قُلْ هو اللهُ أحد أَلْفَ مَرَّةٍ لأَنَّهَا مِائَةُ رَكعَةٍ فِي كُلِّ رَكعةٍ يُقرأُ الفاتحةُ مرةً وبَعْدَهَا سورةُ الإخلاصِ عشر مراتٍ وهي صلاةٌ طويلةٌ مستثقلة لم يأت فيها خبر ولا أثر إلا ضعيف أو موضوع ولِلعوامِ بها افْتتانٌ عظيمٌ والتزمَ بِسببِهَا كثرة الوقيد في جميع مساجدِ البلادِ التي تُصَلَّي فيها ويستمر ذلك كله ويجري فيه الفسوقُ والعصيانُ واختلاطُ الرجالِ بالنساءِ ومِـنَ الفتنِ المختلفةِ ما شهرته تغني عن وصفه للمُتَعَبّدين مِن العوامِ فيها اعتقادٌ متينٌ وزينَ الشيطانُ لهم جعلها من أجل شعائر المسلمين

"ശഅ്ബാൻ 15ാം രാവിൽ നിർവ്വഹിക്കുന്നതായി കാണുന്ന അൽഫിയ്യഃ നമസ്കാരം (ആയിരം വട്ടം സൂറത്തുൽ ഇഖ്ലാസ് ഓതുന്നതുകൊണ്ടാണ് ആ നമസ്കാരത്തിന് അൽഫിയ്യഃ എന്ന് പറയപ്പെടുന്നത്.) അതായത് നൂറ് റക്അത്ത് നമസ്കാരം, ഓരോ റക്അത്തിലും ഫാതിഹക്ക് പുറമെ പത്ത് തവണ സൂറത്തുൽ ഇഖ്ലാസ് ഓതിക്കൊണ്ട് സുദീർഘമായി കഷ്ടപ്പെട്ട് നിർവ്വഹിക്കുന്ന ഈ നമസ്കാരത്തിന് യാതൊരു വിധ തെളിവോ പ്രമാണമോ ഇല്ല. ഉണ്ടെന്ന് പറയാവുന്നവ ദുർബലമോ വ്യാജനിർമിതമോ ആണ്. വളരെയേറെ ദൂഷ്യങ്ങളാണ് ഇതുമൂലം പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ നമസ്കാരം നിർവ്വഹിക്കപ്പെടുന്ന പള്ളികളിൽ രാത്രി മുഴുവൻ കത്തിക്കൊണ്ടിരിക്കുന്ന വിളക്കുകൾക്ക് കണക്കില്ലാത്ത ഇന്ധനച്ചെലവ്, ആണും പെണ്ണും പങ്കെടുക്കുന്നതുമൂലം ഉണ്ടാകുന്ന ഫിത്നകളും കോലാഹലങ്ങളും, പറഞ്ഞറിയേക്കണ്ടതില്ലാത്ത വിധം പ്രസിദ്ധമാകുന്നു. അതിൽ പങ്കെടുക്കുന്ന സാധാരണക്കാർക്ക് ഇതിന്റെ പിന്നിൽ രൂഢമൂലമായചില വിശ്വാസങ്ങളുണ്ട്. എല്ലാം പിശാച് അവർക്ക് അലങ്കാരമായി കാണിച്ചുകൊടുക്കുകയും അവർ അത് മുസ്ലിംകളുടെ അടിസ്ഥാന ആരാധനകളുടെ ഭാഗം എന്ന നിലക്ക് നിർവ്വഹിച്ചുപോരികയും ചെയ്യുന്നു" (അൽബാഇസ് അലാ ഇൻകാരിൽ ബിദഇ വൽ ഹവാദിസ്: 124)

ചുരുക്കത്തിൽ ഈ ദിവസത്തിൽ പ്രത്യേകമായ കർമ്മങ്ങളൊ

ന്നുമില്ലെന്നും അതിന്റെ പേരിൽ നടക്കുന്ന മേൽ സംഗതിക ളെല്ലാം ബിദ്അത്താണെന്നും മനസ്സിലാക്കാം.

## പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലൽ സുന്നത്തല്ലേ?

നബി(സ്വ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ വളരെയേറെ പു ണ്യമുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ ആർക്കും എപ്പോഴും അത് ചൊല്ലാവുന്നതാണ്. ഇതിനു പുറമെ നിർബന്ധമായും സ്വലാത്ത് ചൊല്ലേണ്ടുന്ന സ്ഥലങ്ങളും സുന്നത്തെന്ന നിലക്ക് ചൊല്ലാൻ കൽപിച്ച സമയങ്ങളും പ്രത്യേകം പഠിപ്പിച്ചിട്ടുമുണ്ട്. സ്വലാത്തിന്റെ വാചകങ്ങൾ നബി ﷺ യിൽ നിന്ന് കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമുണ്ട്.

## പിന്നെ എന്ത് കൊണ്ടാണ് സ്വലാത്ത് മജ്‌ലിസും വാർഷികവും വിമർശിക്കപ്പെടുന്നത്?

എന്നാൽ ഇതിന് വിരുദ്ധമായി ചില പ്രത്യേക സ്ഥലങ്ങളും സമയങ്ങളും തെരഞ്ഞെടുത്തുകൊണ്ടും കുറെ ആളുകളെ സംഘടിപ്പിച്ചുകൊണ്ടും പ്രത്യേകം പുണ്യം പ്രതീക്ഷിച്ച് നിശ്ചിത എണ്ണം നിർണയിച്ച് ചൊല്ലുന്ന സ്വലാത്ത് വർജ്ജിക്കേണ്ടതാണ്. ശാഫിഈ മദ്ഹബിലെ പ്രാമാണിക പണ്ഡിതന്മാരിൽ പ്രധാന ഗണത്തിലുള്ള ഇബ്നു ഹജറുൽ ഹൈതമി അദ്ദേഹത്തിന്റെ ഫത്‌വകൾ ക്രോഡീകരിച്ച ആ മദ്ഹബിലെ ആധികാരിക ഗ്രന്ഥമായ ഫതാവൽ കുബ്റയിൽ നിരവധി ചോദ്യങ്ങൾക്ക് നൽകിയ മറുപടിയിൽ അടിസ്ഥാനപരമായ ഈ വിഷയം പരാമർശിക്കുന്നുണ്ട്. അവയിൽ നിന്നുള്ള ഒന്നുരണ്ട് ഉദാഹ രണങ്ങൾ ശ്രദ്ധിക്കുക.

1) ബാങ്ക് വിളിക്കുമ്പോൾ അതിനു മുമ്പായി നബി(സ്വ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിന്റെ വിധിയെക്കുറിച്ചുള്ള ചോദ്യത്തിന്റെ മറുപടിയായി ഇബ്നു ഹജറുൽ ഹൈതമി എഴുതുന്നു.

وَلَمْ نَرَ فِي شَيْءٍ مِنْهَا التَّعَرُّضَ لِلصَّلَاةِ عَلَيْهِ قَبْلَ الْأَذَانِ , وَلَا إِلَى مُحَمَّدٍ رَسُولِ اللهِ بَعْدَهُ وَلَمْ نَرَ أَيْضًا فِي كَلَامِ أَئِمَّتِنَا تَعَرُّضًا لِذَلِكَ أَيْضًا , فَحِينَئِذٍ كُلُّ

وَاحِدٍ مِنْ هَذَيْنِ لَيْسَ بِسُنَّةٍ فِي مَحَلِّهِ الْمَذْكُورِ فِيهِ , فَمَنْ أَتَى بِوَاحِدٍ مِنْهُمَا فِي ذَلِكَ مُعْتَقِدًا سُنِّيَّتَهُ فِي ذَلِكَ الْمَحَلِّ الْمَخْصُوصِ نُهِيَ عَنْهُ وَمُنِعَ مِنْهُ ; لِأَنَّهُ تَشْرِيعٌ بِغَيْرِ دَلِيلٍ ; وَمَنْ شَرَّعَ بِلَا دَلِيلٍ يُزْجَرُ عَنْ ذَلِكَ وَيُنْهَى عَنْهُ .

"ബാങ്കിന്റെ മുമ്പ് നബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിനെ സംബന്ധിച്ചോ, അതിന് ശേഷം മുഹമ്മദുറസൂലുല്ലാഹ് എന്ന് പറയുന്നതിനെ സംബന്ധിച്ചോ ഹദീസുകളിലൊന്നും പരാമർശിച്ചതായി ഞാൻ കണ്ടിട്ടില്ല. നമ്മുടെ ഇമാമുകളുടെ പ്രസ്താവനകളിലും അതിനെ സംബന്ധിച്ചുള്ള പരാമർശങ്ങൾ നാം കണ്ടിട്ടില്ല. അതിനാൽ ആ രണ്ട് കാര്യങ്ങളിൽ ഒന്നും ആ സ്ഥലത്ത് സുന്നത്തല്ല. അതിനാൽ സുന്നത്താണെന്ന വിശ്വാസത്തോടെ ആ പ്രത്യേക സ്ഥലത്ത് ആ രണ്ടു കാര്യങ്ങളിലോരോന്നും ചെയ്യുന്നവനെ അതിൽ നിന്നും നിരോധിക്കുകയും തടയുകയും ചെയ്യേണ്ടതുണ്ട്. കാരണം അത് തെളിവില്ലാതെ മതത്തിൽ നിയമമുണ്ടാക്കലാണ്. അങ്ങിനെ തെളിവില്ലാതെ മതമുണ്ടാക്കുന്നവനെ താക്കീത് ചെയ്യുകയും അതിൽ നിന്ന് വിരോധിക്കുകയും വേണം." (ഫതാവൽ കുബ്റ 1/131).

2) തറാവീഹ് നമസ്കാരത്തിന്റെ ഇടയിൽ (ഓരോ രണ്ട് റക്അത്തുകളുടെ ശേഷം) നബി(സ്വ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിനെയും മേൽ ന്യായം വെച്ചുകൊണ്ടുതന്നെ ഹൈതമി എതിർക്കുന്നത് കാണുക.

الصلاةُ في هذَا المحلِّ بخصوصِهِ لَمْ نَر شيئاً في السُّنَّةِ ولَا فِي كَلَامِ أَصْحَابِنَا فَهِيَ بِدْعَةٌ يُنهى عَنها من يأتي بها بِقَصْدِ كَوْنِهَا سنة

"ഈ സ്ഥലത്തെ (തറാവീഹ് നമസ്കാരത്തിന്റെ ഈരണ്ട് റക്അത്തുകൾക്കിടയിലെ ഇടവേളയെ) പ്രത്യേകമാക്കിക്കൊണ്ട് സ്വലാത്ത് ചൊല്ലുന്നതിന് യാതൊരു തെളിവും സുന്നത്തിലോ നമ്മുടെ പണ്ഡിതന്മാരുടെ വാക്കുകളിലോ ഞാൻ കണ്ടിട്ടില്ല. അതിനാൽ ഈ സ്ഥലത്തിന് പ്രത്യേകത കൽപിച്ചുകൊണ്ട് ആരെങ്കിലും സ്വലാത്ത് ചൊല്ലുകയാണെങ്കിൽ അതൊരു ബിദ്അത്താണ്. അവനെ അതിൽ നിന്ന് തടയുകയും വേണം." (ഫതാവൽ കുബ്റ 1 /186)

നോക്കൂ! ശാഫിഈ മദ്ഹബിലെ മഹാ പണ്ഡിതനായ ഹൈതമി, നബിﷺയുടെ പേരിലുള്ള സ്വലാത്ത് ഒഴിവാക്കാനാണ് ഇവിടെ ആഹ്വാനം ചെയ്യുന്നത്. എന്താണതിന് കാരണം? ഗൗരവപൂർവ്വം ചിന്തിക്കുക! ഇവിടെ പറഞ്ഞ സ്വലാത്ത് മോശമായതുകൊണ്ടല്ല. അത് ഹദീസിൽ ഉദ്ധരിക്കപ്പെട്ട തരത്തിലുള്ള സ്വലാത്തല്ലാത്തതുകൊണ്ടുമല്ല. മറിച്ച്, അദ്ദേഹം തന്നെ പറഞ്ഞതുപോലെ ആ സമയത്തും സ്ഥലത്തും നബിﷺ അങ്ങനെയൊന്ന് പഠിപ്പിച്ചിട്ടില്ലാത്തതുകൊണ്ടുതന്നെ! അഥവാ ആ സമയത്തിനും സ്ഥലത്തിനും പുണ്യം വിചാരിക്കുകയും അതു മതത്തിൽ പെട്ടതാണെന്ന് ധരിക്കുകയും ചെയ്യുന്നതാണ് പ്രശ്നം. അഥവാ ആ സമയത്തിനും സന്ദർഭത്തിനും നബിﷺയുടെ പ്രത്യേക മാതൃകയുണ്ടോ എന്നതാണ് വിഷയം. ഒരാൾ ഒട്ടുമിക്ക സമയങ്ങളിലും സ്വലാത്ത് ചൊല്ലുന്നവനാണെങ്കിൽ അതുപോലെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കെ ബാങ്കിനു സമയമായി എന്ന് സങ്കൽപിക്കുക. അങ്ങനെ അദ്ദേഹം ബാങ്ക് വിളിക്കുന്നു. എങ്കിൽ അത് തെറ്റാവുന്നില്ല. എന്നാൽ ആ സമയത്ത് (ബാങ്കിനു മുമ്പ്) സ്വലാത്ത് ചൊല്ലൽ പ്രത്യേകം പുണ്യമുള്ളതാണെന്ന ധാരണയിലാണയാൾ അത് ചൊല്ലുന്നതെങ്കിൽ അത് ബിദ്അത്തായിത്തീരുന്നു. അപ്പോൾ നല്ലത് എന്ന ന്യായത്തിന്മേൽ നബിﷺ പഠിപ്പിക്കാത്ത സമയത്തിനും സന്ദർഭത്തിനും പ്രത്യേക പുണ്യം വിചാരിച്ചുകൊണ്ട് ഒരു സ്വലാത്ത് ചൊല്ലാൻ പോലും ഇസ്ലാം സമ്മതിക്കുന്നില്ലെന്നർത്ഥം.

അതുപോലെത്തന്നെ സ്വലാത്ത് മജ്ലിസുകളും ഹൽഖകളും വാർഷികങ്ങളും ഇസ്ലാം പഠിപ്പിക്കാത്തതാണ്. മാത്രമല്ല, നാരിയത്ത് സ്വലാത്ത്, കൻജുൽ അർശ് തുടങ്ങിയ പേരുകളിൽ പലരും നിശ്ചിത എണ്ണം നിർണയിച്ചും പുണ്യം വിചാരിച്ചും ചൊല്ലുന്ന പ്രത്യേക സ്വലാത്തുകൾക്കും ഇസ്ലാമികമായി യാതൊരടിസ്ഥാനവുമില്ല. ഇവയൊന്നും നബിﷺക്കോ സ്വഹാബിമാർക്കോ മറ്റു ഉത്തമരായ തലമുറകൾക്കോ പരിചയമില്ലാത്തതും ഈയടുത്ത കാലം മുതൽ മാത്രം തുടങ്ങിയവയുമാണ്. അതിനാൽ അത്തരം ബിദ്അത്തുകളെ നാം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## ഇസ്‌ലാം ദിക്‌റിന് പ്രാധാന്യം കൽപിക്കുന്നില്ലേ?

ഒരു സത്യവിശ്വാസിയുടെ മനസ്സും നാവും എപ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള ദിക്‌റുകളിൽ (സ്മരണ) മുഴുകുന്നതായിരിക്കും. ദിക്‌റ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ് എന്നിങ്ങനെയുള്ള കീർത്തനങ്ങൾ മാത്രമല്ല,. ക്വുർആൻ പാരായണവും ഹദീസ് പഠനവും മറ്റു മത ചർച്ചകളുമെല്ലാം അല്ലാഹുവിനെക്കുറിച്ചുള്ള ദിക്‌റ് തന്നെയാണ്.

## ദിക്‌റു ഹൽഖകൾ എതിർക്കപ്പെടാനുള്ള കാരണമെന്ത്?

ദിക്‌റ് മജ്‌ലിസ്, ദിക്‌റ് ഹൽഖ, റാത്തീബ് എന്നിങ്ങനെയുള്ള പേരുകളിൽ ജനങ്ങളെ സംഘടിപ്പിച്ച് ചില ദിക്‌റുകൾ നിശ്ചിത എണ്ണം നിർണയിച്ചുകൊണ്ട് ചൊല്ലൽ ഇസ്‌ലാമികമായി മാതൃകയില്ലാത്തതാണ്. നബിﷺയിൽ നിന്നോ സ്വഹാബത്തിൽ നിന്നോ അത് ഉദ്ധരിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ അത്തരം സമ്പ്രദായങ്ങൾ ബിദ്അത്തുമാണ്.

മാത്രമല്ല, മൗലിദ് കിതാബുകളിലും റാത്തീബുകളിലും ചില പ്രത്യേക ദിക്‌റുകൾ കാണാറുണ്ട് (ഉദാഹരണം-ഹാ ഹൂ ഹീ തുടങ്ങിയ ശബ്ദങ്ങളിലും ചില പ്രത്യേക ഭാവത്തിലും ചലനത്തിലും ചൊല്ലുന്നവ) അവയും നബിﷺയുടെയും സ്വഹാബത്തിന്റെയും മാതൃകയില്ലാത്തതുതന്നെ. അതിനാൽ ഇത്തരം അനാചാരങ്ങളെ നാം ശരിക്കും തിരിച്ചറിയുകയും പകരം ഇസ്‌ലാം ഏറെ പുണ്യങ്ങളും പ്രതിഫലങ്ങളും വാഗ്ദാനം ചെയ്ത ദിക്‌റുകളും ദുആകളും അതിന്റെ സമയങ്ങളിലും എണ്ണത്തിലും ചൊല്ലി പ്രതിഫലം വാരിക്കൂട്ടുകയുമാണ് ചെയ്യേണ്ടത്.

## വുദ്വൂഇൽ നബിﷺതലയും ചെവിയും തടവിയതിന്റെ രൂപം എപ്രകാരമാണ് ഹദീസിൽ വന്നിട്ടുള്ളത്?

വുളു എടുക്കുമ്പോൾ അധികമാളുകളും തല തടവുക എന്ന പേരിൽ ചെയ്യാറുള്ളത് ഒരു തോണ്ടൽ മാത്രമാണ്. അതും ഒന്നോ രണ്ടോ വിരലുകൾകൊണ്ടുമാത്രം. മാത്രമല്ല തലയും ചെവിയും തടവേണ്ടത് മൂന്ന് പ്രാവശ്യം വീതമാകണമെന്നും

രണ്ടിനും പ്രത്യേകം പ്രത്യേകം വെള്ളമെടുക്കണമെന്നുമാണ് പലരുടെയും ധാരണ. എന്നാൽ തല തടവലിന്റെ ശരിയായ രൂപം ഒരു സ്വഹാബി വിവരിക്കുന്നത് കാണുക.

ثُمَّ مَسَحَ رَأْسَهَ بِيَدَيْهِ فَأَقْبَلَ بِهِمَا وَأَدْبَرَ بَدَأَ بِمُقَدَّمِ رَأْسِهِ حَتَّى ذَهَبَ بِهِمَا إِلَى قَفَاهُ ثُمَّ رَدَّهُمَا إِلَى الْمَكَانِ الَّذِي بَدَأَ مِنْهُ -(البخاري)

"പിന്നീട് നബിﷺ തന്റെ കരങ്ങൾ കൊണ്ട് തല തടവുകയും ചെയ്തു. തലയുടെ മുൻവശത്തുനിന്ന് ആരംഭിച്ച് കൈകൾ രണ്ടും പിരടി വരെ കൊണ്ടുപോവുകയും പിന്നീട് തുടങ്ങി യേടത്തേക്കു തന്നെ അവ തിരിച്ചുകൊണ്ടുവരികയും ചെയ്തു" (സ്വഹീഹുൽ ബുഖാരി. )

റുബയ്യിഅ് ؓ പറയുന്നു:

رَأَيْتُ رَسُولَ اللهِ -صلى الله عليه وسلم- يَتَوَضَّأُ - قَالَتْ - فَمَسَحَ رَأْسَهُ وَمَسَحَ مَا أَقْبَلَ مِنْهُ وَمَا أَدْبَرَ وَصُدْغَيْهِ وَأُذُنَيْهِ مَرَّةً وَاحِدَةً. : (أبو داود)

"നബിﷺ വുളു എടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട് അവർ പറയുന്നു: അപ്പോൾ അവിടുന്ന് തലയുടെ മുൻഭാഗം മുതൽ പിൻഭാഗം വരെയും ഇരുചെവികളും ഒരു പ്രാവശ്യം തടവി." (അബൂദാവൂദ്-സ്വഹീഹ്)

ഇവിടെ നബിﷺ തലയും ചെവിയും തടവിയത് ഒരു പ്രാവശ്യം മാത്രമായിരുന്നുവെന്നും അതും പലരും ചെയ്യുന്നതുപോലെ നെറ്റിയിൽ തോണ്ടലായിരുന്നില്ല, മറിച്ച് തലയുടെ മുൻഭാഗ ത്തുനിന്ന് തുടങ്ങി പിൻഭാഗം വരെയും അതുപോലെ തിരിച്ചും പൂർണ്ണമായി തടവലായിരുന്നുവെന്നും പ്രസിദ്ധമായ മേൽ ഹദീസുകളിലൂടെ വ്യക്തമായി.

മാത്രമല്ല, സ്വഹീഹുൽ ബുഖാരിയിൽ ........ بَـاب مَسْـحِ الـرَّأْسِ كُلِّـهِ (തല മുഴുവൻ തടവുന്ന അധ്യായം) എന്നും .....ബാബു മസ്ഹുറഅ്സി മർറതൻ.......... (തല ഒരു പ്രാവശ്യം തടവുന്ന അധ്യായം) എന്നും പറഞ്ഞ് ഓരോ തലക്കെട്ടുകൾ തന്നെ കാണാൻ സാധിക്കും. ശേഷം നിരവധി ഹദീസുകളും ഉദ്ധരി ക്കുന്നുണ്ട്. (ഉദാഹരണം ഹദീസ് നമ്പർ 185, 192.)

ഇതുപോലെ നമുടെ നാടുകളിൽ കാണുന്ന മറ്റൊരു സമ്പ്ര

ദായമാണ് തല തടവിയതിനുശേഷം ചെവി തടവുന്നതിനു വേണ്ടി ആ കൈകൾ വീണ്ടും വെള്ളത്തിൽ മുക്കുന്ന രീതി. ഇതിനും പ്രവാചക മാതൃക കണ്ടെത്താൻ സാധിക്കുകയില്ല. അതിനാൽ തല തടവിയ അതേ വെള്ളം കൊണ്ടുതന്നെ ചെവിയും തടവേണ്ടതാണ്.

## നിയ്യത്ത് ചൊല്ലിപ്പറയൽ സുന്നത്താണോ?

നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോഴും നോമ്പിന്റെ മുന്നോടിയായും അവയുമായി ബന്ധപ്പെട്ട നിയ്യത്ത് ചൊല്ലിപ്പറയുന്ന സമ്പ്രദായം (ഉസല്ലി ഫർളാ..., നവയ്തു സൗമ ഗദിൻ...., നവയ്തുൽ ഗുസ്ല...., എന്നിങ്ങനെ) നമ്മുടെ സമൂഹത്തിൽ വ്യാപകമായി തീർന്നിട്ടുള്ള ഒരു അനാചാരമാണ്.

എന്നാൽ ഇപ്രകാരം നബിﷺ നമ്മെ പഠിപ്പിച്ചിട്ടില്ല. മാത്രമല്ല, നിയ്യത്ത് എന്നത് മനസ്സുമായി ബന്ധപ്പെട്ടതാണ്. അത് നാവുമായി ബന്ധപ്പെട്ട പ്രവർത്തനമല്ല. ഹാഫിള് ഇബ്ന റജബ് ﵀ പറയുന്നു: "നിയ്യത്ത് എന്നാൽ മനസ്സിന്റെ തീരുമാനമാണ്. മനസ്സിൽ ഉള്ളത് പറയൽ നിർബന്ധമായ ഒരു ആരാധനയല്ല." (ജാമിഉൽ ഉലൂമി വൽ ഹികം 1/92) അതിനാൽ നിയ്യത്ത് ചൊല്ലിപ്പറയൽ പാടില്ലാത്തതാണെന്നും അനാചാരമാണെന്നും മനസ്സിലാക്കുക.

## നമസ്കാരത്തിൽ ബിസ്മി ചൊല്ലുന്നതിന്റെ രൂപം ഹദീസിൽ വന്നത് എപ്രകാരമാണ്?

ഉറക്കെ ഖുർആൻ പാരായണം ചെയ്യുന്ന നമസ്കാരങ്ങളിൽ "ബിസ്മി..." പതുക്കെ ചൊല്ലലാണ് പ്രവാചക ചര്യ. എന്നാൽ നമ്മുടെ നാട്ടിലെ ശാഫിഈ മദ്ഹബുകാരുടെ പള്ളികളിൽ അത് ഉറക്കെയാണ് ചൊല്ലാറുള്ളത്. അതിനാൽ ഈ വിഷയത്തിലും നാം പ്രവാചക ചര്യക്കാണ് മുൻഗണന നൽകേണ്ടത്. ഈ വിഷയത്തിലുള്ള നബിﷺ യുടേയും പ്രഗൽഭരായ സ്വഹാബിമാരുടേയും ചര്യ ഹദീസുകളിൽ സമർത്ഥിക്കുന്നത് കാണുക:

عن أَنَسٍ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ وَأَبَا بَكْرٍ وَعُمَرَ كَانُوا يَفْتَتِحُونَ

الصَّلَاةَ بِـ ( الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ) (البخارى)

"അനസ് ബ്‌ന മാലിക്ﷺ വിൽ നിന്ന് നിവേദനം: നിശ്ചയമായും നബിﷺയും അബൂബക്കർﷺവും ഉമർﷺവും (നമസ്കാരത്തിൽ) ഖുർആൻ പാരായണം "അൽഹംദുലില്ലാഹി...' കൊണ്ടാണ് ആരംഭിച്ചിരുന്നത്." (ബുഖാരി)

عَنْ أَنَسٍ ، قَالَ : « صَلَّيْتُ مَعَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ وَأَبِي بَكْرٍ ، وَعُمَرَ ، وَعُثْمَانَ ، فَلَمْ أَسْمَعْ أَحَدًا مِنْهُمْ يَقْرَأُ : بِسْمِ اللهِ الرَّحْمَنِ الرَّحِيمِ (مسلم)

അനസ്ﷺ നിവേദനം: ഞാൻ അല്ലാഹുവിന്റെ ദൂതൻﷺ അബൂബക്കർﷺ, ഉമർﷺ, ഉസ്മാൻﷺ എന്നിവരുടെ കൂടെ നമസ്കരിച്ചിട്ടുണ്ട്. അവരിൽ ആരും തന്നെ ബിസ്മി ഓതുന്നത് ഞാൻ കേട്ടിട്ടില്ല. (മുസ്‌ലിം)

നോക്കൂ, എത്ര വ്യക്തമാണ് മേൽ ഹദീസുകൾ! ഇവിടെ നബി ﷺ, അബൂബക്കർﷺ, ഉമർﷺ, ഉസ്മാൻﷺ എന്നീ മഹാൻ മാരെല്ലാം നമസ്കാരത്തിൽ ബിസ്മി ഉച്ചത്തിൽ ഓതിയിരുന്നില്ല എന്ന് വ്യക്തമായി തന്നെ പറയുന്നു. അതിന്നർത്ഥം അവർ "ബിസ്മി' തീരെ ചൊല്ലിയിരുന്നില്ല എന്നല്ല. മറിച്ച് അത് പതുക്കെ യാണ് ചൊല്ലിയിരുന്നത് എന്നാണ്. ഇക്കാര്യം ഹദീസുകളിൽ തന്നെ വ്യക്തമായി പ്രതിപാദിച്ചിട്ടുമുണ്ട്.

## അൽഫാത്തിഹ വിളിക്കുന്നതിന്റെ വിധിയെന്ത്?

മയ്യിത്ത് എടുക്കുന്ന സമയത്തും, നിക്കാഹിന്റെ ഖുത്തുബ യുടെ കൂടെയും, മറ്റു പ്രത്യേകമായ ചടങ്ങുകളുടെ ഭാഗമാ യുമെല്ലാം പള്ളി ഇമാമോ ഖാസിയോ മറ്റോ അൽഫാത്തിഹ എന്ന് പറഞ്ഞ് സൂറത്തുൽ ഫാത്തിഹയും മറ്റു സൂറത്തുകളും ഓതി കൂട്ടമായി ദുആ ഇരക്കൽ നമ്മുടെ നാട്ടിൽ നടപ്പുള്ള രീതിയാണല്ലോ?

എന്നാൽ നബിﷺ യിൽ നിന്ന് അത്തരം ഒരു സമ്പ്രദായം റിപ്പോർട്ട് ചെയ്യപ്പെടുകയോ സ്വഹാബികൾ അപ്രകാരം പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അവരാണല്ലോ നമ്മുടെ

മാതൃക. അത് കൊണ്ട് തന്നെ അവർക്ക് പരിചയമില്ലാത്ത മേൽ സമ്പ്രദായം നൂതന ആചാരവും നിഷിദ്ധവുമാണ്.

## മൂന്ന് ത്വലാഖ് ഒന്നിച്ച് ചൊല്ലിയാൽ ത്വലാഖ് സംഭവിക്കുമോ?

ത്വലാഖ് (വിവാഹ മോചനം) എന്നത് ഇസ്‌ലാമിക ദൃഷ്ടിയിൽ വളരെ ഗൗരവമേറിയ സംഗതിയാണ്. ഭാര്യാഭർത്താക്കൻമാർ ഒരു നിലക്കും യോജിച്ച് പോവുകയില്ലെന്ന് തീർത്തും ബോധ്യ മാകുമ്പോൾ മാത്രം അതിന് നിശ്ചയിക്കപ്പെട്ട നിബന്ധനകൾ പാലിച്ച് കൊണ്ട് ത്വലാഖ് നിർവ്വഹിക്കാം.

തന്റെ ഭാര്യയോട് : ഞാൻ നിന്നെ മൊഴി ചൊല്ലി, വേർപി രിച്ചു, വിട്ടയച്ചു എന്നിങ്ങനെയുള്ള വ്യക്തമായ പദപ്രയോഗ ങ്ങളാലോ അർത്ഥം വ്യക്തമാകുന്ന വിധത്തിലുള്ള സൂചനാ പ്രയോഗങ്ങളിലൂടെയോ വിവാഹ മോചനം ആകാവുന്നതാണ്. രേഖാമൂലം എഴുതി അറിയിക്കുകയും ചെയ്യാം. സംസാരിക്കാൻ കഴിയാത്തവന് ആംഗ്യം കാണിച്ചും കാര്യം വ്യക്തമാക്കാം. അപ്രകാരം തന്നെ അകലെയുള്ള ഭാര്യയുടെ അടുത്തേക്ക് സന്ദേശ വാഹകനെ അയച്ചും ത്വലാഖ് ചെയ്യാം.

ഭാര്യയെ ത്വലാഖ് ചെയ്താൽ ഇദ്ദ കാലം തീരുന്നതിന് മുമ്പ് അവളെ തിരിച്ചെടുക്കാൻ ഭർത്താവിന്ന് അവകാശമുണ്ട്. ഇപ്രകാരം തിരിച്ചെടുക്കാൻ അനുവദിക്കപ്പെട്ടത് രണ്ട് പ്രാവശ്യം മാത്രമാണ്. മൂന്നാം തവണയും ത്വലാഖ് ചെയ്താൽ അവളെ അവന്ന് തിരിച്ചെടുക്കൽ പാടുള്ളതല്ല. അതായത് ആദ്യം ഒരു ത്വലാഖ് ചൊല്ലുക. ശേഷം ഇദ്ദ കാലത്ത് തിരിച്ചെടുക്കുകയോ ഇദ്ദക്ക് ശേഷം പുനർ വിവാഹം ചെയ്യുകയോ ചെയ്യുക. വീണ്ടും പൊരുത്തക്കേടുണ്ടെങ്കിൽ ത്വലാഖ് ചൊല്ലുക. എന്നിട്ടും ഇദ്ദ കാലത്ത് തിരിച്ചെടുക്കുകയോ ഇദ്ദക്ക് ശേഷം പുനർ വിവാഹം ചെയ്യുകയോ ആകാവുന്നതാണ്. തുടർന്നും അവർ വിയോ ജിപ്പിലാകുമ്പോൾ വിവാഹ മോചനം ചെയ്യുക. ഇപ്രകാരം മൂന്നാം തവണ ത്വലാഖ് ചെയ്ത് കഴിഞ്ഞാൽ തുടർന്ന് അവളെ തിരിച്ചെടുക്കാനോ അവൻ തന്നെ പുനർ വിവാഹം ചെയ്യാനോ പാടില്ല. എന്നാൽ മറ്റൊരു പുരുഷൻ സ്വഭാവികമായും അവളെ വിവാഹം ചെയ്യുകയും അവൻ ന്യായമായ കാരണത്താൽ മേൽ പറഞ്ഞ പോലെ വിവാഹ ബന്ധം വിച്ഛേദിക്കുകയും ചെയ്താൽ

ആദ്യ ഭർത്താവിന് ആവശ്യമെങ്കിൽ അവളെ വീണ്ടും വിവാഹം ചെയ്യാൻ അനുവാദമുണ്ട്. (എന്നാൽ ആദ്യ ഭർത്താവിന് വിവാഹം ചെയ്യുന്നതിന് വഴിയൊരുക്കാൻ വേണ്ടി മറ്റൊരാൾ താൽക്കാലികമായി വിവാഹം ചെയ്യുകയും ശേഷം ത്വലാഖ് ചൊല്ലുകയും ചെയ്യുന്ന "ചടങ്ങുനിൽക്കൽ' സമ്പ്രദായത്തെ ഇസ്‌ലാം ശക്തമായി വിരോധിച്ചിട്ടുണ്ട്.)

ത്വലാഖ് സംബന്ധമായി ഖുർആൻ വ്യക്തമാക്കുന്നു:

الطَّلَاقُ مَرَّتَانِ ۖ فَإِمْسَاكٌ بِمَعْرُوفٍ أَوْ تَسْرِيحٌ بِإِحْسَانٍ ۗ ﴿سورة البقرة﴾

"(മടക്കി എടുക്കാൻ അനുമതിയുള്ള) വിവാഹ മോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ അല്ലെങ്കിൽ നല്ലനിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്." (അൽബഖറ:229)

فَإِن طَلَّقَهَا فَلَا تَحِلُّ لَهُ مِن بَعْدُ حَتَّىٰ تَنكِحَ زَوْجًا غَيْرَهُ ۗ فَإِن طَلَّقَهَا فَلَا جُنَاحَ عَلَيْهِمَا أَن يَتَرَاجَعَا إِن ظَنَّا أَن يُقِيمَا حُدُودَ اللَّـهِ ۗ وَتِلْكَ حُدُودُ اللَّـهِ يُبَيِّنُهَا لِقَوْمٍ يَعْلَمُونَ ﴿٢٣٠﴾ ﴿سورة البقرة﴾

"ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ അതിന് ശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമല്ല. "അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നത് വരേയ്ക്കും. എന്നിട്ട് അവൻ (പുതിയ ഭർത്താവ്) അവളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ (പഴയ ദാമ്പത്യ ജീവിതത്തിലേക്ക്) തിരിച്ച് പോകുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമ പരിധികൾ പാലിക്കാമെന്ന് അവർ ഇരുവരും വിചാരിക്കുന്നുണ്ടെങ്കിൽ" (അൽബഖറ:230)

വിശുദ്ധ ഖുർആനിന്റെ വിധിയും പ്രവാചകന്റെ നിർദ്ദേശങ്ങളും ഈ വിഷയത്തിൽ ഇങ്ങനെയാണ് വന്നിട്ടുള്ളത്. എന്നാൽ ഇന്ന് നടപ്പുള്ളതും പഴയ കാലം തൊട്ടേ മാറ്റം വന്നതുമായ ഒരു സമ്പ്രദായമാണ് ഒറ്റത്തവണയായിത്തന്നെ മൂന്ന് ത്വലാഖും ചൊല്ലുക എന്നത്. അല്ലാഹു പറഞ്ഞത് "മർറത്ത്

(തവണ) എന്നാണ്. ഇത് പ്രായോഗികമാകണമെങ്കിൽ മൂന്ന് ഘട്ടങ്ങളിലായി വിവാഹമോചനം ചെയ്തിരിക്കണം. 33 തവണ **സുബ്ഹാനല്ലാ, അൽഹംദുല്ലില്ലാ, അല്ലാഹു അക്ബർ** എന്ന് ചൊല്ലാൻ കൽപിച്ചെങ്കിൽ അങ്ങനെ എണ്ണം തികച്ച് ചൊല്ലി യാൽ മാത്രമെ അത് പൂർത്തിയാവുകയുള്ളൂ. അതിന്നെതിരായി സുബ്ഹാനല്ലാ -33, അൽഹംദുല്ലില്ലാ -33, അല്ലാഹു അക്ബർ -33 എന്ന് പറഞ്ഞാൽ അത് ഒരെണ്ണം വീതമല്ലേ ആവുന്നുള്ളൂ?

മാത്രമല്ല, ഒരാൾ തന്റെ ഭാര്യയെ ഞാൻ ഒരു മൊഴി ചൊല്ലി, രണ്ട് മൊഴി ചൊല്ലി, മൂന്ന് മൊഴി ചൊല്ലി എന്ന് ഒരേ സമയത്ത് പറയുന്ന സമ്പ്രദായം തന്നെ ബിദ്അത്താണ്. എന്നാൽ ഇപ്ര കാരം മൊഴി ചൊല്ലിയാൽ ത്വലാഖ് സംഭവിച്ചെന്നും ഇല്ലെന്നും അഭിപ്രായപ്പെട്ട പണ്ഡിതൻമാരുണ്ട്. ത്വലാഖ് സംഭവിച്ചു എന്ന് വാദിക്കുന്നവർ പോലും അവകാശപ്പെടുന്നത് അതിലൂടെ ഒരു

ത്വലാഖ് മാത്രമെ സംഭവിക്കുകയുള്ളൂ എന്നാണ്.

ചുരുക്കത്തിൽ ഖുർആനും സുന്നത്തും പഠിപ്പിക്കുന്നത്, വിവാഹ മോചനം (ത്വലാഖ്) മൂന്നു ഘട്ടങ്ങളായി നടക്കേണ്ടതാണെ ന്നാണ്. രണ്ടു തവണ ബന്ധം പുനഃസ്ഥാപിച്ച ശേഷം മൂന്നാമ തായി ത്വലാഖ് ചൊല്ലുമ്പോൾ മാത്രമേ അന്തിമമായ വിവാഹ മോചനം ആവുകയുള്ളൂ. അതിനപ്പുറം ഇന്ന് നമ്മുടെ നാട്ടിൽ നടപ്പുള്ള, ഒറ്റ ഇരിപ്പിൽ 3 ത്വലാഖും ചൊല്ലുന്ന സമ്പ്രദായം ഇസ്‌ലാമികമായി മാതൃകയില്ലാത്തതാണ്.

# മദ്ഹബ്, തഖ്‌ലീദ്

ഇസ്‌ലാമിക ലോകത്ത് വൈജ്ഞാനികമായ നിരവധി സംഭാവനകൾ നൽകിയ മഹാൻമാരാണ് മദ്ഹബിന്റെ ഇമാമുകളായി അറിയപ്പെടുന്ന ഇമാം അബൂഹനീഫ ﵀, ഇമാം മാലിക് ﵀, ഇമാം ശാഫിഈ ﵀, ഇമാം അഹ്മദ് ബ്നു ഹമ്പൽ ﵀ എന്നീ പണ്ഡിത ശ്രേഷ്ഠർ. എന്നാൽ അവരൊന്നും തങ്ങളുടെ അഭിപ്രായങ്ങളെ ഒരു മദ്ഹബായി പ്രഖ്യാപിച്ച് സമൂഹത്തെ ഏൽപിച്ച് പോയവരല്ല. മറിച്ച് പിൽകാലത്ത് തങ്ങളുടെ ചില ശിഷ്യൻമാരും അനുയായികളുമാണ് അവരുടെ പേരിൽ മദ്ഹബുകൾ ആവിഷ്കരിച്ചത്.

## മദ്ഹബീ പക്ഷപാതിത്തം കടന്ന് വന്നത് എങ്ങിനെ?

കാലം കുറെ കഴിഞ്ഞപ്പോൾ അവരുടെ അനുയായികൾ എന്നവകാശപ്പെടുന്ന ചില സ്ഥാപിത താൽപര്യക്കാർ പ്രസ്തുത മഹ്ഹബുകളെ മതത്തിന്റെ അവസാനവാക്കായി അവതരിപ്പിക്കുകയും നാല് മദ്ഹബും സത്യസമ്പൂർണമാണെന്നും പ്രസ്തുത നാലിൽ ഒരു മദ്ഹബ് പിൻപറ്റാതെ ഒരാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നും വാദിക്കാൻ തുടങ്ങി. അത് എത്രത്തോളം കാടുകയറി എന്നു ചോദിച്ചാൽ, ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനിനെയും തിരുസുന്നത്തിനെയും നിരാകരിക്കുന്നേടത്തേക്ക് പോലുമെത്തി! ഉദാഹരണമായി ഒരു മദ്ഹബീ പക്ഷപാതിയുടെ വരികൾ ശ്രദ്ധിക്കുക:

وَلَا يَجُوزُ تَقْلِيدُ مَا عَدَا الْمَذَاهِبَ الْأَرْبَعَةَ ، وَلَوْ وَافَقَ قَوْلَ الصَّحَابَةِ وَالْحَدِيثَ الصَّحِيحَ وَالْآيَةَ ، فَالْخَارِجُ عَنِ الْمَذَاهِبِ الْأَرْبَعَةِ ضَالٌّ مُضِلٌّ.

"നാല് മദ്ഹബുകളല്ലാത്തതിനെ അന്ധമായി അനുകരിക്കൽ അനുവദനീയമല്ല. അതൊരു പക്ഷെ സ്വഹാബത്തിന്റെ വാക്കിനോടും സ്വഹീഹായ ആയത്തിനോടും ഹദീസിനോടും ഒത്തുകണ്ടാലും ശരി. നാല് മദ്ഹബുകൾക്കപ്പുറം പുറത്തു പോകുന്നവർ വഴിപിഴച്ചവനും പിഴപ്പിക്കുന്നവനുമാണ്." (ഹാഷിയതു സ്വാവി അലൽ ജലാലൈൻ: 3/9)

## മദ്ഹബിന്റെ ഇമാമുകൾ തങ്ങളെ തഖ്ലീദ് ചെയ്യണമെന്ന പറഞ്ഞിട്ടുണ്ടോ?

ഒരിക്കലുമില്ല! അവരാരും തന്നെ തങ്ങൾ പറയുന്നതാണ് മതത്തിന്റെ അവസാന വാക്ക് എന്നോ, തങ്ങളെ തെളിവു നോക്കാതെ അന്ധമായി അനുകരിക്കണമെന്നോ (തഖ്ലീദ്) പറഞ്ഞിട്ടില്ല. മറിച്ച് അവർ പറഞ്ഞത്, തങ്ങൾ മതകാര്യത്തിൽ പൂർണരല്ലെന്നും തങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി നബിﷺ യുടെ സ്വഹീഹായ ഹദീസുകൾ കിട്ടിയാൽ തങ്ങളുടെ അഭിപ്രായങ്ങളെ മാറ്റിവെച്ച്. നബിﷺയുടെ വാക്കുകളിലേക്ക് മടങ്ങണമെന്നുമാണ്. ഇതിനുദാഹരണങ്ങൾ അവരുടെയും ശിഷ്യൻമാരുടെയും ഗ്രന്ഥങ്ങളിൽ എമ്പാടും കാണാം. ചില പ്രസ്താവനകൾ ശ്രദ്ധിക്കുക.

**ഒന്ന്)** ഇമാം ശാഫിഈ ﵀ പറഞ്ഞു:

"ഞാൻ വല്ലതും അഭിപ്രായപ്പെട്ടു. അല്ലെങ്കിൽ ഞാൻ വല്ല മൗലിക നിയമങ്ങളും കൊണ്ടുവന്നു. എന്നിട്ടു നിങ്ങളാരെങ്കിലും അതിന്നെതിരായി ഒരു നബി വചനം കണ്ടു. എങ്കിൽ നബിവചനമാണ് അംഗീകരിക്കേണ്ടത്." (ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 429, കെ.വി മുഹമ്മദ് മുസ്ല്യാർ)

**രണ്ട്)** ഇമാം ശാഫിഈ ﵀ തന്റെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച ശിഷ്യനായ ഇമാം മുസ്നിക്ക് നൽകിയ ഒരു വസിയ്യത്തു തന്നെ, തന്നെ തഖ്ലീദ് (അന്ധമായ അനുകരണം) ചെയ്യരുത് എന്നായിരുന്നു. (മുഖ്തസ്വർ മുസ്നി പേജ്:1)

ഇതിൽ പരം ഒരാൾക്കെന്താണ് പറയാനാവുക? അന്നത്തെ സൗകര്യവും നിലവാരവുമനുസരിച്ച് ആഴത്തിൽ അറിവു നേടിയ തന്റെ ശിഷ്യനോടു പോലും അദ്ദേഹം ഇപ്രകാരം

പറഞ്ഞുവെങ്കിൽ, പിൽകാലത്ത് അദ്ദേഹത്തിന്റെയും മറ്റുള്ളവരുടെയും പേരിൽ മദ്ഹബുണ്ടാക്കി അത് അന്ധമായി തഖ്‌ലീദ് ചെയ്യണമെന്നും അത് ചെയ്യാത്തവർ ഇസ്‌ലാമിൽ നിന്ന് പുറത്തുപോയവരാണെന്നും അവർ പിഴച്ചവരും പിഴപ്പിക്കുന്നവരാണെന്നും, വാദിക്കുന്നവർ എത്ര വലിയ അപരാധമാണ് ഇസ്‌ലാമിനോടും ആ മഹാന്മാരോടും ചെയ്യുന്നത്.

മാത്രമല്ല, അവർക്കെല്ലാം പല വിഷയങ്ങളിലും ഹദീസ് ലഭിക്കാത്തതിനാൽ അവർ, സ്ഥിരപ്പെട്ട പല ഹദീസുകളിലുള്ളതിനും എതിര് പറഞ്ഞതായും, അക്കാരണം പറഞ്ഞു കൊണ്ടു തന്നെ ശിഷ്യൻമാർ അവരെ ആ വിഷയങ്ങളിൽ കയ്യൊഴിച്ച് സുന്നത്തിലേക്ക് മടങ്ങിയതായും ശിഷ്യൻമാരുടെ ഗ്രന്ഥങ്ങളിൽ നിരവധി കാണാൻ സാധിക്കുകയും ചെയ്യും.

അപ്പോൾ, നാലു മദ്ഹബിന്റെ ഇമാമുകളും സമൂഹത്തെ പഠിപ്പിച്ചത് തങ്ങളുടെ വാക്കുകൾക്ക് വിരുദ്ധമായി നബിﷺയുടെ സുന്നത്ത് (ഹദീസ്) കണ്ടാൽ അതിലേക്ക് മടങ്ങി തങ്ങളുടെ വാക്കിനെ ഉപേക്ഷിക്കണമെന്നാണ്. കാരണം, അവർക്കൊന്നും നബിﷺയുടെ സുന്നത്ത് പൂർണ്ണമായി കിട്ടിയിട്ടില്ലെന്ന് നല്ല ബോധ്യമുണ്ടായിരുന്നു. അതിനാൽ അവരെല്ലാവരും ഏകസ്വരത്തിൽ പ്രഖ്യാപിച്ചത്: إذا صَحّ الحَديث فهُوَ مَذهبِي (ഹദീസ് സ്ഥിരപ്പെട്ടു വന്നാൽ അതാണെന്റെ മദ്ഹബ്) എന്നാണ്.

നബിﷺയുടെ സുന്നത്ത് (ഹദീസ്) പൂർണമായും കിട്ടാത്തതു കൊണ്ടാണ് അവരെല്ലാം ഇങ്ങനെ പറഞ്ഞതെന്ന് സൂചിപ്പിച്ചുവല്ലോ. അതിന് പ്രത്യേക കാരണവുമുണ്ട്. അവരൊക്കെ ജീവിച്ചത് നബിﷺയുടെ വചനങ്ങൾ (ഹദീസ്) ഇന്നത്തെപ്പോലെ ക്രോഡീകരിക്കുന്നതിന്റെ മുമ്പായിരുന്നു എന്നതാണ്.

മാത്രമല്ല, മദ്ഹബിന്റെ ഇമാമുകൾ തന്നെ, തങ്ങൾക്ക് നേരത്തെ ഉണ്ടായിരുന്ന അഭിപ്രായങ്ങൾക്കെതിരായി പിന്നീട് തെളിവുകൾ (ഹദീസുകൾ) കിട്ടിയപ്പോൾ അത് തിരുത്തുകയും ചെയ്തിട്ടുണ്ട്. അതിനവർക്ക് യാതൊരു ഭയവും മടിയുമുണ്ടായിരുന്നില്ല. ആദ്യം പറഞ്ഞതിൽ അവർ കടിച്ചു തൂങ്ങിയിരുന്നില്ല. ഇത്തരമൊരു വിശാല മനസ്സ് കാണിക്കാൻ തയ്യാറായതു കൊണ്ടാണ് ഇമാം ശാഫിഈ ﵀ക്ക് ഖദീം (പഴയത്), ജദീദ് (പുതിയത്) എന്നിങ്ങനെ രണ്ടഭിപ്രായങ്ങൾ തന്നെയുണ്ടായത്. അല്ലെങ്കി

ലും നാലും അതിലധികവും മദ്ഹബുകൾ ജൻമമെടുത്തതു തന്നെ ഒരാൾ മറ്റൊരാളെ അന്ധമായി അനുകരിക്കാത്തതു കൊണ്ടും തങ്ങൾക്കു പുതുതായി കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ മാറാൻ തയ്യാറായതു കൊണ്ടുമാണല്ലോ.

ചുരുക്കത്തിൽ ഇസ്ലാമിക പ്രമാണങ്ങളായ വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും തീരുമാനങ്ങളാണ് നാം സ്വീകരിക്കേണ്ടത്. അവയോട് യോജിക്കുന്ന തരത്തിൽ ഏത് മദ്ഹബിന്റെ ഇമാമും ശിഷ്യരും പറഞ്ഞാലും അത് നമുക്ക് സ്വീകരിക്കാം. എന്നാൽ ആ പ്രമാണങ്ങളോട് വിയോജിക്കുന്ന തരത്തിൽ അവരുടെ ഗ്രന്ഥങ്ങളിലും അഭിപ്രായങ്ങളിലും വല്ലതും കണ്ടാൽ അവരോടുള്ള എല്ലാ സ്നേഹ ബഹുമാനങ്ങളും നിലനിർത്തിക്കൊണ്ടു തന്നെ പ്രമാണങ്ങളിലേക്ക് (ഖുർആനിലേക്കും നബിﷺയുടെ സുന്നത്തിലേക്കും) മടങ്ങുകയും ചെയ്യുക. അതാണ് ഇസ്ലാമിന്റെ കൽപനയും മദ്ഹബീ ഇമാമുമാരുടെ വസ്വിയ്യത്തും.

അതു പ്രകാരം, പ്രമാണങ്ങളുടെയും സത്യത്തിന്റെയും കൂടെ നിൽക്കാനും അതിനെതിരായ ആശയങ്ങളിൽ നിന്ന് വിട്ടു നിൽക്കാനും നാഥൻ നമുക്ക് തൗഫീഖും കരുത്തും നൽകട്ടെ! (ആമീൻ)

## കുറിപ്പുകൾ